# കൈരളി

പുസ്തകം ൨൨. | ൧൧൧൮ മീനം | ലക്കം ൧൨.

കൈരളീഭാഷണം.

## നോവലിനെപ്പററി.

കാവ്യനാടകാദികൾ സംസ്കാരോല്ലീഢമതികളായ സഹൃദയന്മാൎക്ക് — സാഹിത്യരസികന്മാരിൽ പ്രഭൃസ്ഥാനീയൎക്ക് — മാത്രമേ രുചിക്കയുള്ളു. അവയ്ക്കു പുടഭേദംചെയ്തു് അവയിലെ രസമശേഷം ആസ്വദിക്കുവാൻ സമയവും സാമൎത്ഥ്യവും ഉണ്ടാകയുള്ളു. പണ്ഡിതപാമരഭേദംവിനാ എല്ലാവൎക്കും എളുപ്പത്തിൽ ആസ്വാദ്യങ്ങളായ സാഹിത്യഫലങ്ങൾ നോവലുകളും കഥകളുമാണു്. മറെറാരു വിധത്തിൽ പറഞ്ഞാൽ, സാഹിത്യത്തിൽ ജനാധിപത്യത്തിന്റെ അടിക്കല്ലുകളാകുന്നു നോവലുകളും കഥകളും. മാസികകളോ പത്രങ്ങളോ കിട്ടിയാൽ ആരും ആദ്യം തേടിപ്പിടിച്ചു് ആൎത്തിയോടുകൂടി വായിക്കുന്നതു കഥകളായിരിക്കും. ഗ്രന്ഥാലയങ്ങളിൽ നിന്നു് ഏററവുമധികം തവണ പുറത്തിറങ്ങി മടങ്ങിവന്നിട്ടുള്ള പുസ്തകങ്ങൾ ഏവയെന്നന്വേഷിച്ചാൽ നോവലുകൾ എന്നായിരിക്കും ഉത്തരം കിട്ടുക. പ്രചാരത്തിൽ കാവ്യാദികൾക്കും ആഖ്യായികാദികൾക്കും തമ്മിലുള്ള ഈ വ്യത്യാസം എല്ലാ രാജ്യത്തും കാണാം. യൂറോപ്പിലും അമേരിക്കയിലും കഥാസാഹിത്യത്തിന്റെ ബാഹുളം ചില്ലറയല്ല. കഥകൾ മാത്രം അടങ്ങിയ മാസികകൾ ആയിരക്കണക്കിനുണ്ടു്. ദിവസേന ഇറങ്ങുന്ന നോവലുകളുടെ സംഖ്യ അതിലപ്പുറമാണു്. ആളുകളെ തപാൽമാൎഗ്ഗമായി കഥയെഴുതിശ്ശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ അവിടങ്ങളിൽ വിദ്യാലയങ്ങൾ പോലെ വൎദ്ധിച്ചിട്ടുണ്ടെന്നറിഞ്ഞാൽ പൌരസ്ത്യേതരരുടെ കഥാഭ്രമം എത്രയുണ്ടെന്നു് ഊഹിക്കാമല്ലോ.

നോവലിനും കഥകൾക്കും വന്നു കാണുന്ന ഈ പ്രചാരാതിശയം കേവലം പുതുതാണോ? തീർച്ചയായും അല്ല. കഥ കേൾക്കാനുള്ള കൌതുകവും അതു പറഞ്ഞുകേൾപ്പിക്കാനുള്ള വാസനയും പണ്ടുകാലത്തെ പലൎക്കും ഉണ്ടായിരുന്നു. നമ്മുടെ രാമായണവും ഭാരതവും മററും നോക്കുക. എല്ലാം കഥാമയം. മഹാപുരാണങ്ങൾ രണ്ടും നമ്മുടെ ആദിമ നോവലുകളാണെങ്കിൽ കഥാസരിത്സാഗരാദികൾ നമ്മുടെ ആദ്യത്തെ ഖണ്ഡകഥാസമാഹാരങ്ങളാകുന്നു. അവ വായിച്ചു രസിക്കുവാൻ പണ്ടത്തെപ്പോലെ ഇന്നും ആളുകളില്ലേ? ഹോമരുടെ ഇലിയഡും ഒഡെസ്സിയും യൂറോപ്പിലെ ഒന്നാമത്തെ നോവലുകളാണെന്നു പറയാം. പാശ്ചാത്യരുടെ കഥാപാരായണസ്പൃഹയെ പൂരിപ്പിക്കുവാൻ ഇന്നും ആ വമ്പിച്ച പുരാണങ്ങൾ പൎയ്യാപ്തങ്ങളല്ലേ? സംഭവങ്ങളേയും പാത്രങ്ങളേയും മേൽക്കുമേൽ കോൎത്തു കെട്ടിയിട്ടുള്ള കഥകൾ കേൾക്കുവാനും വായിക്കുവാനും മനുഷ്യൎക്കു ദുൎദ്ദമമായ ഉത്സാഹമുണ്ടു്. ആ ഉത്സാഹത്തിന്റെ സദ്യസ്കമായ പ്രചോദനം എന്തായിരിക്കും? കഥാഘടനയൊന്നുമാത്രം. ഹോമറിന്റെ ഇലിയഡിൽനിന്നു് എ. ഹക്സിലിയുടെ നോവലുകളിലേക്കോ ഭാരതാദികളിൽ നിന്നു് സി. വി. യുടെ ആഖ്യായികകളിലേക്കോ എത്തുന്നതിനുള്ളിൽ നോവലിന്റെ ഘടന ഒട്ടൊക്കെമാറി മറിഞ്ഞിട്ടുണ്ടാകാം. മാററങ്ങൾ എന്തൊക്കെയായാലും വെറും കഥക്കുവേണ്ടി കഥ കേൾക്കുവാനുള്ള ആകാംക്ഷ ഇന്നും ബഹുജനങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. കഥാഗതി കണ്ടിട്ടുള്ള വിനോദത്തിനു പിമ്പിലേ കഥയുടെ മററു മെച്ചങ്ങൾ അവൎക്കു പ്രത്യക്ഷപ്പെടുകയുള്ളു. ഒരു വിധത്തിൽ കുട്ടികൾക്കുള്ള അനുഭവം തന്നെ. കുട്ടികൾ കഥ കേൾക്കുന്നതെന്തിനു്? വിനോദത്തിനു മാത്രം. കാലം കഴിയുംതോറും കഥയുടെ കാതലായ മററംശങ്ങൾ അവരുടെ സ്മൃതിമണ്ഡലത്തിൽ വികാസം കൊള്ളുന്നു.

കഥ പറഞ്ഞു കൂട്ടുകാരെ രസിപ്പിക്കുവാൻ ചാതുൎയ്യമുള്ളവർ നമ്മുടെയിടയിൽ പലരുണ്ടു്. അവർ ചെയ്യുന്നതെന്താണു്? അങ്ങുമിങ്ങും നിന്നു കേട്ടിട്ടുള്ള കാൎയ്യങ്ങൾ പിണച്ചുകെട്ടിപ്പറയുകമാത്രം. പക്ഷേ ഒന്നുണ്ടു്. ചില കാൎയ്യങ്ങൾ ഉപേക്ഷിക്കുവാനും ചിലതിൽ പൊടിപ്പും തൊങ്ങലും വെക്കുവാനും വേറെ ചിലതു നവമായി കൂട്ടിച്ചേൎക്കുവാനും അവൎക്കു കഴിയും. മാത്രമല്ല, ചില സന്ദൎഭങ്ങൾ കഥാപുരുഷന്മാരുടെ വാക്കിൽത്തന്നെ പറഞ്ഞു കഥയ്ക്കൊരു നാടകീയത്വം വരുത്താനും അവൎക്കു പാടവമുണ്ടു്. ഈ കൌശലങ്ങൾ തന്നെയാണു് ഒരു

നോവലെഴുത്തുകാരന്റെ ഒന്നാമത്തെ സമ്പാദ്യം. തന്റെ സങ്കല്പഭാണ്ഡത്തിൽനിന്നു വേണ്ടതുമാത്രം തിരഞ്ഞെടുത്തു് അവയെ വേണ്ട സ്ഥാനങ്ങളിൽ നിവേശിപ്പിക്കുക—അത്രയുമായാൽ അയാളുടെ ജോലിയിൽ പകുതിയുമായി. ശ്രവണനിമിഷത്തിൽ ഇതൊരു നിസ്സാരപ്പണിയായിത്തോന്നാം. ഒരു ലഘുസംഭവത്തിന്റെ ക്രമീകരണത്തിലാണെങ്കിൽ അങ്ങനെയായിക്കൂടെന്നില്ല. പക്ഷേ ലക്ഷക്കണക്കിനു വാക്കുകൾ ഉപയോഗിച്ചെഴുതിത്തീർക്കേണ്ടൊരു നോവലിന്റെ കാര്യത്തിൽ വേണ്ടതും വേണ്ടാത്തതും വിവേചനം ചെയ്തു് എല്ലാംകൂടി ഇണക്കിക്കൊള്ളിക്കുവാൻ പ്രയാസം വളരെയുണ്ടു്. ഇല്ലെന്നു ഭാവിക്കുന്നവരാണു് ഇന്നത്തെ എഴുത്തുകാരിൽ അധികവും. അവരുടെ നോവലുകൾക്കു രണ്ടോ നാലോ ആഴ്ചയിലധികം ആയുസ്സില്ലാതെ പോകുന്നതിന്റെ കാരണങ്ങളിൽ ഒന്നു് ഈ അസംപ്രേക്ഷ്യകാരിത്വമാകുന്നു. ദിങ്മാത്രമായിട്ടെങ്കിലും മുൻകൂട്ടി ഒരാസൂത്രണം കൂടാതെ ഉത്തമങ്ങളായ കലാസൃഷ്ടികൾക്കു സ്വരൂപത്തിലും സ്വഭാവത്തിലും സമഗ്രമായ സൌഷ്ഠവം ഉണ്ടായെന്നു വരില്ല.

പരന്ത്രീസ് നോവലെഴുത്തുകാരിൽ പ്രാമാണികനായ ഫ്ളാബെട്ടിന്റെ Madame Bovary എന്ന നോവൽ കുററമററ കഥാഘടനക്കു നല്ലൊരു ദൃഷ്ടാന്തമാകുന്നു. അതിലെ കാരോഘട്ടവും അനേകം മാസത്തെ ഗാഢമായ അന്ധ്യാനത്തിനുശേഷമേ അദ്ദേഹം എഴുതിയിട്ടുള്ളുവെന്നറിയുന്നു. ഒരു സത്രത്തിൽവെച്ചു് ഏതാനും പാത്രങ്ങൾ തമ്മിൽ നടക്കുന്ന സംഭാഷണവും അതുൾപ്പെട്ടുള്ള രംഗവും എഴുതി ഫലിപ്പിക്കുന്നതിനുള്ളിൽ ആ മഹാരഥൻ ഗത്യന്തരമില്ലാതെ ഒന്നോ രണ്ടോ തവണ പൊട്ടിക്കരഞ്ഞിട്ടുണ്ടത്രെ. മലയാളത്തിൽ സ്വതന്ത്രാഖ്യായികകൾ എഴുതിയവരിൽ പ്രഥമഗണനീയനാണല്ലോ സി. വി. രാമൻപിള്ള അവർകൾ. അദ്ദേഹം കഥാഘടനയെ മുൻകൂട്ടി സ്വരൂപിച്ചിരുന്നുവോ? ഇല്ലെന്നു വല്ലവരും വിരവാദം ചെയ്യുക്കാം. എന്നിരുന്നാലും അദ്ദേഹത്തിന്റെ എല്ലാ നോവലുകളും മനസ്സിരുത്തി വായിച്ചു താരതമ്യം ചെയ്യുന്നവർ ഉവ്വെന്നു പറയാൻ മടിക്കയില്ല. രാഷ്ട്രവിജയകഥ അഥവാ യുദ്ധകഥ, പ്രേമകഥ, വൈരമോചനകഥ—ഇങ്ങനെ ത്രിഗുണമായൊരു കഥാതന്തു ഏതു ഗ്രന്ഥത്തിലും ഒളിഞ്ഞുകിടക്കുന്നു. മുപ്പിരി നല്ലവണ്ണം മുറുകിയിരിക്കുന്നതിനാൽ ഇഴ ഒന്നേയുള്ളുവെന്നു് ഓടനോട്ടത്തിൽ തോന്നും—അതാണു് അദ്ദേഹത്തിന്റെ വിജയത്തിനുള്ള ലക്ഷ്യം. കഥയുടെ സൂത്രപാതം അങ്ങനെ നിർവ്വഹിച്ച സി. വി. പാത്ര

ങ്ങളെക്കുറിച്ചും ഏതാനും മുൻകരുതലുകൾ ചെയ്തിട്ടുണ്ട്. മാർത്താണ്ഡവർമ്മയിലും, രാമരാജബഹദൂരിലും ഒന്നു കണ്ണോടിക്കുക. അനന്തപത്മനാഭൻെറ പുനർജ്ജന്മമല്ലേ ത്രിവിക്രമകുമാരൻ? തിരുമുഖത്തു പിള്ളയുടെ പുതിയ പതിപ്പല്ലേ കേശവനുണ്ണിത്താൻ? പാറുക്കുട്ടിയുടെ പരിഷ്കരിച്ച അവതാരമല്ലേ സാവിത്രി? സുന്ദരയ്യൻെറ ഉടച്ചുവാർത്തപ്പോൾ ഉണ്ടായവനല്ലേ കൊടന്തയാശാൻ? ഇങ്ങനെ ഒരു നോവലിലെ എല്ലാ പാത്രങ്ങളും മറെറാരു നോവലിലെ പാത്രങ്ങളുടെ സ്ഥാനങ്ങളും വ്യാപാരങ്ങളും ഏറെറടുത്തിട്ടുള്ളതായി കാണാം. പാത്രങ്ങളുടെ നിർമ്മാണത്തിലും പ്രവേശനത്തിലും ഒരു നോവലിൽ ഏതൊരു പദ്ധതി അനുഗമ്യമായോ അതുതന്നെ മററു നോവലുകളിലും അദ്ദേഹം അനുസരിച്ചുവെന്നു സാരം. എന്നുവെച്ചിട്ട് ഓരോ പാത്രവും മറേറാരോന്നിൻെറ നിർവ്വിശേഷമായ പകർപ്പാണെന്ന് ആരും ധരിച്ചുപോകരുത്. അനുഗൃഹീതനായൊരു കവിയുടെ കല്പനാവിലാസം ഓരോ പാത്രത്തിലും ഉണ്ട്. ഓരോന്നും തികഞ്ഞ വ്യക്തിതയോടുകൂടിയതാണ്. പക്ഷേ, തന്നിർമ്മാണം പൂർവ്വസമീക്ഷണപൂർവ്വകമായിരുന്നുവെന്നു മാത്രം. ചന്തുമേനോനും തൻെറ കഥയുടെ ഗതിവിഗതികളെ ഉദ്ദേശിച്ച് ഏതാണ്ടൊരു പ്ലാൻ ഉണ്ടാക്കിയിരുന്നതായി ഊഹിക്കണം. ഗർഭസ്ഥമായിരുന്ന രണ്ടാംഭാഗം ശാരദയിൽ ഇടത്തിലമ്മൻ കോടതിയിൽവെച്ചു വിസ്തരിക്കപ്പെട്ട രംഗങ്ങൾ എഴുന്നെള്ളിക്കുന്നതോർത്ത് ഒരിക്കൽ ചന്തുമേനോൻ തന്നത്താൻ പൊട്ടിച്ചിരിച്ചതായി കേട്ടിട്ടുണ്ട്. അതു മേല്പറഞ്ഞ ഊഹത്തിന് തെളിവാകുന്നു.

'നടക്കുംപടി തെളിക്കുക' എന്നുള്ള നയം കഥാഗതിയെസംബന്ധിച്ചനുവർത്തിക്കുന്ന ധീരമതികളായ എഴുത്തുകാർ ഇല്ലെന്നില്ല. ആ സൂത്രണമൊന്നും കൂടാതെ അവർ നവനവോന്മേഷശാലിനിയായ പ്രതിഭയുടെ നിർദ്ദേശമനുസരിച്ചു സംഭവങ്ങളേയും പാത്രങ്ങളേയും അടുക്കിയടുക്കിവെച്ചു കഥയെ പൂരിപ്പിക്കാറുണ്ട്. ഇരുപതാം നൂററാണ്ടിലെ ഇംഗ്ലീഷ് നോവൽകർത്താക്കളിൽ സുപ്രധാനനായ ഡി. എച്ച്. ലോറൻസ് (D. H. Lawrence) അക്കൂട്ടത്തിൽ ഒരാളാകുന്നു. Sons and Lovers എന്ന നോവലിൻെറ ഉപോൽഘാതത്തിൽ അദ്ദേഹം പറയുന്നതു് ആ നോവലിൻെറ പരിണാമങ്ങളെസ്സംബന്ധിച്ച് അതിൻെറ ആരംഭത്തിൽ അദ്ദേഹം യാതൊന്നും ആലോചിച്ചിരുന്നില്ലെന്നാണ്. ഒരു നോവൽ ഒരു വൃക്ഷത്തെപ്പോലെ അകൃത്രിമവും അചിന്തിതപൂർവ്വവുമായി വളരുകയും ശാഖോപശാഖമായിപ്പടരുകയും തളിർക്കുകയും പൂക്കുകയും ഫലിക്കുകയും

ചെയ്യണമെന്നു അദ്ദേഹം സിദ്ധാന്തിക്കുന്നു. ഡി. എച്ച്. ലോറൻസിനെപ്പോലെയുള്ള ഉജ്വലമതികൾക്കു നോവലിനെ കടിഞ്ഞാൺകൂടാതെ നയിച്ചു പ്രാപ്യസ്ഥാനത്തെത്തിക്കുവാൻ കഴിഞ്ഞെന്നു വരും. അവൎക്കു സ്വപ്രത്യയസ്ഥൈൎയ്യം അത്രക്കുണ്ടു്. പക്ഷേ താദൃശന്മാർ എണ്ണത്തിലേറെയില്ല. മററുള്ളവൎക്കു പിടിവിട്ടുള്ള ഓടികയററം മിക്കപ്പോഴും വീഴ്ചക്കിടയാക്കും. ഡി. എച്ച്. ലോറൻസിൻെറ ആത്മവിശ്വാസം കണ്ടാഹ്ലാദിച്ചു നോവലെഴുത്താരംഭിച്ച അവിമൃശ്യകാരികളായ ചെറുപ്പക്കാർ ഇംഗ്ലണ്ടിൽ എത്രയാണെന്നോ! അവരിൽ ഒരുവനും പറയത്തക്ക വിജയം ഇതേവരെ സംപ്രാപ്തമായിട്ടില്ല.

ഹന്തമാനബ്ധിമതരത്
ദുഷ്കരം കിം മഹാത്മനാം

ദിവസത്തിൽ ഇത്ര വാക്കുകൾ എന്നു വീതിച്ചു കണക്കാക്കാവുന്നമട്ടിൽ നോവലും കഥയും മററും എഴുതി ജീവിതം കഴിച്ചുകൂട്ടിയ ആർനോൽഡ് ബെന്നററ് (Arnold Bennet) കൂടി, അദ്ദേഹത്തിൻെറ 'Old Wives Tale' എന്ന കൃതി എഴുതിത്തീൎക്കുവാൻ, ഒരു കൊല്ലത്തിലധികം കാലം ഉപയോഗിച്ചുവെങ്കിൽ സാധാരണന്മാരുടെ കാൎയ്യം പറയണമോ?

നോവലിൻെറ കങ്കാളത്തെപ്പററി ഇത്രമാത്രം. ഇനി ചൈതന്യപ്രാപ്തിക്കു് അതിൽ എന്തൊക്കെ നിറയ്ക്കണമെന്നാലോചിക്കാം. പരിചയത്തിൽനിന്നോ പരിചയോത്ഥാപിതമായ ഭാവനയിൽനിന്നോ പാത്രങ്ങളേയും ജീവിതത്തേയും ആവിഷ്കരിക്കയാണല്ലോ നോവലെഴുത്തുകാരുടെ പതിവു്. ഇക്കാലത്തു നേരിട്ടു പരിചയപ്പെടുന്ന ജീവിതത്തേയും ആളുകളേയും യഥാതഥമായി അവതരിപ്പിക്കുകയാണു നോവൽപ്രണേതാക്കൾ ചെയ്യേണ്ടതെന്നു പലരും വാദിക്കുന്നില്ലെന്നില്ല. ആ വിഷയത്തിൽ വില്യം ഹസ്‌ലിററ് (Hazlitt) എന്ന നിരൂപകൻെറ വാക്കുകൾ പ്രത്യേകം അവധാതവ്യങ്ങളായിരിക്കുന്നു:—

"നോവലുകളിലും കഥകളിലും കല്പനാവിലാസം ധാരാളമുണ്ടെങ്കിലും അവ കല്പനാമാത്രഫലങ്ങളായിരിക്കണമെന്നു നിൎബ്ബന്ധമൊന്നുമില്ല. കഥകളെല്ലാം മിഥ്യാമയങ്ങളാകുന്നതെങ്ങനെ? നമ്മുടെ ശ്രേഷ്ഠങ്ങളായ ആഖ്യായികകളിലെ ഇതിവൃത്തങ്ങളും പാത്രങ്ങളും ഏറെക്കുറെ അനുഭവസമുച്ചയത്തിൽനിന്നുദ്ധരിക്കപ്പെട്ടവയല്ലേ? മനുഷ്യസമുദായത്തെ അപഹസിക്കുകയോ അഭിനന്ദിക്കുകയോ ചെയ്യുന്ന ഏതാനും നിഴലാട്ടങ്ങളും വിളയാട്ടങ്ങളും ഇടകലൎന്നുള്ള വെറും അഭിന

യജാലമോ മായാദീപവിലാസമോ അല്ല നോവലിന്റെ ഉള്ളടക്കം. ഒന്നാന്തരമൊരു പ്രകൃതിപ്രതിലേഖം—എന്നുവെച്ചാൽ ഉള്ളതിനെ ഉള്ളമാതിരിയല്ല, നേരേമറിച്ചു കവികല്പനാഭാസിതമായ മട്ടിൽ കാണിക്കുന്നൊരു പ്രകൃതിപ്രതിരൂപം—ആണ് അതുതന്നു തീർത്തുപറയാം—" ഒടുവിലെ വാക്യമാണ് ഈ ഖണ്ഡികയുടെ ജീവൻ. നോവലെഴുത്തുകാരൻ സ്വപരിചയമഞ്ജൂഷയിൽനിന്നു വേണ്ടതെല്ലാം തിരഞ്ഞെടുത്തതിനുശേഷം അവയെ യഥാതഥമായിട്ടെന്നതിനുപകരം സങ്കല്പഭാസുരമായിട്ടു സംഘടിപ്പിക്കണമെന്നാകുന്നു ഹസ്ലിററിന്റെ അഭിപ്രായം. ഹസ്ലിററ് വീണ്ടും പറയുന്നു:—"വെറും സംഭവം നോവലായിത്തീരുകില്ല. അതിന്റെ സകലാംശങ്ങളെയും യഥോചിതം ഘടിപ്പിച്ച് അസംഗതമല്ലാത്തവയും സാധ്യസാധകങ്ങളുമായ അംശങ്ങൾ കൂട്ടിക്കലർത്തി ശോഭനമായൊരു ചിത്രമാക്കിത്തീർക്കുവാൻ കെൽപുള്ള കല്പനാശക്തി കൂടിയേകഴിയൂ." കല്പിതാംശങ്ങളുടെയും അനുഭവങ്ങളുടേയും ചേരുമാനത്തിൽ തോതു നിർണ്ണയിക്കുവാൻ നിരൂപകനധികാരമില്ല. അതു ഔചിത്യവിചാരവിചക്ഷണനായ കവിയുടെ മാത്രം ജോലിയാകുന്നു. ഒന്നോ പത്തോ നോവലിൽ ഒതുക്കേണ്ട കാര്യങ്ങൾ പരിചയത്തിൽനിന്നു നമ്മിൽ പലക്കും കിട്ടിയിരിക്കാം. പക്ഷേ അവയെ യഥാസ്ഥാനം വിനിവേശിപ്പിച്ചു കാവ്യസൃഷ്ടി ചെയ്യുവാൻ ടോൾസ്റ്റോയിയോ, ഷേക്സ്പീയരോ, ഹാർഡിയോ, കാളിദാസനോ വേണമെന്നേയുള്ളു

കല്പിതമാകട്ടെ, യഥാർത്ഥമാകട്ടെ, ഏതു പാത്രത്തിന്റേയും ഹൃദയത്തിൽ ആത്മാർപ്പണം ചെയ്യുവാൻ തികഞ്ഞൊരു നോവൽകർത്താവിനു കഴിയണം. എന്നാൽ മാത്രമേ പാത്രങ്ങൾക്കു സ്വാഭാവികത്വവും ചൈതന്യവും ഉണ്ടാകൂ. "എനിക്കു സ്വന്തമായി ഒരു സ്വഭാവമില്ല; വാക്കുമില്ല. എങ്ങനെ ഉണ്ടാകാനാണ്? ഓരോ നിമിഷത്തിൽ ഓരോ പാത്രത്തിലും അന്തർല്ലയിച്ചു തദാത്മകമായി വിചാരിക്കയും സംസാരിക്കയും വിചേഷ്ടിക്കയും ചെയ്യുന്ന ഒരു കവിക്കുണ്ടോ സ്വന്തം സ്വഭാവവും വാക്കും മററും?" ഇങ്ങനെ കീററ്സ് ഒരിക്കൽ ചോദിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ട്. നോവലെഴുത്തുകാരെ സംബന്ധിച്ചേടത്തോളം വളരെ അർത്ഥവത്തായ ഒന്നാണ് ആ ചോദ്യം. ആഖ്യായികാകാരൻ എത്ര കേമനായിരിക്കുന്നുവോ അത്രത്തോളം അദ്ദേഹത്തിനു സ്വപാത്രങ്ങളോടു സംപൃക്തനായിരിപ്പാൻ കഴിയും. ആ അപൃഥക്കരണത്തിന്റെ തോതനുസരിച്ചിരിക്കും പാത്രങ്ങളുടെ സജീവത്വവും സ്വാഭാവികത്വവും. വിദഗ്ദ്ധനായൊരു നടൻ പാത്രങ്ങളുമായി

ആത്മനാ ഏകീഭവിച്ച് ഓരോ ഘട്ടവും അഭിനയിക്കുമ്പോഴല്ലേ തന്മയത്വവിസ്മിതരായ പ്രേക്ഷകന്മാർ 'ബലേഭേഷ്' വെച്ചു കയ്യടിക്കുക? നടൻ ഭാഷണവും അംഗവിക്ഷേപാദികളുംകൊണ്ടെന്നപോലെ എഴുത്തുകാരൻ തൂലികാവ്യാപാരംകൊണ്ടു പാത്രസ്വഭാവാവിഷ്കരണം സാധിക്കണം. പാത്രങ്ങളെ അഭിമുഖമായി നയിക്കുക അഥവാ അഭിനയിക്കുക—അതത്രെ ഇരുപേരുടേയും ധർമ്മം. നോവലെഴുത്തുകാർ മനോവിജ്ഞാനീയത്തിന്റെ മറുകരകണ്ടവരായിരിക്കണമെന്നു പുതിയ സമ്പ്രദായത്തിൽ കുറേ വിദ്വാന്മാർ ഘോഷിക്കുന്നതിന്റെ വാച്യവും ലക്ഷ്യവും വ്യംഗ്യവുമെല്ലാം ഇപ്പറഞ്ഞതിൽ അടങ്ങിയിട്ടുണ്ട്. ഒരു പാത്രത്തെ ഇന്ന മനുഷ്യന്റെ പ്രതിരൂപമാക്കണമെന്നുദ്ദേശിച്ചാൽ എഴുത്തുകാരൻ തദനുരോധമായി വേണം ആ പാത്രത്തിന്റെ ഓരോ ദശയും—അല്ല, ഓരോ വ്യാപാരവും—ചിത്രണം ചെയ്യുവാൻ. ചന്തുമേനോന്റെ സൂരിയും വൈത്തിയും കണക്കിൽ കവിഞ്ഞ് ഉപഹാസ്യരായില്ലേ എന്നു തോന്നാം. എങ്കിലും അവരുടെ സതീർത്ഥ്യന്മാർ നമ്മുടെ നാട്ടുകളിൽ പലരുണ്ടായിരുന്നുവെന്നു സമ്മതിക്കണം. സി. വി. യുടെ സുഭദ്ര സ്ത്രീരൂപത്തിൽ പകർന്നുവെച്ച പൌരുഷക്കാതലാണെന്നും അവളെപ്പോലെയുള്ള സ്ത്രീകൾ കേരളത്തിൽ അധികമില്ലെന്നും പറഞ്ഞേ തീരൂ. പക്ഷേ അവളുടെ വിചാരങ്ങളും വിചേഷ്ടിതങ്ങളും അസംഗതങ്ങളും അസ്വാഭാവികങ്ങളും ആണെന്നു പറഞ്ഞുകൂടാ. താക്കറേയുടെ ബെക്കിഷാപ്പിനെ(Becky Sharp) സ്മരിക്കുക. അവളുടെ പെരുമാററം വിസ്മാപകമായിരിക്കുന്നു. എങ്കിലും സൂക്ഷ്മമായാലോചിച്ചാൽ അവളുടെ യാതൊരു പ്രവൃത്തിയും ലോകാചാരവിരുദ്ധമല്ലെന്നു ബോധ്യമാകുന്നുണ്ട്. ഹാർഡിയുടെ ടെസ് (Tess) ഒരിടത്തും കാണാത്തവണ്ണം ഉത്തരോത്തരം ശോകവ്യാകുലിതയായി ദുരന്തമടയുന്ന കാഴ്ച എത്രയോ മർമ്മഭേദകമായിരിക്കുന്നു. അവൾക്കുപമാനമായി അവൾ മാത്രമേയുള്ളു. എങ്കിലും അവളുടെ കർമ്മപരമ്പരയിൽ ഒന്നെങ്കിലും വിപ്രതിപന്നമായിത്തോന്നുന്നില്ല. ടർജിനീവിന്റെ ബസറോവ്, ഡോസ്റ്റവസ്കിയുടെ റസ്കോൾനിക്കോഫ്, എന്നിങ്ങനെ ദിഗന്തവിശ്രുതങ്ങളായ സൃഷ്ടികളിൽ ഓരോന്നിനെക്കുറിച്ചും ഇങ്ങനെ പറയാം.

പാത്രങ്ങളിലെന്നപോലെ സംഭവങ്ങളിലും കവി ആത്മനിവേശം ചെയ്യേ കഴിയൂ. എല്ലാ സംഭവങ്ങളും സ്വന്തം അനുഭവത്തിൽനിന്നു പകർത്തിവെക്കുവാൻ ഒരാൾക്കു കഴിഞ്ഞെന്നുവരില്ല. ടോൾസ്റ്റോയിക്കു യുദ്ധത്തിലെ യാതനകളും കോൺറാഡിനു കടൽക്കഥകളും ചന്തു

മേനോൻെറ നാട്ടുംപുറത്തെ നായർസമുദായകാൎയ്യങ്ങളും സ്വന്തം പരിചയത്തിൽനിന്നുതന്നെ എടുത്തെഴുതാൻ കഴിഞ്ഞിരിക്കാം. എന്നാൽ മനുഷ്യത്വത്തിൻെറ അധിത്യകയിലും ഉപത്യകയിലും ഒപ്പം സൈ്വരവിഹാരം ചെയ്ത വിജയവിഭൂഷിതനായ ഷേക്സ്പീയൎക്കു് അനുഭവം മാത്രമാണോ ആധാരം? എന്തിനകലെപ്പോകുന്നു? മാണിക്യഗൌണ്ഡാദികളുടെ കൃത്യാകൃത്യങ്ങൾ സഹൃദയസമ്മതമാംവണ്ണം വൎണ്ണിക്കുന്നതിനു് അനുഭവമായിരുന്നിരിക്കുമോ സി. വി. ക്കു് അവലംബം? സമുജ്ജ്വലസങ്കല്പനായൊരു കവിക്കു് കണ്ടതും കാണാത്തതും ഒരേമട്ടിൽ തന്മയീഭാവത്തോടെ വൎണ്ണിക്കാൻ സാധിക്കുമെന്നു വേണം വിചാരിക്കാൻ. എന്തിലും ആത്മൈക്യം വരുത്തുവാൻ അയാൾക്കു കഴിയണമെന്നേയുള്ളു. ഈ സന്ദൎഭത്തിൽ ഒരു സംഭവം ഓർമ്മയിൽ വരുന്നു. മിസ്റ്റർ ആർനോൾഡു് ബെന്നററ് Old wives' Tale എന്ന നോവലിൽ പരസ്യമായൊരു വധശിക്ഷ വൎണ്ണിച്ചിട്ടുണ്ടു്. ഏതോ മാസികയിൽ കണ്ടുപോയ ഒരു റിപ്പോർട്ടിനെ ആസ്പദമാക്കിയാണു് അദ്ദേഹം ആ ഭാഗം എഴുതിയതു്. മി. ഫ്രാങ്ക് ഹാരിസ്സ് ആ ഗ്രന്ഥം നിരൂപിച്ചകൂട്ടത്തിൽ ആ ഭാഗം, പരസ്യമായ വധശിക്ഷാപ്പ്രണം കാണാത്തൊരാൾ എഴുതിയതുപോലിരിക്കുന്നുവെന്നു പറഞ്ഞു്, ആ സംഭവം തിരിച്ചെടുത്തു വൎണ്ണിച്ചു് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. ആർനോൾഡു് അത്ഭുതപ്പെട്ടു. തൻേറതിനേക്കാൾ പതിന്മടങ്ങു ഹൃദയാവൎജ്ജകമായിട്ടുണ്ടു് ഹാരിസ്സിൻെറ വൎണ്ണനയെന്നു് അദ്ദേഹം ഏററുപറഞ്ഞു. സംഭവം കാണാഞ്ഞതായിരിക്കാം തനിക്കു പററിയ പിശകിനു ഹേതുവെന്നു് ആർനോൾഡു് സൂചിപ്പിച്ചപ്പോൾ 'Neither have I.' എന്നായിരുന്നു ഹാരിസ്സിൻെറ മറുവടി. ആർനോൾഡിൻെറ വിസ്മയത്തിനു് അതിരില്ലാതായി. സങ്കല്പബലേന സംഭവത്തിൽ സ്വയം സന്നിവേശിപ്പിക്കുവാൻ തനിക്കു പാടവം പോരെന്നു് അദ്ദേഹം മനസ്സിലാക്കി. ഏതെങ്കിലുമൊരെഴുത്തുകാരൻ അത്യന്തം സഹൃദയപ്രത്യായകമായി വല്ലതും വൎണ്ണിച്ചു കഴിഞ്ഞാൽ ഉടനെ അതു തജ്ജീവിതജ്ഞാപകമാണെന്നു വിജല്പനം ചെയ്യുന്നവർ ഇക്കഥ ഓൎത്തിരിക്കുന്നതു കൊള്ളാം.

പാത്രങ്ങളിൽ കവി ലയിക്കുന്നതിനു പകരം കവിയിൽ പാത്രങ്ങൾ തിരോഹിതങ്ങളാകുന്ന ഒരു പതിവുണ്ടു്. അങ്ങനെ വരുമ്പോൾ പാത്രങ്ങൾ കവിയുടെ പൎയ്യായങ്ങൾ മാത്രമായിരിക്കും. കവിയുടെ അനുഭവങ്ങളും അഭിപ്രായങ്ങളും പ്രഖ്യാപനം ചെയ്യുന്നതായിരിക്കും അവയുടെ ജോലി. ചിലപ്പോൾ ചില പാത്രങ്ങൾ ഏതാനും ആശയങ്ങളുടെ പ്രതി

ബിംബങ്ങളായിരിക്കും. ആ വക സൃഷ്ടികളുടെ മാനുഷതയെക്കുറിച്ചു് ആലോചിക്കേണ്ടതില്ല. ഇംഗ്ലീഷിൽ എച്ച്. ജി. വെൽസും എ. ഹക്സിലിയും അത്തരം പാത്രങ്ങളെക്കൊണ്ടു് കൈകാര്യം ചെയ്യുന്നവരാകുന്നു. 'Men like Gods' 'Brave New World' എന്നീ നോവലുകൾ അവരുടെ നൂതനനിബന്ധനങ്ങളിൽ പേർപെററവയാണു്.

നോവലിൽ അധികരിക്കാവുന്ന വിഷയങ്ങളെപ്പററിക്കൂടി അല്പം പറഞ്ഞു് ഈ വ്യവഹാരം അവസാനിപ്പിക്കാം. ഈയിടെ പാശ്ചാത്യഭാഷകളിൽ ഇറങ്ങിയിട്ടുള്ള നോവലുകൾ പരിശോധിക്കുകയാണെങ്കിൽ പ്രതിപാദനാനർഹമായി യാതൊരു സംഗതിയുമില്ലെന്നു കാണാം. ഏതിന്റേയും സ്വീകാര്യത തീർച്ചയാക്കേണ്ടതു കവിയാണു്. അക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഔചിത്യബോധംതന്നെ പരമമായ മാനദണ്ഡം. കലാസാമ്രാജ്യത്തിനു പുറമേ നടക്കുന്ന പ്രക്ഷോഭങ്ങൾക്കു് അദ്ദേഹത്തെ പ്രചോദനം ചെയ്യാനല്ലാതെ അടക്കിഭരിക്കുവാൻ അധികാരമില്ല. ഈ സ്വാതന്ത്ര്യത്തോടുകൂടി യൂറോപ്പിൽ നോവലെഴുത്തുകാർ പ്രതിപാദിച്ചു കൂട്ടുന്ന വിഷയങ്ങൾ ഒട്ടേറെയുണ്ടു്. നമ്മുടെ നോവലെഴുത്തുകാൎക്കു് ഒരേ ഒരു വിഷയമേ ഉള്ളൂ—സംഭോഗപൎയ്യന്തമായ പ്രേമം. അതും ഒരേ സമ്പ്രദായത്തിൽ പ്രതിപാദിക്കുവാനേ അവൎക്കു കഴിയൂ. ചന്തുമേനോന്റേയും സി. വി. യുടേയും കാലടിപ്പാടുകൾ അനുഗമിച്ചവർ വളരെയുണ്ടു്. പക്ഷേ വിജയം പ്രാപിച്ചവർ ഒന്നോ രണ്ടോ മാത്രം. ഇപ്പോൾ പാവങ്ങളുടെ ഉദ്ധാരണമായിട്ടുണ്ടു പലരുടേയും പ്രതിപാദ്യം. ദീനാനുകമ്പ ജനിപ്പിക്കുമാറു് കാവ്യങ്ങൾ രചിക്കുന്നതു ഉചിതംതന്നെ. ഇക്കാലത്തു അതു് വളരെ ആവശ്യമായിരിക്കുന്നു. പക്ഷേ കലയുടെ മീതെ രാഷ്ട്രത്തേയും മററും തള്ളിയിട്ടു് അതിനെ ഞെരിച്ചുകളയുന്നവരാണു് അധികവുമെന്നു വ്യസനപൂൎവ്വം പറയേണ്ടിയിരിക്കുന്നു.

കൈരളീദാസൻ.

# വാസുണ്ണിമൂസ്സ്.

കാലം ഏകദേശം മുപ്പതുകൊല്ലം കഴിഞ്ഞു. ഞാൻ അന്നു പുന്നശ്ശേരി ശ്രീനീലകണ്ഠഗുരുപാദരുടെ സന്നിധിയിൽ ഒരു വിദ്യാർത്ഥിയായിരുന്നു. ഗുരുനാഥൻ പ്രാതഃസ്നാനവും തേവാരവും ദേവീദൎശനവും കഴിഞ്ഞു വിജ്ഞാനചിന്താമണിമുദ്രാലയത്തിൽ വന്നു പതിവായിട്ടുള്ള പഞ്ചാംഗഗണിതത്തിൽ വ്യാപൃതനായിരിക്കുന്നു. അതു കഴിഞ്ഞാൽ ഭക്ഷണത്തിന്നു മുമ്പേ കാവ്യം പഠിക്കുന്ന ശിഷ്യന്മാരെ കുറച്ചുനേരം പഠിപ്പിക്കുക പതിവുണ്ടു്. അതിനുള്ള സമയവും നോക്കി ഞങ്ങൾ ഏഴെട്ടു ശിഷ്യന്മാർ പുസ്തകവും കയ്യിലെടുത്തു ചിന്താമണിമന്ദിരത്തിന്റെ ദ്വാരപ്രദേശത്തു സ്ഥിതിചെയ്യുന്നു. ഈ അവസരത്തിൽ, തീവണ്ടിയിറങ്ങി ബദ്ധപ്പെട്ടു നടന്നു വിയൎത്തൊലിച്ച ഒരു പുരുഷൻ അവിടെ ആഗതനായി. പ്രായം മദ്ധ്യവയസ്സിനോടടുത്തിരിക്കുന്നു. ഉയരം ഒരൊത്തമനുഷ്യന്റെ മുക്കാലംശമേ ഉള്ളു. ഇരുനിറം. വിശാലമായ നെററിയും ഉജ്ജ്വലങ്ങളായ നേത്രങ്ങളും കണ്ടാൽ "കണ്ടതല്ല കോളെ"ന്നു് നിഷ്പ്രയാസം ഊഹിക്കാം. ഈ നവാതിഥി ഗുരുനാഥന്റെ മുമ്പിൽ വന്ന ഉടനെ ഗുരുനാഥൻ പ്രത്യുത്ഥാനം ചെയ്തു് "അല്ല, വാസ്സുണ്ണിമൂസ്സോ? എവിടെ നിന്നാണു വരുന്നതു്? ഇരിക്കു" എന്നു ബഹുമാനപൂൎവ്വം സ്വാഗതം പറഞ്ഞു. സുഹൃൽസമാഗമത്താൽ സുപ്രസന്നനായിത്തീൎന്ന ഗുരുനാഥൻ "ഇന്നു ശിഷ്ടാനദ്ധ്യായമാണു്. നിങ്ങളൊക്കെ പഠിച്ചതു വായിച്ചുകൊൾവിൻ" എന്നു് ഞങ്ങളോടു നിയോഗിച്ചു തന്റെ സ്നേഹിതനോടും കൂടെ ഇല്ലത്തേയ്ക്കു പോകയും ചെയ്തു.

ഗുരുനാഥന്റെ സ്നേഹിതനായ ആ വാസുണ്ണിമൂസ്സു വെട്ടത്തുനാട്ടിൽ കുററൂർ ദേശത്തു നമ്പനാത്തു് എന്നുകൂടി പേരുള്ള വെള്ളാനശ്ശേരി ഇല്ലത്തു വാസുദേവൻമൂസ്സായിരുന്നു, വാസുണ്ണിമൂസ്സ് എന്നപേരിലാണു് അദ്ദേഹത്തെ ആളുകൾ അറിഞ്ഞിരുന്നതു്. സംസ്കൃതസാഹിത്യത്തിൽ കറകളഞ്ഞ വ്യുൽപത്തിയും തൎക്കശാസ്ത്രത്തിൽ വിശേഷാൽ പാണ്ഡിത്യവും സമ്പാദിച്ചിരുന്ന അദ്ദേഹം സംസ്കൃതത്തിലും മലയാളത്തിലും പ്രസന്നകോമളങ്ങളായ പല കവിതകൾ നിൎമ്മിച്ചിട്ടുള്ള ഒരു സരസകവിയാണു്. സരസകവിയായ ഇരുവനാട്ടു കെ. സി. നാരായണൻനമ്പ്യാർ കേരളീയകവികളെ കൈരളീമഹിളയുടെ ഓരോ ആഭരണമായികല്പിച്ചിട്ടുള്ള കൂട്ടത്തിൽ "സരസനാം വാസുണ്ണിനാസാ

മണി" എന്നു പറഞ്ഞിട്ടുണ്ട്. സംസ്കൃതസാഹിത്യത്തിലും ഭാഷാസാഹിത്യത്തിലും സുപ്രസിദ്ധന്മാരായ അനേകം കവികളുടെ ജന്മഭൂമിയായ വെട്ടത്തുനാടിന്റെ സാഹിത്യചരിത്രത്തിൽ വാസുണ്ണിമൂസ്സിന്റെ പേർ കൂടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം അർഹിക്കുന്നുണ്ട്. ഗുരുനാഥൻ നടത്തിവന്നിരുന്ന 'വിജ്ഞാനചിന്താമണി' എന്ന സംസ്കൃതപത്രത്തിന്റെയും 'സാഹിത്യരത്നാവലി' എന്ന സംസ്കൃതഗ്രന്ഥാവലിയുടേയും ആരംഭത്തിലും പ്രവൎത്തനത്തിലും അവിടെക്കൊരു കൂട്ടുകാരനായിരുന്നു വാസുണ്ണിമൂസ്സ്. വിദ്വാൻ മാനവിക്രമഏട്ടൻതമ്പുരാൻ എന്നു വിഖ്യാതനായിരുന്ന സാമൂതിരിപ്പാട്ടുതമ്പുരാൻ തിരുമനസ്സിലെ ആസ്ഥാനസഭയിൽ ഗുരുനാഥനെപ്പോലെ ഇദ്ദേഹവും ഒരു പ്രധാനകവിയായിരുന്നു. പല സന്ദൎഭങ്ങളിലായി പല വിഷയങ്ങളെക്കുറിച്ചു സംസ്കൃതത്തിലും മലയാളത്തിലും പല ഖണ്ഡകൃതികളും ഇദ്ദേഹം നിർമ്മിച്ചിട്ടുണ്ട്. അവയിൽ വെച്ചു "ഓണവൃത്തം" മുതലായ ചില കൃതികൾ പരക്കെയുള്ള മലയാളികളുടെ ബഹുമാനത്തിന്നു പാത്രീഭവിച്ചവയാണ്. വിദ്വാൻ മാനവിക്രമസാമൂതിരിമഹാരാജാവിനെ വിഷയമാക്കി ഒരു സംസ്കൃതമഹാകാവ്യം പ്രസ്തുതകവി എഴുതിയിരുന്നു. രഘുവംശത്തിന്റെ രീതിയിൽ സാമൂതിരിരാജവംശത്തിലെ അനേകം രാജാക്കന്മാരുടെ ചരിത്രം സാമാന്യമായും വിദ്വാൻ സാമൂതിരിപ്പാട്ടിലെ ചരിത്രം വിശേഷമായും വൎണ്ണിക്കുന്ന ആ മഹാകാവ്യത്തിന്നു ശൈലാബ്ധീശവംശം എന്നോ ശ്രീമാനവിക്രമവിജയം എന്നോ ആണു നാമകരണം ചെയ്തിരുന്നതു.

വാസുണ്ണിമൂസ്സിന്റെ ചരിത്രത്തിൽ ഒരു സംഗതി സവിശേഷം പ്രസ്താവയോഗ്യമായിട്ടുണ്ട്. അദ്ദേഹം കേവലം ബാഹ്യമായ പ്രേരണയുടെ ഫലമായി പഠിച്ചു പാണ്ഡിത്യം നേടിയ ഒരാളാണ്. പ്രകൃത്യാ വാസനക്കാരനായ അദ്ദേഹം ചെറുപ്പകാലത്തു പറയത്തക്ക പഠിപ്പൊന്നുംകൂടാതെ ഒരു കഥകളിയോഗത്തിൽ സ്ത്രീവേഷം അഭിനയിച്ചു നടക്കുകയായിരുന്നു. വാസുണ്ണിമൂസ്സിന്റെ സ്ത്രീവേഷം അക്കാലത്തെ കഥകളിനടന്മാരുടെ ഇടയിൽ പ്രസിദ്ധമായിരുന്നു. അന്നൊരു ദിവസം തൃപ്പങ്ങോട്ടു കിഴക്കേ പുല്ലൂറ്റ് ഒരരങ്ങു കളിയുണ്ടായിരുന്നതിൽ ഇദ്ദേഹവും സംബന്ധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ രസാഭിനയപാടവം കണ്ടു വിസ്മിതനായ കിഴക്കെപുല്ലൂറ്റു ശങ്കൻമൂസ്സതു് (എന്റെ ഗുരുനാഥന്റെ ഗുരുനാഥൻ) ഒരു ശ്ലോകം നിർമ്മിക്കുകയുണ്ടായി.

"ദ്വിത്രാംഗുലപരിണാഹ ജിഹ്വാചലനഭീരവഃ
സൎവ്വേ ഗൈരപ്യഹോ യത്നം മൂഢഃ കേചന കുൎവ്വതേ"

എന്ന ആ ശ്ലോകം സഹജമായ വാസനയാൽ അനുഗൃഹീതനായ വാസുണ്ണിമൂസ്സ് തൻെറ ജീവിതത്തെ കഥകളിവേഷം അഭിനയിച്ചു പാഴാക്കികളയുന്നതിനെ ഉള്ളിൽ വെച്ചുംകൊണ്ടുള്ളതായിരുന്നു. രണ്ടു മൂന്നു വിരൽ മാത്രം വലുപ്പമുള്ള നാവ് അനക്കുവാൻ ഭയപ്പെട്ട സർവ്വാംഗങ്ങളും ഇളക്കികൊണ്ട് അരങ്ങത്തു ചാടികളിക്കുന്നതു മുഴുത്ത മൂഢതയാണ് എന്നാണ് ഈ ശ്ലോകത്തിൻെറ സാരം. ഈ ശ്ലോകം കേട്ടതോടുകൂടി വാസുണ്ണിമൂസ്സിൻെറ ജീവിതാദശം ആകപ്പാടെ ഒന്നു മാറി. കീഴക്കെ പുല്ലത്തെ അന്നത്തെ കളി അദ്ദേഹത്തിൻെറ പെട്ടിവെച്ച കളിയായിരുന്നു. പിറേറ ദിവസം തന്നെ വിദ്വാൻ കോടിരി നമ്പൂതിരിയുടെ അടുക്കൽ പോയി അദ്ദേഹം സംസ്കൃതം പഠിക്കുവാൻ തുടങ്ങി. കുറച്ചു കാലത്തെ പാഠംകൊണ്ടു കാവ്യനാടകാലങ്കാരാദികളിൽ നിപുണനായിത്തീൎന്നു. പിന്നെ കുറേക്കാലം തൎക്കശാസ്ത്രവും വ്യാകരണാദിശാസ്ത്രങ്ങളും അഭ്യസിക്കുകയും അതോടുകൂടി തികഞ്ഞ വൈദുഷ്യം സമ്പാദിക്കുകയും ചെയ്തു. കോടീരിനമ്പൂതിരിക്കു വാസുണ്ണിമൂസ്സിനെ വലിയ ഇഷ്ടമായിരുന്നു. അദ്ദേഹത്തിൻെറ സംസ്കൃതകവിത നമ്പൂതിരിക്കു തുലോം അഭിമതവുമായിരുന്നു. അന്നൊരിക്കൽ സാക്ഷാൽ വിദ്വാൻ കൈക്കുളങ്ങരെ രാമവാരിയർ കോടീരിയില്ലത്തു ചെല്ലുകയുണ്ടായി. രാമവാരിയർ എവിടെപ്പോകുമ്പോഴും പിന്നാലെ ഒരു ബാലനെക്കൂടി കൊണ്ടുപോവുകപതിവായിരുന്നു. ശിഷ്യസമേതനായി വന്ന രാമവാരിയരെക്കുറിച്ചു വാസുണ്ണിമൂസ്സ്

"കുൎവ്വൻശാഖാസു സഞ്ചാരം ജനയൻദ്വിജസാദ്ധ്വസം
പശ്ചാൽ കലിതബാലോയമാഗതോ രാമവാനരഃ"

എന്നൊരുശ്ലോകമുണ്ടാക്കി. മരങ്ങളുടെ ഒരു കൊമ്പത്തു നിന്നു മറുകൊമ്പത്തേയ്ക്കു ചാടുകയും പക്ഷികൾക്കു ഭയം ജനിപ്പിക്കുകയും ചെയ്യുന്നവനും പിൻഭാഗത്ത് ഒരു വാലുള്ളവനും ആയ വാനരനായിട്ടാണ വാരിയരെ ഇതിൽ നിബന്ധിച്ചിട്ടുള്ളത്. ശാഖാ—ദ്വിജ—ബാലശബ്ദങ്ങളുടെ ശ്ലേഷംകൊണ്ടാണ് ഈ അൎത്ഥം സാധിച്ചിട്ടുള്ളത്. ശാഖകളെന്നാൽ വേദശാഖകളെന്നും കൊമ്പുകളെന്നും ദ്വിജന്മാരെന്നാൽ ബ്രാഹ്മണരെന്നും പക്ഷികളെന്നും, ബാലശബ്ദത്തിന്നു കുട്ടിയെന്നും വാലെന്നും അൎത്ഥമുണ്ടല്ലോ. പണ്ഡിതവൎയ്യനായ രാമവാരിയർ വേദശാഖകളിൽക്കൂടി പരിചയിച്ചു പെരുമാറിയിരുന്ന ഒരാളാകയാൽ ബ്രാഹ്മണൎക്ക് അദ്ദേഹത്തെ വലിയ ഭയമായിരുന്നു എന്നു പ്രസിദ്ധമാണ്. ഈ ശ്ലോകം

കേട്ടപ്പോൾ രാമവാരിയർ രസം സഹിക്കാതെ ചിരിക്കുകയും ശ്ലോകകർത്താവിനെ പ്രശംസിക്കുകയും ചെയ്തുവത്രെ.

വാസുണ്ണിമൂസ്സ് പാണ്ഡിത്യത്തിലും കവിതയിലും പ്രഖ്യാതനായി സ്വഗൃഹത്തിൽ പാർത്തിരുന്ന കാലത്തു മഹാകവി വള്ളത്തോളിനു ചെറുപ്പമായിരുന്നു. വള്ളത്തോളിൻെറ സാഹിത്യപരിജ്ഞാനവും കവനകലാപരിചയവും വാസുണ്ണിമൂസ്സിന്നു് ബഹുമതമായിരുന്നു. വാസുണ്ണിമൂസ്സിൻെറയും വള്ളത്തോളിൻേറയും ഗൃഹങ്ങൾക്കു തമ്മിൽ നാലു നാഴികയിലധികം അകലമില്ലാതിരുന്നതുകൊണ്ടു് അവക്കു് ഇടക്കിടക്കു കാണുവാനും അടുത്തു പരിചയിപ്പാനും സൌകൎയ്യമുണ്ടായിരുന്നു. അവരുടെ ആ സന്ദശ്നവേളകൾ കവിതാദേവിയുടെ ഉത്സവാവസരങ്ങളായിരുന്നു. ശ്ലോകമുണ്ടാക്കുക, സമസ്യപൂരിപ്പിക്കുക മുതലായ സഹൃദയവിനോദങ്ങളെക്കൊണ്ടു് ആ വക അവസരങ്ങളെ അവർ തികച്ചും സഫലമാക്കിയിരുന്നു. വാസുണ്ണിമൂസ്സും വള്ളത്തോളും തമ്മിലുള്ള സംഭാഷണങ്ങൾതന്നെ ചിലപ്പോൾ ശ്ലോകരൂപേണയായിരുന്നു. ഒരിക്കൽ വള്ളത്തോൾ വെള്ളാനശ്ശേരി വന്നപ്പോൾ വാസുണ്ണിമൂസ്സ ചെയ്ത കുശലപ്രശ്നമാണു് ഈ ശ്ലോകം:—

> "വരവിതു പരിതോഷം പാരമേകുന്നു ചിത്തേ
> വിരവിനൊടു ഭവാനെന്നന്തികേ വന്നിരിക്കൂ;
> വരബഹുഗുണരാശേ! നാട്ടിൽ നിന്നോ നവന്തേൻ-
> വരമൊഴി കുളർകൊങ്കത്തട്ടിൽ നിന്നോ വരുന്നു?"

ഈ കുശലപ്രശ്നം ചെയ്ത ദിവസം അവർ തമ്മിൽ സംഭാഷണമായി നിർമ്മിച്ച ശ്ലോകങ്ങളും സമസ്യാപൂരണമായുണ്ടാക്കിയ പദ്യങ്ങളും ഒരു ചെറു പുസ്തകമായി അച്ചടിച്ചു കണ്ടിട്ടുണ്ടു്.

വിദ്വാൻ ഏട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു കോഴിക്കോട്ടുള്ള തൻെറ രാജധാനിയിൽ കൊല്ലംതോറം 'സഹൃദയസമാഗമം' എന്ന ഒരു സാഹിത്യസദസ്സു നടത്തിയിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും നല്ല പാണ്ഡിത്യവും കവനനൈപുണ്യവും ഉള്ളവരെ എല്ലാം പ്രസ്തുത സദസ്സിലേക്കു ക്ഷണിക്കുക പതിവായിരുന്നു. ക്ഷണം സ്വീകരിച്ചു വരുന്നവരെല്ലാം ഒരു മാസം കാലം തമ്പുരാൻെറ അതിഥികളായി കോവിലകത്തു താമസിക്കും. അവരുടെ താമസത്തിന്നും ആഹാരാദികൾക്കും വേണ്ടുന്ന ഏപ്പാടുകളെല്ലാം രാജോചിതമായവിധത്തിൽ കോവിലകത്തു ചെയ്തിട്ടുണ്ടായിരിക്കും. ആ പണ്ഡിതന്മാരും കവികളു

മായി സാഹിത്യസംബന്ധമായ വിവിധവിഷയങ്ങളെക്കുറിച്ചു ചർച്ച ചെയ്യും നാനാവിഷയങ്ങളെപ്പററി കവിതകൾ നിർമ്മിച്ചും മററും തമ്പുരാൻ ആ കാലമത്രയും മഹോത്സവമയമായി കഴിച്ചുകൂട്ടും. ഭോജരാജാവിൻേറയും മററും കഥകളെ അനുസ്മരിപ്പിക്കുന്ന ഒന്നായിരുന്നു ഈ സഹൃദയസമാഗമം. അതിൻെറ പ്രവൎത്തനം കൊണ്ടു തമ്പുരാൻ തിരുമനസ്സിലേക്കു് അഭിനവഭോജരാജൻ എന്ന പ്രസിദ്ധനാമധേയം കൂടി സിദ്ധിക്കുകയുണ്ടായി. കോഴിക്കോട്ടെ ആ സാഹിത്യസദസ്സിൽ ഗുരുനാഥനും വാസുണ്ണിമൂസ്സുമായിരുന്നു പ്രധാനഭൂതന്മാർ. ആ സമാജത്തിൽ വെച്ചു വാസുണ്ണിമൂസ്സ് നിർമ്മിച്ചിട്ടുള്ള സംസ്കൃത കവിതകൾ സകല പണ്ഡിതന്മാരുടേയും പ്രശംസക്കു പാത്രമായിരുന്നു. ഒരിക്കൽ തമ്പുരാൻ കവികളോടൊരുമിച്ചു സായാഹ്നത്തിൽ കാററുകൊണ്ടു, ലാത്തുമ്പോൾ ഒരു കാട്ടിൽ തീ കത്തുന്നതു കണ്ടു്. ഉടനെ അദ്ദേഹം കാട്ടുതീയ്യിനെ വൎണ്ണിച്ചുകൊണ്ടു ഒരു കവിതയുണ്ടാക്കുവാൻ കല്പിച്ചു. അതുപ്രകാരം ഗുരുനാഥൻ, വാസുണ്ണിമൂസ്സ്, വള്ളത്തോൾ, അഭിനവഭട്ടബാണൻ ആർ. വി. കൃഷ്ണമാചാൎയ്യർ, വടക്കെപ്പാട്ടു നാരായണൻ നായർ മുതലായവർ പല സരസശ്ലോകങ്ങൾ നിർമ്മിച്ചു. അവയിൽ വെച്ചു വാസുണ്ണിമൂസ്സിൻെറ കവിതയാണു് അൎത്ഥപുഷ്ടികൊണ്ടു തുലോം മുന്നിട്ടു നിൽക്കുന്നതു്. അതിൽ

"ആലിലിംഗാഗ്നിരതനുജ്ജ്വാലഃ പുഷ്പവതീർലതാഃ
സന്തി സ്മാത്തദ്വിജാരാവാസ്തദാ തത്ര കിമത്ഭുതം"

എന്ന ശ്ലോകം ഏതു സഹൃദയനെയാണു രസിപ്പിക്കാത്തതു്. അനല്പജ്ജ്വാലയോടുകൂടിയ അഗ്നി പുഷ്പിണികളായ ലതകളെ ആലിംഗനം ചെയ്യും. അപ്പോൾ ആൎത്തന്മാരായ പക്ഷികളുടെ ആരാവങ്ങൾ ഉണ്ടാകയും ചെയ്യും. എന്നാണു് ഇതിലെ പ്രകൃതാൎത്ഥം. എന്നാൽ അഗ്നി എന്ന പുല്ലിംഗപദത്തിൻെറയും ലതകളെന്ന സ്ത്രീലിംഗപദത്തിൻെറയും സ്വാരസ്യംകൊണ്ടും അതനു (അനല്പം; കാമനെന്നും), പുഷ്പവതികൾ (പൂവുള്ള, ആൎത്തവമുള്ള എന്നും), ദ്വിജന്മാർ (പക്ഷികൾ; ബ്രാഹ്മണരെന്നും) എന്നീ ശബ്ദങ്ങളുടെ ശ്ലേഷംകൊണ്ടും സ്മ + ആൎത്തദ്വിജാരാവാഃ എന്നു രണ്ടായും സ്മാൎത്തദ്വിജാരാവഃ എന്നു് ഒററയായും പദം ഛേദിച്ചു സഭംഗശ്ലേഷമാക്കാവുന്നതുകൊണ്ടും ഇതിൽ അപ്രകൃതമായ ഒരൎത്ഥത്തിൻെറ പ്രതീതികൂടി ഉണ്ടാകുന്നുണ്ടു്. കാമാൎത്തനായ ഒരു പുരുഷൻ ഋതുമതികളായ കന്യകമാരെ ആലിംഗനംചെയ്യു; അപ്പോൾ

ദോഷവിചാരം ചെയ്യുന്ന സ്മാർത്തബ്രാഹ്മണരുടെ സംഭാഷണങ്ങൾ ഉണ്ടായതിൽ ആശ്ചര്യമില്ല—എന്നു ഈ അപ്രകൃതാർത്ഥം എത്ര ഹൃദയംഗമമായിരിക്കുന്നു. ഇതുപോലെ വേറെ ഒരു ശ്ലോകംകൂടി പറവാൻ തോന്നുന്നുണ്ട്. തമ്പുരാൻ ഒരു ദിവസം കടപ്പുറത്തേക്കാണു സായാഹ്നസഞ്ചാരത്തിന്നു പുറപ്പെട്ടതു്. അവിടെ ചെന്നപ്പോൾ കടലിരമ്പത്തെ വർണ്ണിച്ചു് ഒരു കവിതയുണ്ടാകുവാൻ കല്പനയാകയും കവികളെല്ലാം ആ കല്പന നിറവേററുകയും ചെയ്തു. അതിൽ വാസുണ്ണിമൂസ്സിൻെറ ഒരു ശ്ലോകം

"സുമിത്രാനന്ദനാസേവ്യമാനം നൃപമവേക്ഷ്യ വാ
അഥവാംഗുഷ്ഠകായം മാം സിന്ധുരാക്രോശതി ധ്രുവം"

എന്നാണു്. ഇതിൽ 'സുമിത്രാനന്ദനാസേവ്യമാനം' എന്ന നൃപവിശേഷണത്തിന്നു ശോഭനന്മാരായ മിത്രജനങ്ങളോടുകൂടി ആനന്ദിക്കുകയും അവരാൽ സേവിക്കപ്പെടുകയും ചെയ്യുന്ന സാമൂതിരിരാജാവെന്നും, സുമിത്രാപുത്രനായ ലക്ഷ്മണനാൽ സേവിക്കപ്പെടുന്ന ശ്രീരാമനെന്നും അർത്ഥമുണ്ടു്. ഒന്നുകിൽ കടൽ കരയുന്നതു് അങ്ങനെയുള്ള രാജാവിനെ കണ്ടിട്ടായിരിക്കണം. ശ്രീരാമൻ സമുദ്രഭംഗം ചെയ്ത ആളാണല്ലോ. അതല്ലെങ്കിൽ അംഗുഷ്ഠകായനായ എന്നെ കണ്ടിട്ടായിരിക്കണം കരയുന്നതു്. അംഗുഷ്ഠകായൻ എന്ന വിശേഷണപദത്തിൻെറ സ്വാരസ്യം കൊണ്ടു സമുദ്രത്തെ ചുളുകീകരിച്ച അഗസ്ത്യമഹർഷിയെന്നുകൂടി അർത്ഥം തോന്നുമല്ലോ. കവിയുടെ ഞാൻ (വാസുണ്ണിമൂസ്സ്) ഹ്രസ്വകായനായിരുന്നതുകൊണ്ടു് അംഗുഷ്ഠകായൻ എന്ന വിശേഷണം യോജിക്കുകയും ചെയ്യും.

വാസുണ്ണിമൂസ്സിൻെറ സരസശ്ലോകങ്ങളിൽ തൽക്കാലം ഓർമ്മയിൽ വന്ന ചിലതു് ഇവിടെ പ്രസ്താവിക്കാം. കടത്തനാട്ടു് കോവിലകത്തു പോയി തമ്പുരാൻെറ ആതിഥ്യം സ്വീകരിച്ചു മടങ്ങി പോരുമ്പോൾ അവിടെയ്ക്കു സമർപ്പിച്ച ശ്ലോകങ്ങളിൽ ഒന്നാണു ഇതു്:—

"ഗുണെഗുണോനേതികണാദവാദോ
യഥാർത്ഥ ഇത്യദ്യകൃതാർത്ഥ ഏഷഃ
ഭവാമി ഭൈമീശ്വര! താവകീനേ
ഗുണേഗുണസ്യാപികണോന യസ്മാൽ"

രാജഗുണപ്രശംസാപരമായ ഈ പദ്യത്തിൽ തർക്കശാസ്ത്രപണ്ഡിതനായ കവി തർക്കശാസ്ത്രത്തിലെ ഒരു സിദ്ധാന്തത്തെ ഉപന്യസിച്ചിട്ടുള്ളതിന്നു

പുറമെ ഗുണശബ്ദത്തിന്റെ ശ്ലേഷത്താൽ മറ്റൊരൎത്ഥത്തെക്കൂടി സൂചിപ്പിച്ചിട്ടുണ്ടു്. ഗുണശബ്ദത്തിന്നു പാചകൻ എന്നും അൎത്ഥമുണ്ടല്ലോ. തമ്പുരാന്റെ പാചകന്നു ലേശംപോലും ഗുണമില്ല. (എന്നുവെച്ചാൽ സദ്യ നന്നായില്ല) എന്നാണു് ആ സൂചിതാൎത്ഥം. തമ്പുരാൻ ഈ അൎത്ഥം മനസ്സിലാക്കി കോവിലകത്തെ ദേഹണ്ഡക്കാരന്റെ നൈപുണ്യക്കുറവുകൊണ്ടു സുഖക്കേടു തോന്നരുതു് എന്നു പറഞ്ഞു് ഒരു വിശേഷാൽ സംഭാവനകൂടി കവിക്കു നൽകിയത്രെ.

തലശ്ശേരിവച്ചു കൂടിയ ഭാഷാപോഷിണി സഭയിൽ വായിച്ച ശ്ലോകങ്ങളിൽ ഒന്നു് ഇതാണു്.

"ഇന്നിക്കാണുംസദസ്സിൽച്ചെറുതരമൊരലം-
കാരവും ചേൎത്തിടാതേ
ചെന്നീടെന്നോതുകെന്നാലതുമൊരുവകയാ-
ണീഷലില്ലീഷലും മേ;
എന്നാലും ഞാനലട്ടുന്നിതു മമകവിതാ-
വല്ലഭേ! വല്ലപാടും
മന്ദിക്കാതീ മഹാന്മാരുടെ നടുവിലണ-
ഞ്ഞൊന്നു വന്ദിച്ചുപോരു."

വെട്ടത്തുനാട്ടിലെ ഒരു പ്രസിദ്ധപ്പെട്ട മനയായ പാക്കത്തുമനക്കലെ പന്ത്രണ്ടാംമാസസ്സദ്യയെ വൎണ്ണിച്ചുകൊണ്ടു് ഒരു സേട്ടുവും ഒരയ്യരുംകൂടി സംഭാഷണം ചെയ്യുന്ന നിലയിൽ നിർമ്മിച്ച ഒരു പദ്യമാണിതു്:—

"വെക്കംപോകുന്നതെങ്ങോട്ടിതിലെവരുമഹാ-
മോഹജിസ്സേട്ടു,ഞാനാ-
ശ്ശുക്രൻതൻവീട്ടിലോളം വരുവതിന്നിടയി-
ല്ലയ്യരേ! കാൎയ്യമോതാം;
പാക്കത്തെസ്സദ്യകേട്ടിട്ടതിലതികൊതിയാൽ
തുള്ളുമീന്റ്യൻറനാവിന-
വക്കത്താക്കപ്പെട്ടോടിപ്പതിനൊരുതരമു-
ണ്ടെന്നുപാൎത്തോടിടുന്നേൻ."

സരസകവി കടുവിൽ കുഞ്ഞിക്കൃഷ്ണമേനോനു് അയച്ച ഒരു പദ്യം:—

"കൃഷ്ണാംഭോദംപൊഴിയുമനുകമ്പാമൃതത്താലകത്താ-
രുഷ്ണിക്കാതെസസുഖമമരുന്നില്ലയോ നിങ്ങളെല്ലാം?

* കൃഷ്ണൻപക്കൽ സകലമറിയിക്കണമെന്നെന്റെ കുഞ്ഞി-
കൃഷ്ണൻമേനോനവർകളറിവാൻസ്സേ—വി—വാസുണ്ണിമൂസ്സ്"

വാസുണ്ണിമൂസ്സ് മരിക്കുന്നതിനു കുറെ മുമ്പു കഠിനമായ ഒരു മൂത്രകൃച്ഛ്രരോഗത്തിൽപ്പെട്ടു വളരെ കഷ്ടപ്പെടുകയുണ്ടായി. അക്കാലത്തു വിഷയവിരക്തമായി ഈശ്വരോന്മുഖമായിച്ചമഞ്ഞ ഹൃദയത്തോടുകൂടി ഭക്തിരസം വഴിഞ്ഞൊഴുകുന്ന ചില സ്തോത്രങ്ങൾ അദ്ദേഹത്തിന്റെ പ്രതിഭയിൽനിന്നു നിർഗ്ഗളിച്ചിട്ടുണ്ട്. അവയിൽ ഒരു ശ്ലോകം ഇതാണ്:—

"ക്രൂരത്വമെന്തിതു സരോരുഹനേത്ര! മൂത്ര-
ദ്വാരത്തിലൂടെ ചുടുചോര വരുന്നുവല്ലോ;
മാറത്തടിച്ചുമുറയിട്ടു തൊഴിച്ചിടുന്ന
നേരത്തുമെന്തു തിരുവുള്ളമലിഞ്ഞിടാത്തൂ!"

വാസുണ്ണിമൂസ്സ് ഒരു ഫലിതരസികനായിരുന്നു. അദ്ദേഹത്തിന്റെ ചില ഫലിതങ്ങൾ തുലോം അർത്ഥഗർഭങ്ങളായിരുന്നു. ഒരിക്കൽ കാവ്യാഭ്യാസത്തിൽ പിച്ച നടക്കുവാൻ തുടങ്ങിയ ഒരു യുവാവു കുറെ ശ്ലോകങ്ങളുണ്ടാക്കി അദ്ദേഹത്തെ കാണിച്ചുവത്രെ. ആ വിദ്വാനു തന്റെ കവിതയെപ്പറ്റി വലിയ മതിപ്പായിരുന്നു. വാസുണ്ണിമൂസ്സ് ശ്ലോകങ്ങൾ വായിക്കുമ്പോൾ അവയിലെ അർത്ഥചമൽക്കാരം മുഴുവൻ ആസ്വദിക്കുന്നില്ലെന്നു തോന്നുകയാൽ ഓരോ ശ്ലോകം ചൊല്ലുമ്പോഴും ആയാൾ അർത്ഥം വിവരിക്കുവാൻ തുടങ്ങി. കുറച്ചുനേരം ഇതു് അദ്ദേഹം ക്ഷമിച്ചിരുന്നു. പിന്നെ സഹജമായ പരിഹാസം കുറഞ്ഞൊന്നു് എടുത്തു പ്രയോഗിച്ചു. ചന്ദ്രക്കല എന്നൊരു പദം അടങ്ങീട്ടുള്ള ഒരു ശ്ലോകത്തിന്നു് ശ്ലോകകർത്താവു് രണ്ടർത്ഥമുണ്ടെന്നു പറഞ്ഞപ്പോൾ മൂസ്സ് "രണ്ടല്ല, അരപതിനാലർത്ഥം എനിക്കുതന്നെ തോന്നുന്നുണ്ടു്" എന്നു് അഭിപ്രായപ്പെട്ടു. അത്രത്തോളം സ്വപ്രത്യയമില്ലാത്ത ശ്ലോകകർത്താവിന്നു് അത്ഭുതമായി. അരപതിനാലർത്ഥങ്ങൾ വിവരിച്ചുതരുവാൻ പറഞ്ഞപ്പോളാണു പുള്ളിക്കാരൻ പരുങ്ങലായതു്. വാസുണ്ണിമൂസ്സ് പറകയാണ്:—"ഇതിൽ ചന്ദ്രക്കല എന്ന പദത്തിന്റെ ശ്ലേഷംകൊണ്ടാണു് അധികം അർത്ഥങ്ങൾ സിദ്ധിക്കുന്നതു്. സാക്ഷാൽ ചന്ദ്രക്കല എന്നു് ഒരർത്ഥം. ശിവൻ തിരുമുടിയിലണിഞ്ഞ ചന്ദ്രക്കല എന്നു രണ്ടാമത്തെ അർത്ഥം. തൃപ്രങ്ങോട്ടപ്പനു ചാർത്തുന്ന ചന്ദ്രക്കല എന്നു് അർത്ഥം മൂന്നു്. വടക്കുന്നാഥനു ചാർത്തുന്ന ചന്ദ്രക്കല എന്നർത്ഥം നാലു്. ഇനി അര

* എഴുത്തു കൊണ്ടുപോയ ആളുടെ പേർ.

പതല്ലെ വേണ്ടു. പന്തറപ്പത്തു ശിവക്ഷേത്രങ്ങളുടെ പേർ എനിക്കറിവുണ്ടു്." ഇങ്ങനെ വ്യാഖ്യാനിക്കാൻ തുടങ്ങിയപ്പോഠം കവി വിഡ്ഢിയായിട്ടു് അവിടെനിന്നു് അന്തർദ്ധാനംചെയ്തു. ഒരിക്കൽ ഒരു വിദ്വാൻ കാവ്യം പഠിക്കുന്ന ശിഷ്യന്മാൎക്കു മാമൂൽപ്രകാരമുള്ള പരിഭാഷ പറഞ്ഞുകൊടുക്കുകയായിരുന്നു. പരിഭാഷയിൽ സമാസപദങ്ങഠംക്കു മലയാളത്തിൽ വിഗ്രഹം ചെയ്യുമ്പോഠം ശബ്ദത്തിലല്ലാതെ അൎത്ഥത്തിൽ പഴമക്കാർ അത്ര ശ്രദ്ധിക്കാറില്ല. ചില വലിയ സമാസപദങ്ങളുടെ പരിഭാഷ ചൊല്ലിവരുമ്പോഠം 'കളിപ്പിച്ചു കളിപ്പിച്ചു കുട്ടിയില്ലാതായി' എന്ന ചൊല്ലുപോലെ അൎത്ഥം യാതൊന്നുമില്ലാതാകുന്നതു് ഒട്ടും അപൂൎവ്വമല്ല. ഈ രീതിയെ പരിഹസിച്ചുംകൊണ്ടു് വാസുണ്ണിമൂസ്സ് ആ കാവ്യദേശികനോടു് ഇങ്ങനെ പറഞ്ഞു:—"കുസൂലം എന്ന പദത്തിന്റെ പരിഭാഷ പറയാമോ? ഇല്ലെങ്കിൽ ഞാൻ പറഞ്ഞുതരാം. കുസൂലം കുത്സിതമായിരിക്കുന്ന സൂലം, സൂലം=സുഷ്ഠുവായിരിക്കുന്ന ഊലം, ഊലം=ഉൽഗതമായിരിക്കുന്ന ലം, ലം=ലളയോരഭേദഃ" ഇതിൽനിന്നു് ആ വിദ്വാൻ പലതും പഠിച്ചിട്ടുണ്ടായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. അക്കാലത്തു് ഷോറന്നൂർ തീവണ്ടി ആപ്പീസ്സിൽ വണ്ടിയിറങ്ങുന്നവരെ ഹോട്ടൽക്കാരുടെ ഏജൻറമാർ വല്ലാതെ അലട്ടുക പതിവായിരുന്നു. തന്റെ ഹോട്ടലിലേക്കു് വന്നാൽ ഊണിനും മററുമുള്ള അധികസൌകൎയ്യങ്ങളെക്കുറിച്ചു് ഓരോ ഏജൻറും വളരെ വൎണ്ണിച്ചു പറയും. ഏജൻറമാരുടെ വാക്കുകൊണ്ടുള്ള ഈ പിടിവലിയിൽ ഒരിക്കൽ വാസുണ്ണിമൂസ്സും പെട്ടുകയുണ്ടായി. ഒരു ഏജൻറ തന്റെ ഹോട്ടലിൽ വന്നാൽ ഊണിനുള്ള വലിയ വട്ടങ്ങളെക്കുറിച്ചു വളരെ പുകഴ്ത്തി. മറെറാരു ഏജൻറ തന്റെ ഹോട്ടലിൽ വന്നാൽ ഉണ്ണുവാൻ മാത്രമല്ല കുളിപ്പാൻകൂടി വളരെ സൌകൎയ്യമുണ്ടെന്ന ഉദ്ദേശത്തിന്മേൽ അവിടത്തെ കുളത്തെപ്പററിയും വൎണ്ണിച്ചു. രണ്ടും കേട്ടപ്പോഠം വാസുണ്ണിമൂസ്സ് പറഞ്ഞതു് "ആട്ടെ തരക്കേടില്ല. കുളി കുളമുള്ള ഹോട്ടലിലും ഊണു മറെറ ഹോട്ടലിലും ആക്കിക്കളയാം. രണ്ടുപേൎക്കും സന്തോഷമാകട്ടെ" എന്നാണു്. ഇതു കേട്ടപ്പോഠം ഏജൻറമാർ വിഡ്ഢികളായി എന്നു പറയേണ്ടതില്ലല്ലോ. അക്കാലത്തു മലയാളകവികളുടെ ഇടയിൽ നാടകഭ്രാന്തു കലശലായിരുന്നു. വല്ലതും ഒരു നാടകം നിൎമ്മിക്കാതിരുന്നാൽ പോരായ്മയാണെന്നുകൂടി കവികഠംക്കു് ഒരു ധാരണയുണ്ടായിരുന്നു. കവികളുടെ ഈ നാടകഭ്രമത്തെ കളിയാക്കിക്കൊണ്ടു വാസുണ്ണിമൂസ്സ് ഒരു ചെറിയ നാടകം ഉണ്ടാക്കി. 'മണ്ണാങ്കട്ടനാടകം' എന്നു പേരായ അതിലെ ഇതിവൃത്തം മണ്ണാ

കട്ടയും ഉണക്കപ്പുലാവിലയുംകൂടി കാശിക്കു പോയതായ സുപ്രസിദ്ധകഥയാണ്. ആ നാടകത്തിലെ പ്രസ്താവനയിൽ സൂത്രധാരൻ നടിയോട് "വേലിത്തറിയിലുംകൂടിസ്സുലഭം നാടകം പ്രിയേ" എന്നു പറഞ്ഞിട്ടു കവിപ്രശംസയായി

"നിസ്സംശയം പറഞ്ഞീടാമിസ്സദസ്സിങ്കലാട്ടുവാൻ
അസ്സലാണിന്നുവാസുണ്ണി മൂസ്സുണ്ടാക്കിയ നാടകം"

എന്നു പ്രതിപാദിച്ചിട്ടുണ്ട്.

വാസുണ്ണിമൂസ്സ് സ്വദേശത്ത് ഒരൊന്നാന്തരം സംസ്കൃതപാഠശാല സ്ഥാപിച്ചു നടത്തിയിരുന്നു. അതിലും മററു പാഠശാലകളിലും പഠിപ്പിക്കുവാൻവേണ്ടി അദ്ദേഹം ചില സംസ്കൃതപാഠാവലികൾ എഴുതി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവ മററു സംസ്കൃതപാഠാവലികളെ അപേക്ഷിച്ച് അധികം ഗുണമുള്ളവയാണ്. അദ്ദേഹത്തിന്റെ സംസ്കൃതപാഠശാലയിൽ പഠിച്ചു യോഗ്യന്മാരായ പല ശിഷ്യന്മാർ ഇന്നുമുണ്ട്. അവരിൽ പ്രധാനഭൂതനായ നാലപ്പാട്ടു മാധവമേനോനവർകളെ വാസുണ്ണിമൂസ്സിനു വലിയ കാര്യമായിരുന്നു. ആ മഹാൻ ഇപ്പോൾ മദിരാശിയിലെ ഗവർമ്മെന്റുവക "സ്കൂൾ ഓഫ് ഇന്ത്യൻ മെഡിസിൻസ്" എന്ന സുപ്രസിദ്ധ മഹാപാഠശാലയിൽ അദ്ധ്യാപകനായി നല്ല സ്ഥിതിയിൽ ഇരുന്നുവരുന്നു.

കെ. വി. എം.

# പ്രവേശകം.

(ശ്ലോകരൂപമായ വ്യാകരണപ്രകരണഗ്രന്ഥം)

മഹാവൈയാകരണനും കവികുലാലങ്കാരഭൂതനുമായ സാക്ഷാൽ മേപ്പത്തൂർ ഭട്ടപാദരുടെ ആചാര്യനായ തൃക്കണ്ടിയൂർ അച്യുതപ്പിഷാരോടിയാൽ നിർമ്മിക്കപ്പെട്ടതാണ് ഈ വ്യാകരണഗ്രന്ഥം. ആചാര്യന്റെ നിര്യാണത്തെക്കുറിച്ച് ഭട്ടപാദർ നിർമ്മിച്ചിട്ടുള്ളതായി വിശ്വസിച്ചുവരുന്ന താഴെ ചേർക്കുന്ന ചരമശ്ലോകത്തിൽനിന്ന് അച്യുതപ്പിഷാരോടിയുടെ ജീവകാലവും വൈദുഷ്യാതിശയവും വ്യക്തമാകുന്നു.

"ഹന്ത ജ്യൌതിഷതന്ത്ര, പഥ്യവസിതാ
തിഥ്യൃക്ഷയോഗേഷു കഥാ
ധാർഷ്ട്യേ ക്ലൃപ്രവണാസി വൈദ്യസരണേ,
നഷ്ടോഽസ്യലങ്കാര ഹാ ।
ഹേ ശബ്ദാഗമ, നിദ്ര്യം വിബുധതാ-
ലുബ്ധൈർന്നിപീഡിഷ്യസേ
'വിദ്യാത്മാ സ്വരസർപ'ദദ്യ ഭവതാ-
മാധാരഭൂരച്യുതഃ ।।"

ഇതിലെ 'വിദ്യാത്മാ സ്വരസർപത്' എന്ന ഭാഗംകൊണ്ടു നിർദ്ദേശിക്കപ്പെട്ട കലിദിനത്തിൽ—അതായതു 1724514-ാമത്തെ ദിനത്തിൽ—ആണ് അച്യുതാചാര്യൻ സ്വർഗ്ഗതി പ്രാപിച്ചതു്. നാരായണീയത്തിലെ ആയുരാരോഗ്യസൌഖ്യത്തിന്നു പിന്നീടു സുമാർ 33 കൊല്ലം കഴിഞ്ഞിട്ടാണ് ഈ സംഭവം ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടു പ്രിയശിഷ്യനായ ഭട്ടപാദർ ലബ്ധപ്രതിഷ്ഠനും പ്രഖ്യാതനും ആയിത്തീർന്നിതിലുള്ള പരമചാരിതാർത്ഥ്യം അനുഭവിച്ചുകൊണ്ടു് അച്യുതാചാര്യൻ കുറെക്കാലം ജീവിച്ചിരുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു.

ഈ ശ്ലോകത്തിൽനിന്നും അച്യുതപ്പിഷാരോടി കേവലം വ്യാകരണത്തിൽ മാത്രമല്ല, ജ്യോതിഷം വൈദ്യം അലങ്കാരം എന്നീ വിഷയങ്ങളിലും വലിയ വൈദുഷ്യവും വിഖ്യാതിയും നേടിയിരുന്നുവെന്നു വിശദമാകുന്നുണ്ടു്. എന്നുതന്നെയല്ല, ജ്യൌതിഷം മുതലായ വിദ്യാവിഭാഗങ്ങൾക്കു് അച്യുതന്റെ നിര്യാണത്തിൽ ഹാനി പറ്റിക്കഴിഞ്ഞതായും വ്യാകരണത്തിനു ഹാനി അനന്തരകാലത്തിൽ വരുവാനിരിക്കുന്ന

തായും നിബന്ധിച്ചിരിക്കുന്നതിൽനിന്നു തന്റെ ആയുഷ്ക്കാലംവരെ വ്യാകരണശാസ്ത്രത്തിന്നു വലിയ കോട്ടം വരുന്നതല്ലെന്നും ജ്യൌതിഷാദികളിൽ അച്യുതപ്പിഷാരോടിക്കു തുല്യനായി മറെറാരുവനും അക്കാലത്തു് ഇല്ലാതിരുന്നതിനാൽ അവയുടെ ഹാനി അപരിഹാൎയ്യമാണെന്നും ഭട്ടപാദർ സൂചിപ്പിച്ചിട്ടുള്ളതായി അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

വ്യാകരണസിദ്ധാന്തങ്ങളെ ശ്ലോകരൂപത്തിൽ പ്രതിപാദിക്കുന്ന സമ്പ്രദായം വളരെ പ്രാചീനമാണു്. വാൎത്തികകാരൻ പല വാൎത്തികങ്ങളും ശ്ലോകരൂപത്തിൽ രചിച്ചിട്ടുണ്ടു്. ഭാഷ്യകാരനായ ഭഗവാൻ പതഞ്ജലിയും അനേകം സന്ദർഭങ്ങളിൽ തന്റെ ഇഷ്ടികളേയും നിഗമനങ്ങളേയും ശ്ലോകാകാരത്തിൽ നിബന്ധിച്ചുകാണുന്നു. മഹാവൈയാകരണനായ ഭൎത്തൃഹരി വ്യാകരണശാസ്ത്രത്തിന്റെ മൂലതത്വങ്ങളെ പ്രതിപാദിക്കുന്ന വാക്യപദീയം മുഴുവനും പദ്യമായിട്ടാണു നിൎമ്മിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള പൂൎവ്വാചാൎയ്യന്മാർ തെളിയിച്ചിട്ടുള്ള മാൎഗ്ഗത്തെ അവലംബിച്ചുകൊണ്ടു വ്യാകരണശാസ്ത്രത്തിൽ പ്രഥമപ്രവേശം ആഗ്രഹിക്കുന്നവൎക്കു സുഗമമായ ഒരു പ്രകരണഗ്രന്ഥം രചിച്ചു വ്യാകരണാദ്ധ്യയനത്തിനു ലാഘവം വരുത്തുകയാണു പ്രസ്തുതഗ്രന്ഥകാരൻ ചെയ്തിട്ടുള്ളതു്. സിദ്ധാന്തകൌമുദി മുതലായ ഗ്രന്ഥങ്ങളുടെ പ്രചാരം വന്നിട്ടില്ലാത്ത അക്കാലത്തു്, ഈവിധമുള്ള ഒരു ലളിതഗ്രന്ഥം വിദ്യാൎത്ഥികൾക്കു് എത്രമാത്രം ഉപയുക്തമായിരുന്നിരിക്കണം?

ഗ്രന്ഥകൎത്താവു പണ്ഡിതന്മാരുടെ പുരസ്കൎത്താവായ വെട്ടത്തു രവിവർമ്മരാജാവിന്റെ ആശ്രിതനായിരുന്നുവെന്നുള്ളതിലേക്കു താഴെ ചേൎക്കുന്ന ശ്ലോകം ലക്ഷ്യമാണു്.

ലക്ഷ്മ്യാ പ്രകാശവിഷയം രഞ്ജയന്നിജയാ നിജം।
നിത്യോദ്യൻ വിജയതേ സുകൃതാലംബനം രവിഃ॥

ഈ ശ്ലോകം ശ്ലിഷ്ടവിശേഷണങ്ങളുടെ പ്രയോഗംകൊണ്ടു രവിവർമ്മാവിന്നും ആദിത്യഭഗവാനും ചേരുന്നതാണു്. ഗ്രന്ഥകൎത്താവിന്റെ കവിതാവാസനയും ഇതിൽനിന്നു സ്പഷ്ടമാകുന്നു. ശ്ലോകരൂപങ്ങളായ പ്രകരണങ്ങൾ സുഗ്രഹങ്ങളും ധരിപ്പാനെളുപ്പമുള്ളവയുമാകയാൽ എല്ലാ ശാസ്ത്രങ്ങളിലും അത്തരം പ്രകരണങ്ങൾക്കു പ്രചാരപ്രാചുൎയ്യം സിദ്ധിച്ചിരുന്നു. അതിൽ കാവ്യശോഭകൂടി ചേൎന്നാലുണ്ടാകുന്ന വശീകരണശക്തി ഒന്നു വേറെതന്നെ. ഇദ്ദേഹത്തിന്റെ കവിതാവാസനയെ ഉദാഹരിക്കുന്ന പദ്യങ്ങൾ ഈ പ്രകരണത്തിൽ എത്രയോ സുലഭമാണു്. ചിലതു് ഉദ്ധരിക്കാം.

"ഭൃശായന്തേ വായുരയം ശബ്ദായന്തേ വലാഹകാഃ
സുഖായന്തേ ഗൃഹേഷ്വാഢ്യാ ബാഷ്പായന്തേ വിയോഗിനഃ"

ഭൃശായതേ മുതലായ നാമധാതുക്കളെ ഉദാഹരിക്കുന്ന ഈ ശ്ലോകം സരസമായ ഒരു വർഷകാലവർണ്ണനവുമാണ്. "അഭവിഷ്യൽ ഭവാൻ പീനോ യദ്യുപത്സ്യത് ഗൃഹേ മമ" "അങ്ങു എന്റെ ഗൃഹത്തിൽ താമസിച്ചിരുന്നാൽ തടിക്കുമായിരുന്നു" എന്നു തുടങ്ങിയുള്ള ഫലിതപ്രയോഗങ്ങളും അവിടവിടെ കാണാം. ടിത്തായ ആഗമം ആദ്യാവയവവും കിത്തായ ആഗമം അന്താവയവവുമാണെന്നുള്ള വിഷയത്തെ 'ടിൽ പീംവദധസ്ഥിതേൽ കിന്മൂർദ്ധ്നി കിരീടവൽ' എന്നാണു സരസകവിയായ ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നതു്. ഞാൻ വ്യാകരണം പഠിച്ചുതുടങ്ങിയ കാലത്തിൽ ഗുരുനാഥൻ സന്ദർഭവശാൽ ഉദ്ധരിച്ചുചൊല്ലിയ ഈ ശ്ലോകാർദ്ധമാണു എനിക്കു പ്രവേശകം മുഴുവനും കാണ്മാനുള്ള പ്രബലമായ കൌതുകം ജനിപ്പിച്ചതു്. മുഴുവനും തെറ്റുതീർന്നതാണെന്നു വിശ്വസിപ്പാൻ പാടില്ലെങ്കിലും മിക്കതും ശരിയായ ആ ഗ്രന്ഥം എനിക്കു കിട്ടിയപ്പോഴുണ്ടായ ചാരിതാർത്ഥ്യം വാചാമഗോചരമാണ്.

പിഷാരോടിക്കു മഹാഭാഷ്യം, കാശികാവൃത്തി എന്നീ ഗ്രന്ഥങ്ങളിൽ അനല്പമായ പരിചയമുണ്ടായിരുന്നുവെന്നു തെളിയിപ്പാനുള്ള ആഭ്യന്തരജ്ഞാപകങ്ങൾ ഈ ഗ്രന്ഥത്തിൽ ധാരാളമായി കാണുന്നുണ്ടു്. അനപാദേശം എന്നതിനെ ഭാഷ്യകാരൻ നിർവ്വചിച്ചിട്ടുള്ള കഥിതാനുകഥനം എന്ന ശബ്ദംകൊണ്ടാണ് ഈ ഗ്രന്ഥകാരൻ ഉല്ലേഖിച്ചിരിക്കുന്നതു്. പ്രത്യയാവയവങ്ങളായ യു, വു, എന്നവയ്ക്കു് അന, അക എന്നാദേശങ്ങൾ വിധിക്കുന്ന ഘട്ടത്തിൽ ദോഷപരിഹാരത്തിന്നായി ഭാഷ്യകാരൻ സ്വീകരിച്ചിട്ടുള്ള 'അനുനാസികയോഃ' എന്ന വിശേഷണം പ്രവേശകത്തിലും അംഗീകരിച്ചു കാണുന്നു. നിത്യസ്ത്രീത്വം നിർവ്വചിക്കുന്നതിൽ പ്രവേശകം വൃത്തിമതത്തെയാണ് അവലംബിച്ചിട്ടുള്ളതു; കൈയടമതത്തെയല്ല. ഇങ്ങനെയുള്ള ആഭ്യന്തരചിഹ്നങ്ങളിൽ നിന്നും ഗ്രന്ഥകർത്താവിന്നു മഹാഭാഷ്യത്തിലും വൃത്തിയിലും വിപുലമായ പരിചയം ഉണ്ടായിരുന്നുവെന്നനുമാനിക്കാം.

വിഷയവിശകലനത്തിലും പ്രകരണങ്ങളുടെ പൌർവ്വാപര്യത്തിലും അസാധാരണമായ പ്രതിഭാവിലാസം സ്ഫുരിക്കുന്നുണ്ടു്. അത്രയും പ്രാചീനമായ ഒരു കാലത്തെ പണ്ഡിതന്നു് ഇത്രമാത്രം പ്രായോഗികതയും കല്പനാസ്വാതന്ത്ര്യവും ഉണ്ടായിരുന്നുവെന്നുള്ള വാസ്തവം അനുവാചകന്മാർക്കു വിസ്മയം ഉണ്ടാക്കാതിരിക്കയില്ല. പാണിനിമഹർഷി സ്വീക

രിച്ചിട്ടുള്ള പല സങ്കേതങ്ങളേയും ആശ്രയിക്കാതെയാണ് ഇദ്ദേഹം ശബ്ദസിദ്ധിയെ ഉപപാദിപ്പാനുദ്യമിച്ചിട്ടുള്ളതു്. സംസ്കൃതഭാഷയുടെ പ്രായോഗികമായ ആവശ്യത്തിന്നു വേണ്ടേടത്തോളം ഭാഗങ്ങളെ ലളിതമായും സ്വതന്ത്രമായും എന്നാൽ സിദ്ധാന്തവിരോധം കൂടാതേയും പിഷാരോടി പ്രതിപാദിച്ചിരിക്കുന്നു.

സുമാർ അറുനൂറു കാരികകളാണ് ഇപ്പോൾ കിട്ടിയ ഗ്രന്ഥത്തിൽ അടങ്ങീട്ടുള്ളതു്. ചില പ്രകരണങ്ങളിലെ ഏതാനും ഭാഗങ്ങൾ വിട്ടുപോയിട്ടുണ്ടാവാമെന്നൂഹിക്കേണ്ട നിലയിൽ ഇരിക്കുന്നതുകൊണ്ടു ഗ്രന്ഥത്തിന്റെ സമഗ്രസ്വരൂപം ഇപ്പോഴും സുനിർണ്ണീതമായി എന്നു പറഞ്ഞുകൂടാ. പ്രവേശകത്തിന്നു പ്രാചീനന്മാരായ കേരളീയവിദ്വാന്മാർ മലയാളഭാഷയിൽ വ്യാഖ്യാനമെഴുതീട്ടുമുണ്ടു്. എനിക്കു കാണ്വാനിടയായിട്ടുള്ള ഒരു വ്യാഖ്യാനം നല്ല പഴയ മലയാളത്തിൽ (യാഗത്തിന്റെ ചടങ്ങും മറ്റും എഴുതിയിട്ടുള്ള പഴയ ഭാഷയിൽ) എഴുതിയതാണ്. പല ഭാഗങ്ങളും അതൊരു പരാവർത്തനച്ഛായയെ ആശ്രയിച്ചാണിരിക്കുന്നതു. അതിൽ നിന്നും മൂലപാഠം ശുദ്ധമായി ഗ്രഹിപ്പാൻ വളരെ സഹായം സിദ്ധിച്ചുവെന്നുള്ളതും പ്രസ്താവ്യമാണ്. ഈ ഗ്രന്ഥത്തിന്റെ രീതി കാണിപ്പാനായി ഒരു ഭാഗം താഴെ ചേർക്കുന്നു.

(മൂലം) അഥ ക്രിയാപ്രധാനാനാം
തിങന്താനാം ദിഗുച്യതേ।

വ്യാഖ്യാനം — അനന്തരം ക്രിയാപ്രധാനങ്ങളായ തിങന്തങ്ങളുടെ ദിക്ക് ചൊല്ലപ്പെടുന്നു.

അവിടെ ക്രിയയുടെ ലക്ഷണത്തെച്ചൊല്ലുന്നു.

(മൂലം) സാധ്യാ പൂർവ്വാപരീഭൂതൈ-
ർല്ലക്ഷിതാവയവൈഃ ക്രിയാ

വ്യാഖ്യാനം — കാരകങ്ങളെക്കൊണ്ടു സാദ്ധ്യമായി പൂർവ്വാപരങ്ങളായി ഭേദിച്ചിരിക്കുന്ന അവയവങ്ങളെക്കൊണ്ടു കാണപ്പെടുന്നതു ക്രിയയാകുന്നു

മൂലം — തിസസ്തങശ്ച തിങ്സംജ്ഞാ
ലാദേശാശ്ച ഭവന്തി തേ।
ധാതോഃ പരേ ലകാരാഃ സ്യു-
രിതടിഭിന്നാഷ്ടദശ സ്വരൈഃ॥

വ്യാഖ്യാനം — തിസ്സുകളും തങ്ങുകളും രണ്ടു പദപ്രത്യയങ്ങളും

തിങ്ങുകളാകുന്നതു്. അവ ലകാരത്തിന്റെ ആദേശങ്ങളായിട്ടു വന്നു ഞായം. ലകാരങ്ങൾ പിന്നെ ക്രിയയെ വചിക്കുന്ന ധാതുക്കളിൽ പരങ്ങളായിട്ടു വന്നു ഞായം. ടകാരവും ങകാരവും സ്വരങ്ങളുമാകുന്ന ഇത്തുക്കളെക്കൊണ്ടു ഭേദിക്കപ്പെടുന്നു ലകാരങ്ങൾ.

പ്രവേശകത്തിൽ സുബന്തപ്രക്രിയ കഴിയുന്നതുവരെയുള്ള ഭാഗം ശ്രീമാൻ ഇമ്പിച്ചൻ ഗുരുക്കളാൽ എഴുതപ്പെട്ട മലയാളവ്യാഖ്യാനത്തോടുകൂടി മലയാളലിപിയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിക്കാണുന്നുണ്ടു്. അതല്ലാതെ ഇപ്പുസ്തകത്തിന്റെ മററു ഭാഗങ്ങളൊന്നും ഇതുവരെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതായി എന്റെ അന്വേഷണത്തിൽ അറിവായിട്ടില്ല.

ബഹുമാനപ്പെട്ട കൊച്ചി ഗവർമ്മേണ്ടിൽനിന്നു് ഉപയുക്തങ്ങളും അപ്രകടിതങ്ങളുമായ പുരാതനഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുവാനുദ്യമിച്ചുതുടങ്ങീട്ടുണ്ടെന്നുള്ള സന്തോഷവാർത്ത വിദ്യാപ്രണയികൾക്കെല്ലാം അനുമോദിക്കത്തക്കതാണല്ലോ. ഗവർമ്മേണ്ടു വകയായി ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലേക്കു് അധികാരപ്പെടുത്തപ്പെട്ട തൃപ്പൂണിത്തുറ സംസ്കൃതകോളേജു കമ്മിററിക്കാർ പ്രവേശകം പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിക്കുകയും അതിന്നൊരു 'ലഘുവിവൃതി'യെഴുതുവാൻ ഈയുള്ളവനെ ആജ്ഞാപിക്കുകയും ചെയ്തു. അതനുസരിച്ചു കഴിവുള്ളവിധത്തിൽ ഒരു വിവരണം ഞാനെഴുതുകയും അതോടുകൂടി പ്രവേശകം ദേവനാഗരി അക്ഷരത്തിൽ മദിരാശി ബാലമനോരമ അച്ചുക്കൂടത്തിൽ അച്ചടിക്കുകയും ചെയ്തുവരുന്നു. അധികം കാലതാമസമെന്നിയെ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതാണെന്നും പ്രതീക്ഷിക്കാം. ഒരു കാലത്തു സംസ്കൃതവിദ്വാന്മാരുടെ വിളനിലമായിരുന്ന കേരളഭൂമിയിൽ എത്രയെത്ര ശാസ്ത്രഗ്രന്ഥങ്ങളാണു് ഉണ്ടായിക്കൊണ്ടിരുന്നതു്! അവയെ തിരഞ്ഞുനോക്കുവാനെന്നല്ല തിരിഞ്ഞുനോക്കുവാൻ കൂടി ആരുമില്ലാത്ത ഒരു കാലം വരുമെന്നു് ആരെങ്കിലും വിചാരിച്ചിരുന്നുവൊ? പരിവർത്തനമയമായ ലോകഗതിയിൽ അവയ്ക്കെല്ലാം പുനഃപ്രകാശം സിദ്ധിപ്പാനുള്ള സുവർണ്ണസമയം വന്നുകൂടായ്കയുമില്ല.

'നീചൈർഗ്ഗച്ഛത്യുപരി ച ദശാ ചക്രനേമിക്രമേണ' എന്നുള്ള സുഭാഷിതം സ്മരിച്ചാശ്വസിക്കയല്ലാതെ ഇപ്പോൾ ഗത്യന്തരമൊന്നും കാണുന്നില്ല.

പി. എസ്സ്. അനന്തനാരായണശാസ്ത്രി.

# ഇന്നത്തെ ഏകാധിപതികൾ.

ഹിററ്ലർ, മുസ്സോലിനി, സ്റ്റാലിൻ—പോരെങ്കിൽ ഫ്രാങ്കോ കൂടി—ഇവരാണ് ഇന്നു ബ്രഹ്മാണ്ഡത്തെ കിടുകിടെ വിറപ്പിക്കുന്ന സർവ്വാധിപതികൾ. ഫ്രാങ്കോയ്ക്ക് ഏകശാസനത്വം ശങ്കാതീതമായിത്തീർന്നിട്ടില്ല. വിളംബം വിനാ അദ്ദേഹവും ത്രിമൂർത്തികളുടെ പദവിയിൽ കയറാൻ എളുപ്പമുണ്ട്. അപ്പോഴാകാം അദ്ദേഹത്തെക്കുറിച്ചാലോചിക്കുക. ഇന്നു ത്രിമൂർത്തികളെപ്പററിയുള്ള വാഗ്വാദങ്ങളേ എങ്ങും കേൾപ്പാനുള്ളു. യൂറോപ്പിലെ പത്രങ്ങളിലും മാസികകളിലും ആ ഗജകേസരികളുടെ കാര്യം പറയാത്ത ഒരു ദിവസവുമില്ല. പുസ്തകങ്ങളാണെങ്കിൽ പലരും പ്രസാധനം ചെയ്യുന്നുണ്ട്. എഴുതാൻ വിഷയം കിട്ടാതെ വിഷമിക്കുന്ന പലരും ഹിററ്ലരേയും മുസ്സോലിനിയേയും സ്റ്റാലിനേയും പിടികൂടിയിട്ടാണ് ഉപജീവിക്കുന്നതെന്നു പറയാം. അവരുടെ പ്രസിദ്ധീകരണങ്ങൾക്കുള്ള വില എന്തായാലും വേണ്ടതില്ല, അവ പ്രസ്തുതസർവ്വാധിപതികളെ സംബന്ധിച്ച രസാവഹങ്ങളായ പല വിവരങ്ങളും പൊതുജനദൃഷ്ടിയിൽപ്പെടുത്തുവാൻ ഉതകുന്നവയാകുന്നു.

മൂന്നുപേരുടേയും രാജ്യഭരണസംഹിതകൾ മൂന്നുവിധത്തിലാണെന്നു മിക്കപേർക്കും തോന്നാം. സ്വസ്വാശയങ്ങളെ വിശദമാക്കിക്കൊണ്ട് അവർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥതല്ലജങ്ങളിൽ അങ്ങനെയൊരു പ്രതീതിയുണ്ടാക്കത്തക്ക ഉപായങ്ങൾ പ്രയുക്തമായിട്ടുണ്ട്. സൂക്ഷ്മമാലോചിച്ചാൽ മൂന്നുപേരും ഒരേ തോതിൽ വ്യക്തിസ്വാതന്ത്ര്യത്തെ നിശ്ശേഷം ഹനിച്ചു രാഷ്ട്രശക്തിയെ സർവ്വോപരിഷ്ഠമാക്കി കയ്യടക്കിവെച്ചുകൊണ്ടിരിക്കുന്നവരാണെന്നു ബോദ്ധ്യമാകും. ജർമ്മനിയിൽ താനൊരാൾ മാത്രം മനുഷ്യനും മറെറല്ലാവരും കന്നുകാലികളുമാണെന്നത്രെ ഹിററ്ലരുടെ ഭാവം. രാഷ്ട്രീയജീവിതത്തിൻെറ സമാരംഭത്തിൽത്തന്നെ ജർമ്മൻകാരെയെല്ലാം മൂക്കിനു പിടിച്ചു നടത്താമെന്നു ഹിററ്ലർ പ്രതീക്ഷിച്ചിരുന്നു. മുസ്സോലിനിയും സ്റ്റാലിനും ഏതദ്വിഷയത്തിൽ ഹിററ്ലരുടെ സഹോദരന്മാരാണെന്നു പറഞ്ഞാൽ തെററില്ല. ജനങ്ങളെ വെറും പാവകളായിട്ടേ അവർ എണ്ണുന്നുള്ളു. പക്ഷേ ഓരോരുത്തനും ഓരോവിധത്തിലായിരിക്കും സ്വന്തം നയത്തെ, അഥവാ വ്യക്തിസ്വാതന്ത്ര്യഭഞ്ജനത്തെ സാധൂകരിക്കുക. അതിനു വേണ്ട വാഗ്വൈഭവം അവർക്കുണ്ട്.

ഹിററ്ലർ ജർമ്മൻ നേതാവായി അവരോധിക്കപ്പെട്ടതിനു

മുമ്പ് അദ്ദേഹത്തോടൊരു സ്നേഹിതൻ "നിങ്ങൾ ഏകാധിപതിയായാൽ പത്രങ്ങൾക്കു സ്വാതന്ത്ര്യമുണ്ടാകുമോ?" എന്നു ചോദിക്കുകയുമുണ്ടായി. ഉടനെ ഹിററ്ലർ,

"നിശ്ചയമായും; ഞാൻ ജർമ്മനിയുടെ നേതാവായിക്കഴിയുമ്പോൾ പത്രങ്ങൾക്കു സമ്പൂർണ്ണമായ സ്വാതന്ത്ര്യത ഉണ്ടായിരിക്കും" എന്നുത്തരം പറഞ്ഞു. സ്നേഹിതൻ സമ്പൂർണ്ണശബ്ദത്തിൻെറ അർത്ഥം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഹിററ്ലർ,

"അതേ, സമ്പൂർണ്ണമായ സ്വാതന്ത്ര്യം — എന്നുവെച്ചാൽ മാതൃഭൂമിക്കെതിരായി പ്രവർത്തിക്കാത്തവൎക്കെല്ലാം സമ്പൂർണ്ണമായ സ്വാതന്ത്ര്യം" എന്നു സമാധാനം പറഞ്ഞു. ഹിററ്ലരുടെ നയത്തെ നിരൂപിക്കുന്നവൎക്കു ജർമ്മനിയിൽ സ്ഥാനമില്ലെന്നാണ് ഇപ്പറഞ്ഞതിൻെറ അർത്ഥമെന്നു സ്നേഹിതൻ മനസ്സിലാക്കാതിരുന്നില്ല. ഇത്തരം വ്യക്തിസ്വാതന്ത്ര്യനാശകങ്ങളായ ശാസനങ്ങൾ മററുള്ളവരും പുറപ്പെടുവിച്ചിട്ടുണ്ട്. സോവിയററ് റഷ്യയിലേക്കു നോക്കുക. രാഷ്ട്രവിജ്ഞാനീയത്തിൽ ബഹുശ്രുതനായ ഹാരോൾഡ് ലാസ്കി ഈ പ്രകാരം പറയുന്നു:

"In the classic sense of absolute Liberalism freedom does not exist in the Soviet Union. There is no liberty to criticise the fundamentals of the regime. A citizen who sought to over-throw the philosophy of Marx or to urge that Trotsky, and not Stalin, wears the true mantle of Lenin's tradition, would soon find himself on the way to exile or imprisonment."

എല്ലാവരുടെയും വായടച്ചുകെട്ടിക്കൊണ്ടു ദിഗന്തഭേദകമാംവണ്ണം ഗർജ്ജിച്ചു സന്തോഷംകൊള്ളുന്ന കേസരിപ്രവരന്മാരാണു മൂന്നുപേരും.

യഥാർത്ഥത്തിൽ മൂന്നുപേരുടെയും ജീവിതം അസിധാരാവലേഹനംപോലെയാണ്. അവരോളം ജീവഹാനിയെപ്പേടിക്കുന്നവർ ഭൂമുഖത്ത് ഇല്ലെന്നു പറയാം. സ്വരക്ഷയ്ക്കായി അവർ ചെയ്യുന്ന മുൻകരുതലുകൾക്ക് അററമില്ല. ഒരിക്കൽ എപ്പിഞ്ചർ എന്നു പേരുള്ള ഒരു വിയന്നക്കാരൻ ഡോക്ടർ, സ്റ്റാലിൻെറ ശരീരപരിശോധനക്കു ക്ഷണിക്കപ്പെടുകയുണ്ടായി. മോസ്കോവിൽച്ചെന്നപ്പോൾ അദ്ദേഹത്തിന് ഒരേമട്ടിൽ വസ്ത്രധാരണം ചെയ്തിരുന്ന പതിനാറു സ്റ്റാലിൻമാരെ പരിശോധിക്കേണ്ടിവന്നുവത്രെ. ഓരോരുത്തരെക്കുറിച്ചും തനിക്കു തോന്നിയ അഭിപ്രായം രേഖപ്പെടുത്തിക്കൊടുക്കുമാറ് അദ്ദേഹം ആജ്ഞാപിത

നായി. അപ്രകാരം ചെയ്തു് അദ്ദേഹം മടങ്ങി. വാസ്തവത്തിൽ ഏതാളായിരുന്നു സ്റ്റാലിനെന്നു് അദ്ദേഹത്തിന്നു മനസ്സിലായില്ല. നോക്കണം! നിരപരാധനായ ഒരു ഡോക്ടരെക്കൂടി ആ സർവ്വാധിപതി പേടിച്ച പേടി! ഏകദേശം ഇപ്രകാരമുള്ള സംഭവങ്ങൾ മററിരുവരെസ്സംബന്ധിച്ചും വേണ്ടുവോളം പറയാനുണ്ടാകും.

മൂവരിലുംവെച്ചു് ഏററവും മിടുക്കൻ മുസ്സോലിനിയാണെന്നു പലക്കും അഭിപ്രായമുണ്ടു്. അബിസീനിയൻ യുദ്ധത്തിന്നുവേണ്ടി അദ്ദേഹം ചെയ്തുപോന്ന സന്നാഹങ്ങൾ അതിന്നു തെളിവായിരിക്കും. പത്തുകൊല്ലം മുമ്പേ അബിസീനിയയെ കൈപ്പടത്തിലൊതുക്കുവാൻ മുസ്സോലിനി, പ്രസിദ്ധനായ മക്കിയാവല്ലിയുടെ ദീഘ്ദൃഷ്ടിയോടുകൂടി തീച്ചയാക്കിയിരുന്നു. ഒന്നാമതായി അബിസിനിയയോടു് അദ്ദേഹം സൌഹാർദ്ദം നടിച്ചുകൊണ്ടു് ഒരു സന്ധിചെയ്തു. അനന്തരം അബിസീനിയക്കു സർവ്വരാജ്യസഖ്യത്തിൽ സ്ഥാനം അദ്ദേഹംതന്നെ പണിപ്പെട്ടു സമ്പാദിച്ചുകൊടുത്തു. 1933-ൽ ആരുമറിയാതെ ഡിബോണോയെ അയച്ചു് എറിട്രിയവഴിക്കു് അബിസീനിയായെ ആക്രമിക്കുവാനുള്ള സൌകര്യങ്ങളെന്തൊക്കെയെന്നു മുൻകൂട്ടി അന്വേഷണംചെയ്തു മനസ്സിലാക്കി. അപ്പോഴേക്കും ബ്രിട്ടന്റേയും ഫ്രാൻസിന്റേയും കണ്ണിൽ പൊടിയിടണമെന്നദ്ദേഹത്തിന്നു തോന്നി. അതിന്നു ചെയ്ത യത്നത്തിന്റെ ഫലമായിട്ടാണു പ്രധാനമന്ത്രി റാംസെ മാക്ഡോണാൾഡും സർ ജോൺ സൈമണും കെല്ലോഗ് സന്ധിയെ അസ്പദമാക്കി ലോകസമാധാനസ്ഥാപനത്തെക്കുറിച്ചാലോചിക്കുവാൻ റോമിൽ എത്തിയതത്രെ. മുസ്സോളിനിയുടെ ഉള്ളുകള്ളികൾ ധരിച്ചിട്ടുള്ള ഒരെഴുത്തുകാരന്റെ അഭിപ്രായം ആദരിക്കുകയാണെങ്കിൽ ആ റോമാനഗരസന്ദശ്നം ബ്രിട്ടന്നു പററിയ ഊക്കൻ പിഴകളിൽ ഒന്നാണെന്നു വിചാരിക്കാം. സന്ദശനവേളയിൽ റോമൻകാർ "The British ministers have come not merely to Rome but to Canossa" എന്നു മന്ത്രിച്ചിരുന്നതായി അറിയുന്നു. ആ സംഭവത്തിന്നുശേഷം മുസ്സോലിനിയുടെ ശ്രമം ഹിററ്ലറെ വലവീശിപ്പിടിക്കുവാനായിരുന്നു. ഒരുകാലത്തു നിസ്സാരനാക്കിത്തള്ളിയ ആ ജർമ്മൻ നേതാവിനെ അദ്ദേഹം സ്നേഹപൂർവ്വം വെനീസ്സിലേക്കു ക്ഷണിച്ചു. ഈയിടെ നടന്ന ഓസ്ത്രിയൻ സമാക്രമണം അന്നു പെട്ടെന്നു നടക്കാതിരിക്കണമെന്നായിരുന്നു മുസ്സോലിനിയുടെ പ്രാത്ഥന. എന്തായാലും ഹിററ്ലരുടെ വെനിസ്സന്ദശ്നം ഭംഗിയായിക്കഴിഞ്ഞുകൂടി. ആ അവസരത്തിൽ ഹിററ്ലരുടെ അരതിയററ സംഭാഷണകോലാഹലം

കണ്ടിട്ടു മുസ്സോലിനി സ്വന്തം നാവികസേനാപതിയോടു് "അദ്ദേഹമൊരു ചുരുക്കത്തിൽ ഒരു ബഫൂൺ" എന്നു മന്ത്രിക്കയുണ്ടായത്രെ. ഹിററ്ലറെക്കൊണ്ടു് അമ്മാനമാട്ടുവാൻ തനിക്കു കഴിയുമെന്നുപോലും മുസ്സോലിനി വിശ്വസിച്ചിരിക്കണം. ഇങ്ങനെ എല്ലാ വഴികളും ഭദ്രമായി കെട്ടിനിരത്തിയിട്ടേ അദ്ദേഹം അബിസീനിയയുടെ നേക്കു് ആയുധമുയത്തിയുള്ളുവെന്നു വന്നാൽ അദ്ദേഹത്തിൻെറ പൂവ്വസമീക്ഷാപടുത്വം സീമാതീതമെന്നു സമ്മതിക്കേണ്ടിവരും.

മുസ്സോലിനിയുടെ അപഹാസത്തിനു പാത്രീഭവിച്ച ആ പ്രഭാഷണപ്രഭാവം അത്ര അധഃസ്ഥനമൊന്നുമല്ല. ഒരുവിധത്തിൽ അതാണു ഹിററ്ലറുടെ ജീവൻ. വാഗ്ധോരണികൊണ്ടു ജർമ്മൻകാരെ മാത്രമല്ല കാസ്ത്രീയക്കാരെപ്പോലും അദ്ദേഹം വശീകരിച്ചിട്ടു നാളേറെയായില്ലല്ലോ. ഒരു കനഡാക്കാരൻ ഹിററ്ലറുടെ പ്രസംഗധോരണിയെസ്സംബന്ധിച്ചു് ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"ഏതെങ്കിലും വിഷയത്തിൻെറ ഒരു ഭാഗത്തെക്കുറിച്ചു് ഒരു മണിക്കൂറിലധികം ഹിററ്ലറുടെ പ്രസംഗം കേട്ടു മതിമറന്ന എനിക്കു് അതേവിഷയത്തിൻെറ മറുഭാഗത്തെക്കുറിച്ചു പിന്നീടൊരുമണിക്കൂറിൽ കുറയാതെ അദ്ദേഹത്തിൻെറ പ്രസംഗം കേട്ടാൽ അപ്പോഴും അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ വകവെച്ചു കൊടുക്കുവാൻ എനിക്കു തോന്നും. എത്ര ഉത്തേജകമായ വാഗ്വിലാസം! കനഡാക്കാരനായ എന്നെ[ ]അങ്ങനെ വശീകരിക്കാമെങ്കിൽ സ്വദേശീയരെ പാട്ടിലാക്കുവാൻ അദ്ദേഹത്തിനുണ്ടോ പ്രയാസം!!" വാഗ്ജാലംകൊണ്ടു് ആളുകളെ വശപ്പെടുത്തുന്ന വിദ്യ പണ്ടേ ഹിററ്ലർ പരിശീലിച്ചിട്ടുള്ളതാണു്. ഒരിക്കൽ ഒരു സഹപ്രവത്തകനോടു് അദ്ദേഹം "It is impossible to under-estimate the intellectual capacity of the masses. Tune your propaganda to the level of the average vot er, and you will succeed" എന്നു പറയുകയുണ്ടായി. ഇദാനീന്തനന്മാക്കു് ഈ വഴി അശ്രുതപൂവ്വമല്ല. എന്നിരുന്നാലും ഹിററ്ലറെപ്പോലെ അതിനെ സവ്വോപരി അവലംബിച്ചു വിജയമടഞ്ഞിട്ടുള്ളവർ ചുരുങ്ങും.

മുസ്സോലിനിക്കു് അസാഹസികങ്ങളും അവധാനപൂവ്വകങ്ങളുമായ യത്നങ്ങൾ ഉൽക്കഷദായകങ്ങളായിട്ടുണ്ടെങ്കിൽ ഹിററ്ലക്കു യാദൃച്ഛികസംഭവങ്ങളാണു വിജയപ്രാപ്തിക്കു സഹായിച്ചിട്ടുള്ളതെന്നു തൽപക്ഷീയരിൽ പ്രധാനഭൂതനായ ഹെർലൂഡ്വിക് പറയുന്നു. ആദ്യം ഭരണവിഷയകമായി അദ്ദേഹത്തിനു പററിയ ഭയാനകങ്ങളായ പ്രമാദങ്ങൾ ഹിണ്ടൻ

ബഗ്ഗിൻെറ അപ്രതീക്ഷിതനിര്യ്യാണം നിമിത്തം ആരും അറിയാതെ പോയി. മുസ്സോലിനിയുടെ അബിസീനിയാസമരം ഇററലിയേയും ഇംഗ്ലണ്ടിനേയും ഹിററ്ലറുടെ സുഹൃത്തുക്കളാക്കി. ജോർജ്ജ് ചക്രവർത്തിയുടെ ദേഹവിയോഗവും അതിനു ശേഷം നടന്ന രാജാഭിഷേകകലഹവും നിമിത്തം ഹിററ്ലർക്ക് ആയുധസംഭരണം മുഴുവനാക്കാനുള്ള സൌകര്യം കിട്ടി. പോരെങ്കിൽ സഹവർത്തികളായ ഏതാനും രാഷ്ട്രീയനേതാക്കന്മാരുടെ വിഡ്ഢിത്തങ്ങൾ ഹിററ്ലറുടെ പുരോഗമനത്തെ സുരക്ഷിതമാക്കിച്ചെയ്തു.

കൂട്ടുകാർക്ക് അധികാരം പങ്കിട്ടുകൊടുക്കുവാൻ മടിക്കുന്നവനല്ല ഹിററ്ലർ. എല്ലാവരും തൻെറ വെണ്കൊററക്കുടക്കു കീഴിൽ ഒതുങ്ങണമെന്നേ അദ്ദേഹത്തിനു വ്രതമുള്ളു. എന്നാൽ കൂട്ടുകാർ സ്വന്തം കുടുംബക്കാരാകാൻ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. "എൻെറ കുടുംബക്കാർ കൂടുതൽ അഭ്യുദയം അർഹിച്ചിരുന്നുവെങ്കിൽ അവർ അതു് എന്നെപ്പോലെ പണിപ്പെട്ടു സമ്പാദിക്കുമായിരുന്നു" എന്നാണദ്ദേഹം പറയാറു്. തൻെറ നക്ഷത്രഫലത്തേയും സംഭാഷണകൌശലത്തേയും സൂചിപ്പിച്ചുകൊണ്ടു് അദ്ദേഹം "ഈ കൈകൾ നോക്കുക, കക്കോട്ട പിടിക്കുവാൻ ഇവ ഉദ്ദേശിക്കപ്പെട്ടിരുന്നുവെന്നു വല്ലവർക്കും തോന്നുമോ?" എന്നാക്രോശിക്കുന്നതു കേൾക്കുമ്പോൾ സ്വശക്തിയെക്കുറിച്ചു് അദ്ദേഹത്തിനുള്ള അഭിമാനം ഏതു തരമാണെന്നു് ഊഹിക്കാമല്ലോ. വിചാരവിചക്ഷണനായ മുസ്സോലിനി നേരെ മറിച്ചു നെപ്പോളിയനെപ്പോലെ സ്വവംശിയരിൽ ഓരോരുത്തനും സ്ഥാനമാനങ്ങൾ നേടിക്കൊടുക്കുവാൻ ശ്രദ്ധിക്കുന്നുണ്ടു്.

എന്തൊക്കെയായാലും മിസ്റ്റർ വാർഡു്പ്രൈസ് എന്ന ലേഖകൻ പറയുമ്പോലെ മുസ്സോലിനിയും ഹിററ്ലറും വെറും പകിട്ടുകൊണ്ടു മാത്രമല്ല ജനസമ്മതിയെ കയ്യിലാക്കിയിട്ടുള്ളതു്. സമുദായത്തിൻെറ ഏററവും താണപടിയിൽക്കിടന്നിരുന്ന രണ്ടാളുകളെ രണ്ടു സാമ്രാജ്യങ്ങളുടെ ഉദ്ധാരകന്മാരായി ജനങ്ങൾ ധന്യവാദം ചെയ്യണമെങ്കിൽ അവർ ഒട്ടൊക്കെ അഭൂതപൂർവ്വമാംവണ്ണം രാജ്യസേവനം ചെയ്തിട്ടുണ്ടെന്നു വേണ്ടയോ വിശ്വസിക്കുവാൻ?

ജോസഫ് മുണ്ടശ്ശേരി എം. എ.

## വെൺമണിയുടെ രീതി.

പോയ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന വെണ്മണിനമ്പൂതിരിപ്പാടന്മാർ സംസ്കൃതഭാഷാപദങ്ങളുടെ സമാക്രമണത്താൽ കൃത്രിമമായിത്തീർന്നിരുന്ന മണിപ്രവാളകവിതയുടെ ബാഹ്യരൂപത്തിൽ വലിയ പരിവർത്തനം വരുത്തിയിട്ടുണ്ടെന്നു സാഹിത്യവിമർശകനു സമ്മതിക്കാതിരിക്കുവാൻ സാധിക്കയില്ല. നിരാഡംബരവും സ്വാഭാവികവുമായി പദ്യം രചിക്കുവാനായിരുന്നു അവരുടെ ഉദ്യമം. ചേലപ്പറമ്പു്, പൂന്തോട്ടം, മുതലായ ഭാഷാകവികൾ വെണ്മണിക്കു മാർഗ്ഗനിർദ്ദേശം ചെയ്തുകഴിഞ്ഞിട്ടുണ്ടായിരുന്നെങ്കിലും കടമ്പൻ നമ്പൂതിരിപ്പാടുതന്നെയാണു് അവരുടെ പ്രസ്ഥാനം സുഗമവും ആകർഷകവുമാക്കിത്തീർത്തതു്.

"പാടത്തിൻ കരെ നീളെ നീലനിറമായ്
　　വേലിക്കൊരാഘോഷമാ-
യാടിത്തുങ്ങിയുലഞ്ഞുലഞ്ഞു സുകൃതം
　　കൈക്കൊണ്ടിരിക്കും വിധൗ
പാരാതേ വരികെന്റെ കൈയിലധുനാ
　　പീയൂഷ ഡംഭത്തെയും
ഭേദിച്ചുങ്ങനെ കയ്പ വല്ലി തരസാ
　　പെറവല്ല പൈതങ്ങളേ!

(ചേലപ്പറമ്പു്)

പൂമെത്തേലെഴുന്നേററിരുന്നു ദയിതേ!
　　പോകുന്നു ഞാനെന്നു കേ-
ട്ടോമൽക്കണ്ണിണ നീരണിഞ്ഞ വദന-
　　പ്പൂവൊട്ടു ഗാഢം തദാ
പൂമേനിത്തളിരോടു ചേർത്തഹമിനി-
　　ക്കാണുന്നതെന്നെന്നക-
പ്പൂമാലോടളിവേണി ചൊന്ന മധുര-
　　ച്ചൊല്ലിന്നു കൊല്ലുന്നുമാം.

(പൂന്തോട്ടം)

തിണ്ണം ചെന്നിട്ടു തീയിൽ തെളിവിനൊടു തിള-
　　ക്കുന്ന പാലൊട്ടു പൊന്നിൻ-
കിണ്ണം കൊണ്ടമ്മ കാണാതടവിലുടനുടൻ
　　മുക്കി മുക്കിൽ പതുങ്ങി

കണ്ണും പാർത്തങ്ങു നിന്നിട്ടതു ചൊടിയിണകൊ-
ണ്ടൂതിയൂതിക്കുടിക്കും
കണ്ണൻ കല്യാണപൂർണ്ണൻ കളകമലദള
കണ്ണനെൻ കണ്ണിലാമോ!"

(വെണ്മണി)

കലാപരമായ കൗശലത്തിൽ വെണ്മണിയുടെ തുവലിന്നുള്ള അന്യാദൃശോൽകർഷം ഈ പദ്യങ്ങൾ സശ്രദ്ധം വായിക്കുന്നപക്ഷം സുഗ്രഹമാകാതിരിക്കയില്ല. എങ്കിലും ക്രമത്തിൽ വിസ്താരവും വിശദതയും കൂടിക്കൂടി വരുന്ന ഒരു നദീപ്രവാഹത്തിന്റെ മൂന്നു ഘട്ടങ്ങൾക്കുള്ള ബന്ധം ഈ കാവ്യസന്ദർഭങ്ങൾക്കു കാണ്മാനുണ്ടു്. ചേലപ്പറമ്പിന്റേയും പൂന്തോട്ടത്തിന്റേയും പിന്നാലെ പോയി മുൻപിൽ കടന്ന വെണ്മണിയുടെ മണിപ്രവാളശൈലി ഭാഷാകവിതയെ സാധാരണജനങ്ങളോടു് അടുപ്പിക്കുന്നതിന്നു് അത്യന്തം ഉപകരിച്ചിട്ടുണ്ടെന്നു ആരും സമ്മതിക്കും. അലങ്കാരം കൊണ്ടു ശ്വാസം മുട്ടാതെ, സംസ്കൃതവിഭക്ത്യന്തശബ്ദങ്ങളാൽ തുന്നിയുണ്ടാക്കിയ വിജാതീയവസ്ത്രം ധരിക്കാതെ, കേരളീയ വേഷത്തിൽ പുറപ്പെട്ട നമ്പൂതിരിപ്പാട്ടിലെ സരസ്വതി പദവിന്യാസവും ലളിതവിലാസവും കൊണ്ടുതന്നെ ഭാഷാപ്രണയികളെ സ്വാധീനമാക്കിക്കളഞ്ഞു. തന്മൂലമാണു് ആശയഭംഗിയെക്കുറിച്ചോ വികാരശുദ്ധിയെക്കുറിച്ചോ ആരും അന്വേഷിക്കാതിരുന്നതു്. ഭാഷാകവിത നിരാഡംബരയായിട്ടുമാത്രമല്ല, പലപ്പോഴും നഗ്നയായിട്ടാണു്, നമ്പൂതിരിപ്പാടിന്റെ മുമ്പിൽ നൃത്തം ചെയ്തിരുന്നതെന്നു തോന്നിപ്പോകുവാൻ ഇടവന്നതു് അന്നത്തെ സാഹിത്യാഭിരുചിയുടെ ആശാസ്യമല്ലാത്ത സ്ഥിതി കൂടി അതിനു് അനുവദിച്ചതുകൊണ്ടായിരിക്കണം. കവിത, നർമ്മാലാപം, ചതുരംഗം, വ്യഭിചാരം ഇവ സമാനകക്ഷ്യയിലുള്ള വിനോദങ്ങളായി ഒരു സമുദായമോ വ്യക്തിയോ ഗണിക്കുന്നതു സാഹിത്യാദർശത്തിന്റെ അധഃപതനത്തേയും കവിതയുടെ അപചയഘട്ടത്തേയും അത്രെ കുറിക്കുന്നതു. സംസ്കൃതത്തിന്റെ പ്രക്ഷീണമായ പ്രതിദ്ധ്വനിപോലെ ഭാഷയിൽ ആവിർഭവിച്ച ആ സാങ്കേതികപ്രസ്ഥാനത്തിന്റെ അപജയദശയിലല്ല വെണ്മണി ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിന്റെ സഹജശക്തികൾ കുറേക്കൂടി പ്രത്യക്ഷമാകുമായിരുന്നു.

വെണ്മണിയുടെ രീതിയെ മുക്തകണ്ഠം പ്രശംസിക്കണമെങ്കിൽ രചനയ്ക്കു വളരെ സങ്കുചിതമായ അർത്ഥം കല്പിക്കേണ്ടിവരും. ഭാവനാ

പൂൎണ്ണവും സംസ്കാരശുദ്ധവും ആയ കവിഹൃദയം നിറയുമ്പോൾ ബഹിൎഗ്ഗമിക്കുവാൻ തിടുക്കംകൊള്ളുന്ന വികാരതുന്ദിലമായ ആശയം സ്വയം പ്രാപിക്കുന്ന രൂപമാണു രചന. രീതിയിൽ മുഖ്യമായി മൂന്നു ഘടകങ്ങൾ അന്തൎഭവിച്ചിരിക്കുന്നു: ചിന്താപരം (Intellectual Element), വികാരപരം (Emotional Element), കലാപരം (Aesthetic Element). പ്രമേയത്തിന് അനുരൂപമായ ഭാഷ, സന്ദൎഭത്തിന് ഉചിതമായ പദം മുതലായവ ചിന്താപരങ്ങളായ ഘടകങ്ങളാകുന്നു. വികാരജനകത, ധ്വനിപ്രധാനത, വൎണ്ണനത്തിന്റെ ഹൃദയംഗമത, ഇത്യാദ്യംശങ്ങൾ വികാരപരങ്ങളാണ്. വികാരവിചാരങ്ങളുടെ ഗുണ്യമായ വ്യാപാരത്തിൽ നിന്നല്ലാതെതന്നെ ആഹ്ലാദം ജനിപ്പിക്കുന്നവിധത്തിലുള്ള പദബന്ധം—പ്രാസാനുപ്രാസവിനിവേശം, മാധുൎയ്യം, സംഗീതപ്പൂൎത്തി തുടങ്ങിയവയാൽ ആകൎഷകമായിത്തീരുന്ന വാക്യഘടന— കലാപരമായ അംശമാണ്. സ്വീയമായ വ്യക്തിമാഹാത്മ്യത്തിൽനിന്ന് അങ്കുരിക്കുന്ന ഈ രീതിധൎമ്മങ്ങളിൽ മൂന്നാമതു നിൎദ്ദേശിച്ചിട്ടുള്ള ഘടകത്തിൽ മാത്രമേ നമ്പൂതിരിപ്പാടിന്റെ സാമൎത്ഥ്യം മിക്കപ്പോഴും പ്രകടമായിരിക്കുന്നുള്ളു.

> 'പൊന്നിൻകേഴക്കിടാവിൻ കഴലതൊരു പെരു-
> മ്പാമ്പുമന്ദം വിഴുങ്ങി
> ത്തിന്നുമ്പോൾ കേണുനോക്കും മിഴിയതിലഴകേ-
> റുന്ന ലോലായതാക്ഷി!'

ഈ പദ്യാൎദ്ധത്തിനു മധുരമായ ഭാവനയോ ഉജ്ജ്വലമായ വികാരമോ ഉന്നതമായ ചിന്തയോ സ്ഫുരിക്കുന്നതുകൊണ്ടുള്ള ചമൽക്കാരമുണ്ടെന്നു ആരും വാദിക്കയില്ല. 'വിഴുങ്ങിത്തിന്നുക', 'കഴലതു', 'മിഴിയതിൽ' എന്നിങ്ങനെ അശക്തിദ്യോതകങ്ങളായ പ്രയോഗങ്ങൾ പ്രകടമായിനില്ക്കുന്നുണ്ട്. '........മിഴിയതിലഴകേറുന്ന ലോലായതാക്ഷി', എന്നു സമാസിക്കുന്നതു ക്ലിഷ്ടമാകുന്നു. രണ്ടുപാദത്തിൽ നീട്ടിവലിച്ചു സാധിച്ചിട്ടുള്ള സംബുദ്ധിയുടെ ഔചിത്യരാഹിത്യം വ്യക്തമാണ്; എന്നാലും ശ്രോത്രരമ്യമായ ഒരു പദനിബന്ധമാണിതെന്ന് എല്ലാവരും സമ്മതിക്കുമെന്നു തോന്നുന്നു. രീതിയെ സംബന്ധിച്ചേടത്തോളം വെണ്മണിപ്രസ്ഥാനത്തിൽ ഇതിലധികം ചാരുതാധായകമായിട്ടൊരു ധൎമ്മം സാമാന്യമായി ദൃശ്യമാകുന്നില്ല.

കവിത അകൃത്രിമസുന്ദരമാകുവാൻ അതിന്റെ രൂപത്തിൽ നമ്പൂതിരിപ്പാടു പ്രത്യക്ഷമാക്കിയ കലാകൗശലം എത്രമാത്രം ശ്ലാഘ്യമായി

രുന്നാലും, കരുതിക്കൂട്ടി പ്രയോഗിക്കുന്ന പ്രാസം മൂലം മററൊരു തരത്തിലുള്ള കൃത്രിമത അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനുണ്ടെന്നു് ഈ അവസരത്തിൽ വിസ്മരിക്കാവുന്നതല്ല. "ചോപ്പും ചോരത്തിളപ്പും പൊക പൊകെ വിലസീത്തത്തുമാത്തപ്പത്തകക്കോപ്പും," "കണ്ണത്തിൽ കനൽ പോലെ കാന്തികളിയാടിട്ടും പതക്കങ്ങളും കണ്ടാൽ കണ്മണി ചിന്നിടുന്ന കനകക്കോപ്പും കലർന്നങ്ങനെ," ഇത്യാദി പദ്യങ്ങളിൽ ഈ കവിപ്രയത്നം മുഴച്ചുനിൽക്കുന്നു. "The art of the artist is to hide the art" "കലാകാരന്റെ കലാകൗശലം കലാഗുപ്തിയിലാണു്" എന്ന സാമാന്യതത്വം നമ്പൂതിരിപ്പാട്ടു് ആദരിച്ചിരുന്നില്ല.

ഉചിതപദപ്രയോഗത്തിലും വികാരവ്യഞ്ജകമായ രചനയിലും വെണ്മണി എത്രമാത്രം അശ്രദ്ധാലുവായിരുന്നെന്നു താഴെ ഉദ്ധരിക്കുന്ന സന്ദർഭം വ്യക്തമാക്കും.

"ചൂതാങ്കുരാസ്വാദകഷായകണ്ഠഃ
പുംസ്കോകിലോ യന്മധുരം ചുകൂജ
മനസ്വിനീമാനവിഘാതദക്ഷം
തദേവജാതം വചനം സ്മരസ്യ"

എന്ന ഭാവനാസുരഭിലമായ പദ്യബിന്ദു വെണ്മണിയുടെ വാക്പ്രവാഹത്തിൽ പരക്കുന്നതു നോക്കുക.

"മാനിനിമാരേ കേൾപ്പിൻ നിങ്ങടെ
മാനമെഴുന്നൊരു കാന്തന്മാരൊടു
മാനമിതരുതേ വെറുതേ കഷ്ടം
മാനമതൊട്ടും ശരിയല്ലിപ്പോൾ.
അഞ്ചോ പത്തോ ദിവസം നിന്നിട്ട-
ഞ്ചിതയൗവനമത്രേയുള്ളു
സഞ്ചികണക്കെത്തൂങ്ങിപ്പോം മുല
കിഞ്ചനകാലം ചെന്നിട്ടമ്പോൾ
എന്നതുകൊണ്ടരികത്തു വരുന്നൊരു
സുന്ദരപുരുഷന്മാരൊടുകൂടി
നന്ദി കലർന്നു രമിച്ചീടേണമ-
തെന്നൊരു സിദ്ധാന്തത്തോടുകൂടി
ദർപ്പമനല്പമിയന്നീടുന്നൊരു
ദർപ്പകനാകിയ മന്നവതിലകൻ

ശില്പമതാക്കിക്കല്പിച്ചോരു വി-
കല്പമകന്നൊരു കല്പനയഖിലം
ഒന്നൊഴിയാതിയ്യൂഴിയിലന്പൊടി-
രുന്നിട്ടമാളുകളഖിലവുമറിവാൻ
വന്നിവർ പറയുകയാണെന്നങ്ങനെ
തോന്നിട്ടമാറതി ഭംഗിയൊടപ്പോൾ
കുളിർമ കലന്നൊരു മാകന്ദത്തളിർ
കളകണ്ഠങ്ങൾനുകന്നതി സരസം
കളകളകോലാഹലമൊട്ടുകൂടി-
ത്തെളിവൊടിരുന്നു കരഞ്ഞുതുടങ്ങി.”

കാളിദാസന്റെ മനസ്വിനിമാരെയുണ്ടോ നമ്മുടെ കവി അറിയുന്നു. ഒരു സുരഭിലമായ പനിനീർത്തുള്ളി ഒരു പറ വെള്ളത്തിൽ കലർത്തി വ്യാപാരത്തിനു പുറപ്പെടുന്ന ചില വണിക്കുകളെയാണ് ഈ സന്ദർഭത്തിൽ ഞാൻ സ്മരിക്കുന്നത്. മനോഭവവിളംബരംഘോഷിക്കുന്ന കുയിലുകളുടെ കൂജനത്തിൽ കാളിദാസൻ കേൾക്കാത്തതും വിചാരിക്കാത്തതും കേൾക്കുകയും സങ്കല്പിക്കയും ചെയ്യു പരാവർത്തനകാരൻ പ്രമേയത്തെ വിസ്മരിച്ചും ഔചിത്യത്തെ അവഗണിച്ചും എന്തെല്ലാം പ്രസ്താവിക്കുന്നു! പൂമ്പാററകളുടെ പിന്നാലെ ബാലന്മാരെന്നപോലെ, പദങ്ങളുടെ ആകർഷണത്തിന് അധീനനായി പാഞ്ഞു നടക്കുന്നതായിട്ടാണ് ഇവിടെ കവി പ്രത്യക്ഷനാകുന്നത്. മദനോദ്ദീപകമായ കോകിലകൂജനത്തെ കരച്ചിലാക്കിയത്, പ്രാമാദികമായിട്ടായിരിക്കാമെങ്കിലും, കലാപരമായ ഒരപരാധമാണ്. ബാഹ്യരൂപത്തിൽ മാത്രം ശ്രദ്ധപതിപ്പിക്കുന്ന ഒരു നിരങ്കുശ തൂലികയാണ നമ്പൂതിരിപ്പാടിന്റെ കൈയിലുണ്ടായിരുന്നതെന്നു വ്യക്തമാക്കുവാൻ ഇനിയും എത്രയെങ്കിലും പദ്യങ്ങൾ ഉദ്ധരിക്കുവാൻ കഴിയും.

പ്രമേയത്തിന് അനുരൂപമായിരിക്കണം പ്രതിപാദനസമ്പ്രദായവും ഭാഷയും എന്ന രീതിതത്വം രചനയിൽ അദ്വിതീയനാണെന്നു പ്രസിദ്ധി പ്രാപിച്ചിരുന്ന വെണ്മണി ആദരിച്ചിരുന്നില്ല.

ഉഗ്രൻ ലാവണ്യപൂർണ്ണോദ്രസനരിയമരി-
ച്യാദിസംസേവ്യ നാങ്ങ-
വ്യഗ്രൻ ബ്രഹ്മാണ്ഡകുക്ഷിസ്ഥലമതു നിറവോൻ
ഭക്തമോദപ്രദായി

•ദുഗ്ദ്ധാൻ ദുഷ്ടക്ഷ്മാഹോ നൽക്കുട്ടശ്ശൂചിരുചിട്ട-
ക്കൊത്ത മല്ലീശരാരി-
ശ്ലാഘ്യൻ കാളോപരിസ്ഥൻ വിലസതു സതു സാം
ബാറനെന്നുള്ളിലെന്നും! എന്ന പദ്യത്തിൽ ശിവനേ

യും സാമ്പാറിനേയും ഒന്നിച്ചു സ്മരിക്കുന്ന നമ്പൂതിരിയുടെ ഫലിതചാതുർയ്യവും ഭാഷയും എത്ര മാത്രം അനുചിതമായിരിക്കുന്നു!

ഇത്രയും പ്രതിപാദിച്ചതു വെണ്മണി പൂർവ്വകവികളായ ചേലപ്പറമ്പിനേയും മററും അനുകരിച്ചു മണിപ്രവാളഭാഷയെ പരിഷ്ക്കരിക്കുവാൻ ഉദ്യമിച്ച വാസനാശാലിയായ ഒരു കവിവരേണ്യനായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ സാഹിത്യപരിശ്രമത്താൽ ഭാഷാകവിതയ്ക്കു രചനാവിഷയത്തിൽത്തന്നെ ഉണ്ടായ പരിവർത്തനം സർവ്വതോമുഖമോ സർവ്വഥാ ആശാസ്യമോ ആയിരുന്നില്ലെന്നു വിശദമാക്കുവാനാണ്.

രചനാ നിരാഡംബരവും അകൃത്രിമവും ആക്കാൻ ഉദ്യമിച്ചിരുന്ന വെണ്മണി കവിതയുടെ ബാഹ്യരൂപത്തിൽ മാത്രം ശ്രദ്ധാലുവായിരുന്നതിനാൽ മറെറാരു പ്രകാരത്തിൽ ഭാഷാസാഹിത്യത്തിനു് അധഃപതനം സംഭവിച്ചുപോയി. 'കവിതാ വനിതാ ചൈവ-സ്വയമേവാഗതാ വരാ' എന്ന വാക്യത്തിൻെറ അക്ഷരാർത്ഥത്തെ വിശ്വസിച്ചിരുന്ന നമ്പൂതിരിയും അനുയായികളും ചിന്ത, ഭാവന, വികാരം ഈ അംശങ്ങളിൽ വേണ്ടിടത്തോളം മനസ്സു പതിപ്പിച്ചിരുന്നില്ല. പ്രപഞ്ചത്തേയും ജീവിതത്തേയും സ്വന്തം കണ്ണുകൊണ്ടു നോക്കുവാനോ, ഭാവനയാൽ ആകർഷകമായ നൂതനരൂപത്തിൽ പ്രകാശിപ്പിക്കുവാനോ, ഉൽകൃഷ്ടവികാരങ്ങളെ ശ്രോതാക്കളിൽ സംക്രമിപ്പിക്കുവാനോ വെണ്മണിപ്രസ്ഥാനത്തിൽപ്പെട്ട പലരും ആഗ്രഹിച്ചിരുന്നില്ലെന്നു തോന്നും. മിക്കപ്പോഴും താമസം, ചിലപ്പോൾ രാജസം, സദാ അസാത്വികം, ആയ ഒരുതരം ശൃംഗാരമാണു വെണ്മണിയുടെ പൂരപ്രബന്ധം, ഭൂതിഭൂഷ ചരിതം മുതലായ കൃതികളിൽ അലതല്ലുന്നതു്. ഭാഷാകവിത ശ്ലോകത്തിൻെറ പര്യായമായി, കേവലം പദ്യമായി, പരിണമിച്ചതും ഇക്കാലത്തുതന്നെ.

ജി.

# പുഷ്പപരിണയം.

ജന്തുലോകത്തിലും സസ്യസാമ്രാജ്യത്തിലും പ്രസ്പഷ്ടമാകുന്ന ശൃംഗാരചേഷ്ടകളിലത്രേ മികച്ച കലാവിലാസങ്ങൾ കാണപ്പെടുന്നതു്. പികമയൂരാദികളുടെ ഗാനനൃത്തകലവികളും കുസുമകോടികളുടെ വൎണ്ണവൈചിത്ര്യങ്ങളും വാസനാവിശേഷങ്ങളും എല്ലാം ശൃംഗാരരസപ്രധാനമായ ഒരു നാടകത്തിലെ വിവിധവിധാനങ്ങൾ മാത്രമാണു്. സ്ത്രീപുരുഷസംയോഗത്തെ ഏററവും വിജയകരമാക്കിക്കൊണ്ടോടുന്നതിന്നുള്ള പ്രകൃതിയുടെ പ്രാരംഭച്ചടങ്ങുകളാണു് ഈ സൌകുമാൎയ്യങ്ങളും സല്ലാപങ്ങളും എല്ലാം.

പുഷ്പങ്ങളുടെ കഥയെടുക്കുക. നിറന്ന ഇതളുകളും ഉള്ളറയിൽ തേനും തികഞ്ഞാൽ ഒരു പൂവായി എന്നാണു സങ്കല്പം. പക്ഷേ ഇതൊക്കെ പുഷ്പത്തിൻെറ അപ്രധാനങ്ങളായ ആഡംബരങ്ങൾ മാത്രമേ ആകുന്നുള്ളു. പുരുഷാവയവമായ കേസരവും, സ്ത്രീവിഭാഗമായ വിത്തറയും— ഇവയാണു പുഷ്പത്തിൻെറ മുഖ്യാംശങ്ങൾ. കേസരത്തിൽനിന്നു നിൎഗ്ഗമിക്കുന്ന പരാഗവും വിത്തറയിലുള്ള അരിയും തമ്മിലാണു സംയോഗം. അതിൽ നിന്നാണു വിത്തിൻെറ ഉത്ഭവം. കേസരകോശങ്ങൾ പൊട്ടി പരാഗം പുറത്തു വരുമ്പോൾ അതു വിത്തറയുടെ മകുടത്തിലുള്ള ചൂഡയിലേക്കു് ആദ്യമായി എത്തിച്ചു സംയോഗത്തിനു വഴി തെളിക്കേണ്ടിയിരിക്കുന്നു. പൂമ്പൊടി, ഒന്നുകിൽ അതേ പുഷ്പത്തിൻേറയോ, ആ സസ്യത്തിലുള്ള മറെറാരു പുഷ്പത്തിൻേറയോ ചൂഡയിൽ എത്തിച്ചേൎന്നു സംയോഗം സാധിക്കാം. പക്ഷേ, ഇതു സഹോദരസഹോദരിസംയോഗം പോലെ അധമമാണു്. ഇതിൽനിന്നുണ്ടാവുന്ന സന്താനപരമ്പരകൾ കാലക്രമേണ ക്ഷയിച്ചു കുലനാശത്തിനു കാരണമായിത്തീരുന്നതായി ഡാർവിൻെറ പരീക്ഷണങ്ങൾ വിശദമാക്കിയിട്ടുണ്ടു്. ഉത്തമമായ സംയോഗത്തിനുള്ള മാൎഗ്ഗം മറെറാന്നാണു്. അതിനു പുഷ്പപരാഗം സ്വജാതിയിൽപ്പെട്ട ഇതരസസ്യത്തിൻെറ പുഷ്പചൂഡയിലെത്തിച്ചേരണം. അപ്രകാരമുണ്ടാകുന്ന വിത്തുകൾക്കു കൂടുതൽ ചൈതന്യവും ആരോഗ്യവും വംശസന്ധാനശക്തിയും ഉള്ളതായി തെളിഞ്ഞിരിക്കുന്നു.

ഉത്തമമായ ഈ പരസ്പരപരാഗസംക്രമം സാധിക്കുന്നതു മിക്കവാറും ജന്തുക്കളുടെ സഹായം കൊണ്ടാണു്. ഉറുമ്പു, ഈച്ച, വണ്ടു്, പാററ, കിളി, വാവൽ മുതലായവയാണു് ഈ പുഷ്പപരിണയത്തിലെ

വലിയ ഉത്സാഹക്കാർ. പൂമ്പൊടി ഒരു സസ്യത്തിൽനിന്നും മറ്റൊന്നിലെത്തിയ്ക്കുന്നതു് ഈ ദല്ലാളന്മാരാണു്. എന്നാൽ അവർ നിഷ്കാമകർമ്മം ചെയ്യുന്നവരല്ല. അവൎക്കു ഭക്ഷിയ്ക്കണം. തിന്നുവാൻ പൊടിയും കുടിയ്ക്കുവാൻ തേനും നിറച്ചുവെച്ച വർണ്ണവും വാസനയും തികഞ്ഞ ഇതളുകൾ കൊണ്ടു പുഷ്പം ക്ഷണിയ്ക്കുന്നു, 'സ്നേഹിത! അയൽവക്കത്തുന്നിന്നു് പൂമ്പൊടി എനിയ്ക്കു കൊണ്ടുവന്നു തരിക. എന്റേതു അപരത്ര നിക്ഷേപിയ്ക്കുക. ഞാൻ സ്വതന്ത്രരാം" ഇങ്ങിനെ സസ്യങ്ങളും ജന്തുക്കളും ഒത്തൊരുമിച്ചു് ഒരു പരസ്പരസഹായസംഘം ഏൎപ്പെടുത്തി വിജയകരമായി നടത്തിപ്പോരുന്നു.

മധുലോലുപങ്ങളായ ജന്തുക്കളെ ക്ഷണിക്കാനുള്ള ഉപായങ്ങളെപ്പറ്റി സൂചിപ്പിച്ചുവല്ലോ. പകിട്ടും പരിമളവുംകൊണ്ടു ശലഭങ്ങൾ ആകൎഷിയ്ക്കപ്പെടുന്നു. മാവു്, അമ്പഴം, ചീര, സൂൎയ്യകാന്തി മുതലായവയുടെ ഓരോ പൂവും തീരെ കൃശമാണെങ്കിലും, സ്തബകങ്ങളായി നിന്നു ദീപസ്തംഭങ്ങളെപ്പോലെ അവ തിൎയ്യക്കുകളെ വശീകരിയ്ക്കുന്നു. ഒററയ്ക്കു നിൽക്കുന്ന പരുത്തിയും താമരയും, തനിയ്ക്കുതാൻ പോന്നവയായി ധാടിയും മോടിയുംകൊണ്ടു തേൻകൊതിയന്മാരുടെ കണ്ണിൽപ്പെടുന്നു. വൎണ്ണബാഹുല്യമുള്ള പൂക്കൾക്കു വാസനാതിശയം വേണമെന്നില്ല. വണ്ടുകളുടെ കൺ കവരുവാൻ വൎണ്ണപ്പകിട്ടു മതിയാകും. "ചോരച്ചെങ്കനൽ ചേൎന്ന കൊള്ളിനിരപോൽ പൂക്കും മുരുക്കി"നും 'തങ്കത്തിനൊക്കും നവകൎണ്ണികാര'ത്തിനും ജാജ്വല്യമാനമായ ശോഭതന്നെയാണു വശ്യവസ്തു. കാന്തി കൊണ്ടുള്ള ആകൎഷണം പല വിധത്തിൽ സാധിയ്ക്കാം. അല്ലികളും ഇതളുകളും ആണു സാധാരണയായി ആകൎഷണഹേതുക്കൾ. പക്ഷേ വെള്ളിലപ്പൂവിന്റെ ക്ഷണപത്രം അതിന്റെ ധവളപത്രമാണു്. ചാമ്പപ്പൂവിന്റെ ഉദയാൎക്കസന്നിഭമായ സൌന്ദൎയ്യം അതിന്റെ കേസരശതങ്ങളിൽ നിന്നും പ്രസരിയ്ക്കുന്നു. ചേമ്പിൻപൂവിന്റെ ചന്തം അതിന്റെ ഉള്ളുപട * ത്തിലാണു സ്ഥിതിചെയ്യുന്നതു്. രാപ്പൂക്കൾക്കു ശുദ്ധമേ ശുഭ്രവൎണ്ണവും, പകൽ വികസിക്കുന്നവയ്ക്കു ചുവപ്പു്, മഞ്ഞ, നീല മുതലായി പല നിറങ്ങളും കാണപ്പെടുന്നതു്, ഇരുട്ടിലും വെളിച്ചത്തിലും ശലഭങ്ങളെ ക്ഷണിക്കുവാനുതകുന്ന വ്യത്യസ്തോപായങ്ങളെ വിശദമാക്കുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും മനുഷ്യലോകത്തിന്റെ എന്നപോലെ തിൎയ്യഗ്ലോകത്തിന്റേയും മനം മയക്കുവാൻ അധികം ഉപകരിക്കുന്നതു് വൎണ്ണഗുണമല്ല, ഇതളിലും

---

* Spathe

തേനിലും ഇടതിങ്ങിപ്പൊങ്ങിപ്പരക്കുന്ന പരിമളധോരണിതന്നെയാണ് എന്നൂഹിക്കേണ്ടിയിരിക്കുന്നു. അന്തിമലരിയുടെ പൂക്കൾ ഉദാഹരണങ്ങളാണ്. ഈ ജാതിയിൽ വിവിധവർണ്ണങ്ങളിൽ—വെളുത്തും, ചുവന്നും, മഞ്ഞച്ചും—ഉള്ള പൂക്കൾ രാത്രി വിരിഞ്ഞുനിൽക്കാറുണ്ട്. വെള്ളമാത്രമേ സ്പഷ്ടമായിക്കാണപ്പെടുന്നുള്ളു എങ്കിലും മണത്തറിഞ്ഞ് എല്ലാത്തരത്തിലും ഒരുപോലെ നിഷ്പ്രയാസമായിച്ചെന്നണയുവാൻ രാപ്പാററ × കൾക്കു സാധിക്കുന്നുണ്ട്.

അങ്ങിനെ വിവിധങ്ങളായ ജന്തുക്കളെ, പ്രത്യേകിച്ചു തിര്യക്കുകളെ, പൂക്കൾ ക്ഷണിച്ചു വരുത്തുന്നു. പൂവിനു കല്യാണമാണ്. അതു് വിരിഞ്ഞിരിക്കുന്നു. വിസ്താരയിലെ ചെറുമുത്തുകൾപോലെയുള്ള അരികൾക്കു മൂപ്പും മുഴുപ്പും തികഞ്ഞിരിക്കുന്നു. പീതവർണ്ണങ്ങളായ കേസരകോശങ്ങൾ പിളൎന്നു കനകപ്പൊടിപോലെയുള്ള പരാഗം പുറത്തുവന്നിരിക്കുന്നു. സ്വജാതിയിൽപ്പെട്ട മററൊരു ചെടിയുടെ പൂവിൽനിന്നും പുഷ്പധൂളി ഇതിലേക്കും, ഇതിൽനിന്നു മററൊന്നിലേക്കും പ്രസരിപ്പിക്കണം. ഈ മംഗളകർമ്മത്തിന്നു് അതിഥികളെ ഉപയോഗപ്പെടുത്തണം.

അതിഥികളെ സ്വീകരിക്കാനുള്ള ശക്തിയും സൌകര്യവും ഓരോ പുഷ്പത്തിനുമുണ്ട്. വാഴപ്പൂക്കുലക്കു വാവലിനെത്താങ്ങാനുള്ള കരുത്തുണ്ട്. സൂചീമുഖിക്കു ചാഞ്ഞു തൂങ്ങുവാനും ചാഞ്ചാടുവാനും സൌകര്യമുള്ളതാണ മന്ദാരപ്പൂക്കുല. "ഭ്രമരങ്ങളാൽ കിമപി ചുംബിത"മാകുവാൻ മാത്രം ശേഷിയുണ്ട്, സുകുമാരമായ ശിരീഷത്തിനു്; ശലഭത്തിനു സുഖമായിച്ചെന്നിരിക്കാവുന്നതാണ ശംഖപുഷ്പം; മക്ഷികക്കു കനകപീഠമാണ മാകന്ദകുസുമം, തുച്ഛമായ തുളസിപ്പൂവാകട്ടെ എറുമ്പിന്റെ സുരഭിലമായ പാനപാത്രമാണ്. പുഷ്പമോ, അതിന്റെ പ്രത്യേകമായ ഒരു ഭാഗമോ അതിഥിക്കു് ആസന്നമായിത്തീരുന്നു. തളികപോലെയുള്ള പൂക്കളിൽ—ചായ, കറപ്പ മുതലായ ചെടികളുടെ പൂക്കളിൽ—ഇറങ്ങിയിരുന്നു ഭക്ഷിക്കുവാൻ വണ്ടുകൾക്കു സാധിക്കും. ചെത്തി, മുല്ല, പിച്ചകം മുതലായവയുടെ മുകൾത്തട്ടു, വിരുന്നുകാൎക്കു പീഠമായിത്തീരുന്നു. തുമ്പപ്പൂവിന്റെ കീഴ്ച്ചുണ്ടും ശംഖപുഷ്പത്തിന്റെ അന്തൎദ്ദളയുഗളവും * ശലഭങ്ങൾക്കു സുഖമായുപവേശിക്കുവാൻ ഉപയുക്തങ്ങളാണ്. ഓർ

---

× Moth

* Keelpetals.

ച്ചിഡ് എന്ന വിശിഷ്ടവൎഗ്ഗത്തിലുൾപ്പെട്ട പൂക്കളിൽ അതിഥിസൽക്കാരത്തിന്നു ചെയ്തു വെച്ചിട്ടുള്ള അനേക പരിപാടികൾ അത്ഭുതകരങ്ങളെന്നേ പറയേണ്ടു. മാത്രമല്ല, സാധാരണയായി തിൎയ്യക്കുകളെക്കൊണ്ടു പരാഗണിതങ്ങളാകുന്ന പുഷ്പങ്ങളുടെ പരാഗധൂളികൾക്കു പരുപരുപ്പും മൂഢകൾക്കു പശയും ഉണ്ടാകാറുള്ളതു പുഷ്പരേണുക്കളുടെ സംക്രമണത്തിന്നു കൂടുതൽ സഹായമായിത്തീരാറുമുണ്ടു്.

ഭക്ഷണത്തിന്നും മധുപാനത്തിന്നും ഉപകരിക്കുന്ന അവയവങ്ങൾ പലതരം തിൎയ്യക്കുകളിൽ പലവിധമാണു്. ശലഭങ്ങൾക്കു് മുഖത്തുനിന്നു മുമ്പോട്ടു തൂങ്ങിക്കിടക്കുന്ന ഒരു നീണ്ട കുഴൽ അല്ലെങ്കിൽ തുമ്പിക്കൈ ഉണ്ടു്. ഇതു വിശ്രമസമയങ്ങളിൽ പാമ്പിൻചുരുൾപോലെ ചുരുട്ടി വെച്ചിരിക്കുന്നതു കാണാം. നീണ്ട കണ്ഠനാളങ്ങളുള്ള പുഷ്പങ്ങളിൽനിന്നു തേൻ വലിച്ചെടുക്കുവാൻ ഈ കുഴലുകൾ സഹായിക്കുന്നു. ഈച്ചകൾക്കു തൽസ്ഥാനത്തു നീളം കുറഞ്ഞ ഒരു കുഴൽ ഉണ്ടു്. ആഴം കുറഞ്ഞ പൂക്കളിൽനിന്നു തേനെടുക്കുവാൻ മാത്രമേ ഈച്ചകൾക്കു കഴിയൂ. എന്നാൽ ഇവയ്ക്കു പൂമ്പൊടി തിന്നുവാൻകൂടി സാധിക്കും. തുമ്പിക്കയ്യന്മാൎക്കു് ഇതു സാദ്ധ്യമല്ല. പൂമ്പൊടി പററിപ്പിടിക്കാനും തടഞ്ഞിരിക്കാനും തക്കവണ്ണം രോമശമായ ശരീരമാണു പാററകൾക്കും ഈച്ചകൾക്കും ഉള്ളതു്.

ഇപ്രകാരം പരസ്പരം ഉപകരിക്കുവാൻ പററുന്ന വിചിത്രസൃഷ്ടികളാണു പൂക്കളും തിൎയ്യക്കുകളും. തിൎയ്യക്കുകൾക്കു വേണ്ട സൌകൎയ്യം പൂക്കളിലും, പൂക്കളെ സഹായിക്കുവാൻ തക്ക സൌകൎയ്യം തിൎയ്യക്കുകളിലും പ്രകൃതി ചെയ്തുകൊടുത്തിരിക്കുന്നു. ഇതിൽ ഒരു കൂട്ടൎക്കു മാത്രം മെച്ചമുണ്ടാവുന്ന കാൎയ്യം അസാദ്ധ്യമാണു്. പൂമ്പൊടി മെയ്യിൽപ്പററാതെ പൂന്തേൻ കുടിച്ചു പററിച്ചുപോകുവാൻ ഏതൊരു ജന്തുവിന്നും സാധിക്കാത്ത മട്ടിലാണു പീഠവും, കേസരവിതാനവും, മധുനിക്ഷേപവും നിൎമ്മിതമായിരിക്കുന്നതു്. ചുരുക്കം ചില സന്ദൎഭങ്ങളിൽ പുഷ്പത്തിന്റെ ചുവടു തുളച്ചു പൊടിപററാതെ തേൻ കുത്തിക്കവൎന്നെടുക്കുന്ന ഈച്ചകൾ ഇല്ലായ്കയില്ല. എന്നാൽ പരസ്പരോപകാരമാണു സൎവ്വസാധാരണമായ നിയമം.

തേൻകൊതിയന്മാരായ തിൎയ്യക്കുകൾ, കുടിക്കാനെടുക്കുന്നതോടുകൂടി പരാഗത്തിന്റെ ചുമടെടുക്കേണ്ടിവരുന്നതെങ്ങിനെയെന്നു ചില ഉദാഹരണങ്ങൾകൊണ്ടു മനസ്സിലാക്കാം. തുമ്പപ്പൂവിന്റെ കഥതന്നെ എടുക്കുക. ഇതിന്റെ ദളക്കൂടം അധോഭാഗത്തിൽ ഒരു നാളമായും,

ഉപരിഭാഗത്തിൽ അധരോഷ്ഠങ്ങളുടെ ആകൃതിയിൽ രണ്ടു പുടങ്ങളായും വേർതിരിഞ്ഞും ഇരിക്കുന്നു. നാളത്തിന്റെ കടയ്ക്കലാണു മധുബിന്ദു. കീഴ്ച്ചുണ്ടു തേനീച്ചയുടെ പീഠമായിത്തീരുന്നു. മേൽചുണ്ടിനടിയിൽ ദന്തസ്ഥാനത്തിൽ നാലു കേസരങ്ങളും, വിത്തറയുടെ സർപ്പജിഹ്വാകൃതിയായ ചൂഡയും ഉണ്ട്. പീഠത്തിലിരിക്കുന്ന മക്ഷിക നാളത്തിലേക്കു തല നീട്ടി മധു വലിച്ചെടുക്കുമ്പോൾ അതിന്റെ പുറത്തു ചൂഡയും കേസരങ്ങളും തടയുന്നു. മറ്റൊരു പൂവിൽനിന്നും ചുമന്നുകൊണ്ടു വന്നിട്ടുള്ള പൂമ്പൊടി ചൂഡയിലും, കേസരങ്ങളിലുള്ള പരാഗം ഇതരപുഷ്പങ്ങളിലേക്കായി ഈച്ചയുടെ പുറത്തും നിക്ഷേപിക്കപ്പെടുന്നു. അങ്ങിനെ, വിരുന്നൂട്ടുന്നതിനിടയിൽ തുമ്പപ്പൂ അതിന്റെ ഉദ്ദേശം നിറവേററുന്നു. ശംഖപുഷ്പത്തിന്റെ അന്തർദളയുഗളത്തെപ്പററി പ്രസ്താവിക്കുകയുണ്ടായല്ലോ. ഇതു് അതിന്റെ നാലും അഞ്ചും ഇതളുകളാണ്. ഇവ, അരികെ ചേർന്ന്, ഒരു വഞ്ചിയുടെ ആകൃതിയിൽ അധോമുഖത്തിൽ സ്ഥിതി ചെയ്യുന്നു. ഈ വഞ്ചിക്കുള്ളിലാണു കേസരങ്ങളും ചൂഡയും ഒതുങ്ങിയിരിക്കുന്നതു്. കേസരങ്ങളിൽ ഒമ്പതെണ്ണം ഒത്തൊരുമിച്ചു് ഒരു നാളമായിത്തീർന്നിരിക്കുന്നു. അതിലാണ് തേൻ. അതിഥിയായ ശലഭം ആദ്യംതന്നെ വഞ്ചിക്കു മുകളിൽച്ചെന്നിരിക്കുന്നു. പിന്നെ, സർവ്വ ശക്തിയും പ്രയോഗിച്ചു, നൌകയുടെ ചേപ്പുകളായ ദളയുഗളത്തെ അമർത്തുന്നു. അവ വേർതിരിയുമ്പോൾ ഉള്ളിലുള്ള കേസരങ്ങൾ പുറത്തേക്കു തുറിച്ചു പരാഗങ്ങളെ ശലഭശരീരത്തിൽ വിതറുന്നു. തൽക്കാലം അതിന്റെ ശരീരത്തിലുള്ള അന്യപുഷ്പപരാഗം ചൂഡയിൽ പററിപ്പിടിക്കുകയും ചെയ്യുന്നു. ഈ ക്രയവിക്രയം സാധിച്ചതിനു ശേഷം മാത്രമേ പുഷ്പം മധുപാനത്തിനുള്ള അനുവാദം കൊടുക്കുന്നുള്ളു. പയറ്, ശംഖപുഷ്പം മുതലായവയുടെ പൂക്കൾ ചിത്രശലഭങ്ങൾക്ക് ഏററവും ഹിതകരങ്ങളായ ഭക്ഷണശാലകളാണ്. പൂവും പൂമ്പാററയും തമ്മിൽ ഇവിടെ പ്രസ്പഷ്ടമായിരിക്കുന്ന രൂപസാദൃശ്യം, ശലഭങ്ങൾക്കു ശത്രുക്കളുടെ കണ്ണു തെററിക്കാനുള്ള ഒരു മാർഗ്ഗമായിത്തീരുകകൂടി ചെയ്യുന്നുണ്ടു്.

മുല്ല, കൃഷ്ണമല്ലി, നന്ത്യാർവട്ടം, ചെത്തി, ഉമ്മം മുതലായവയെപ്പോലെ നീളമേറിയ കണ്ഠനാളമുള്ള പൂക്കളിൽ കുഴലിന്റെ കടക്കൽ തേനും തലയ്ക്കൽ കേസരങ്ങളും ചൂഡയും സ്ഥിതിചെയ്യുന്നതുകൊണ്ടു പുഷ്പമുഖത്തിൽ ചെന്നിരിക്കുന്ന പൂമ്പാററക്കു പ്രകൃതിയുടെ പ്രധാനോദ്ദേശം നിറവേററാതെ തേനെടുക്കുവാൻ സാധിക്കുന്നില്ല. ഇതുതന്നെയാണു സൂര്യകാന്തിപ്പൂവിലുള്ള ഓരോ ചെറുകുസുമനാളത്തിന്റെയും കഥ.

ആമ്പൽ, ചെമ്പരത്തി മുതലായവയിൽനിന്നു തേനല്ല, പൂമ്പൊടി തന്നെയാണു പ്രാണികൾ ഭക്ഷിക്കുന്നതു്. ഇത്തരം പൂക്കളിൽ അതിഥിസൽക്കാരത്തിനും സംയോഗത്തിനും കൂടി ധാരാളം കേസരങ്ങളും അനവധി പരാഗവും ഉണ്ടായിരിക്കും. എരുക്കിൻപൂമ്പൊടി പശപുരണ്ട കട്ടകളാക്കി വെച്ചിരിക്കുന്നതു തിര്യക്കുകൾ വഴിക്കുള്ള പരാഗസംക്രമണത്തെ കൂടുതൽ എളുപ്പമാക്കിത്തീർത്തിരിക്കുന്നു. ആൽവർഗ്ഗത്തിലെ പൂക്കളും പ്രാണികളെക്കൊണ്ടാണു പരാഗവിതരണവും സംയോഗവും സാധിക്കുന്നതു്. ആലിനു പൂവില്ലെന്നാണു ജനവിശ്വാസം. പക്ഷേ 'പച്ചിലച്ചില്ലയിൽ ചെപ്പടിപ്പന്തുപോലെ'യിരിക്കുന്ന കായകളാണു യഥാർത്ഥത്തിൽ അതിന്റെ പൂച്ചെപ്പുകൾ. ഓരോ കായയുടെ ശിരസ്സിലും ഓരോ സുഷിരവും അന്തർഭാഗത്തു് അനേകം ചെറുപൂക്കളും ഉണ്ടായിരിക്കും. ഒരു പൂവിനു ഒന്നുകിൽ കേസരമോ, അല്ലെങ്കിൽ വിത്തറയോ മാത്രം ഉണ്ടു്. അതായതു, പൂ ഓരോന്നും ആണോ പെണ്ണോ ആയിരിക്കും. പെൺപൂക്കൾ അടിത്തടത്തിലും ആൺ പൂക്കൾ മേൽ വരിയിലും ആണു് അടങ്ങിയിരിക്കുന്നതു്. മധുഗന്ധം കേട്ടെത്തുന്ന മക്ഷികാ, പുഷ്പപേടകത്തിന്റെ നിറുകയിലുള്ള ദ്വാരത്തിൽക്കൂടി അകത്തു കടന്നുകൂടുന്നു. പിന്നെ, പെൺപൂക്കളുടെ വിത്തറയിൽ മുട്ടയിട്ടതിനു ശേഷം മരിക്കുന്നു. മുട്ട വിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ ഈച്ചകളാകുന്നതോടുകൂടി പൂച്ചെപ്പിൽ നിന്നും രക്ഷപ്പെടുന്നു. അങ്ങിനെ ബഹിർഗ്ഗമനം ചെയ്യുന്ന ഈച്ചകളുടെ പുറത്തു മുകൾവരിയിലുള്ള ആൺപൂക്കളുടെ പരാഗപൂരം പുരളുന്നു. ഈ തേനീച്ചകളിലോരോന്നും മറ്റൊരു പൂച്ചെപ്പിൽ പ്രവേശിച്ചു് പെൺപൂക്കളിൽ പൂമ്പൊടി എത്തിയ്ക്കുന്നു. ഇങ്ങിനെ ഈച്ചകളുടെ ഓരോ തലമുറയെക്കൊണ്ടു പുഷ്പരാശികളുടെ പരസ്പരസംയോഗം സാധിയ്ക്കുന്നു. ഇത്രയെല്ലാം പണിത്തരങ്ങൾ ചെയ്തിട്ടാണു് ആലിനു പഴമുണ്ടാകുന്നതു്

പ്രാണികളെക്കൊണ്ടുള്ള പരാഗസംക്രമണത്തെക്കുറിച്ചു ഒരു സംശയത്തിനവകാശമുണ്ടു്. ഭക്ഷണതൃഷ്ണയല്ലാതെ പരാഗവിക്രയോദ്ദേശം പ്രാണികൾക്കില്ലാത്തതുകൊണ്ടു് അവയുടെ പ്രവർത്തനങ്ങൾക്കിടയിൽ പൂമ്പൊടി അതേ പൂവിലോ, ആ സസ്യത്തിലുള്ള മറ്റൊരു പൂവിലോ മാത്രം നിക്ഷേപ്തമായി എന്നു വരാൻവയ്യേ? തീർച്ചയായും, അങ്ങിനെ സംഭവിച്ചേക്കാം. എന്നാൽ അധമമായ ഇത്തരം പുഷ്പപരിണയം കഴിയുന്നത്ര കുറയ്ക്കുവാൻ പ്രകൃതിതന്നെ ചില മുൻകരുതലുകൾ ചെയ്തുവെച്ചിട്ടുണ്ടു്. ചെമ്പരത്തിപോലെയുള്ള ചില പൂക്കളിൽ കേസ

രങ്ങൾ പിളൎന്നു പരാഗം പുറത്തു വരുമ്പോൾ വിത്തറയിലുള്ള അരികൾക്കു മൂപ്പെത്തിയിട്ടുണ്ടായിരിക്കയില്ല. മറിച്ചു, കേസരങ്ങൾ പാകമാകുന്നതിനു മുമ്പു വിത്തറയിലെ അരികൾ വിളയുന്ന പൂക്കളും ഇല്ലായ്കയില്ല. ഈ രണ്ടു നിലയിലും, സംയോഗം ഫലിക്കണമെങ്കിൽ മറെറാരു ചെടിയുമായുള്ള പരാഗവിക്രയം കൂടാതെ കഴിയുകയില്ല. പിന്നെ, എരുമപ്പാവൽ പോലെയുള്ള ചില ചെടികൾക്കു് ഒന്നുകിൽ ആൺപൂക്കളോ, അല്ലെങ്കിൽ പെൺപൂക്കളോ മാത്രമേ ഉണ്ടായിരിക്കു. ഇവിടെ പരസ്പരസംയോഗമല്ലാതെ ഗത്യന്തരമില്ല. ആണും പെണ്ണും ഒന്നിച്ചുള്ള പൂവിൽത്തന്നെ സോദര്യപരിണയം ക്ഷിപ്രസാദ്ധ്യമല്ലാതാകുവാൻ പണിത്തരങ്ങൾ ചെയ്തു വെച്ചിട്ടുണ്ടു്. പെരുവിൻപൂ ഉദാഹരണമാണു്. രാത്രി പുതുതായി വിരിയുന്ന പെരുവിൻപൂവിന്റെ കേസരങ്ങൾ പുറത്തേക്കു നേരെ തള്ളി നിൽക്കുന്നു. പുഷ്പചൂഡയാകട്ടെ അടിയിലേക്കു ചാഞ്ഞു കുനിഞ്ഞും ഇരിക്കുന്നു. തന്മൂലം കേസരങ്ങളെപ്പൂകുന്ന പാററകൾ ചൂഡയെത്തൊടുന്നതേ ഇല്ല. ഒരു ദിവസം പഴക്കം ചെന്ന പൂക്കളിലാകട്ടെ കേസരങ്ങൾ അടിയിലേക്കു ചുരുണ്ടൊതുങ്ങി ഇരിക്കുകയും പുഷ്പചൂഡ സ്വതന്ത്രമായി പുറത്തേക്കുന്തിനിൽക്കുകയും ചെയ്യുന്നു. ഇതിൽ തേൻ കുടിക്കാനെത്തുന്ന പാററകൾ ചൂഡയെ മാത്രമേ തൊടുന്നുള്ളു. ചൂഡയുടെ ഇത്തരം നിലയും നീക്കവും മററു പല പൂക്കളിലും കാണാം. ഇനി, വല്ലപ്പോഴും ശലഭങ്ങളുടെ പാദോത്സവങ്ങൾക്കിടയിൽ പരാഗം അതേ പുഷ്പത്തിന്റെ ചൂഡാശിഖരത്തിൽ പതിക്കുന്നതായാലും, ഫലിക്കുന്നില്ല. അത്തരം പരാഗം മിക്കവാറും കെട്ടുപോകുന്നു. അഥവാ ഫലിച്ചാൽ, പുഷ്പത്തിനു തന്നെയും നാശം സംഭവിക്കുന്നതും അപൂൎവ്വമല്ല. ഓർച്ചിഡ് വംശത്തിലെ പുഷ്പങ്ങൾ സോദൎയ്യസംയോഗമുണ്ടായാൽ നശിക്കുന്നതായിട്ടു കൂടി ശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

ഒരു പൂവിൽ നിന്നും സ്വീകരിക്കുന്ന പൂമ്പൊടി അതേ ജാതി പുഷ്പത്തിൽത്തന്നെ നിക്ഷേപിച്ചാൽ മാത്രമേ സംയോഗം സാദ്ധ്യമായിത്തീരുന്നുള്ളു. പക്ഷേ, പലതരം പൂക്കളിൽ ചപലതരമായിച്ചുററിത്തിരിയുന്ന തിൎയ്യഗ്വർഗ്ഗത്തെക്കൊണ്ടു് ഇക്കാൎയ്യം നേടുന്നതെങ്ങിനെയെന്നു സംശയിച്ചേക്കാം. പ്രാണികൾ പല പടി തെണ്ടുന്ന ഭിക്ഷുക്കളാണെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഒരു തരത്തിൽനിന്നു തുടങ്ങിയാൽ വളരെ നേരത്തേക്കു് അത്തരം പുഷ്പങ്ങളിൽ മാത്രമേ ശലഭങ്ങൾ സഞ്ചരിക്കുന്നുള്ളു. അമരപ്പൂക്കളിൽ മൂളിപ്പാറുന്ന കരിവണ്ടുകൾ ഒന്നു രണ്ടു

മണിക്കൂറിലധികം അതേജാതിപ്പൂക്കളിൽ കളിയാടുന്നതായിക്കണ്ടിട്ടുണ്ടു്. പൂമ്പാററകൾ ഒരു മണിക്കൂറോളം കൊഴിഞ്ഞിൽപ്പൂക്കളിൽത്തന്നെ തെണ്ടിത്തിരിയുന്നതായും കാണാറുണ്ടു്. ഓരോ പൂവിൽത്തന്നെ ഒന്നിലധികം പ്രാണികൾ വിരുന്നുകാരായി വരുന്നതുകൊണ്ടു സ്വജാതീയിലേക്കുള്ള പരാഗസംക്രമണത്തിനു സാംഗത്യം വർദ്ധിക്കുന്നുമുണ്ടു്. ഒരു പ്രത്യേകതരം പുഷ്പത്തെ ഒരു നൂറു തരം തിയ്യക്കുകൾ സന്ദർശിച്ചുവരാറുള്ളതായി ഒരു ശാസ്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുണ്ടു്.

ഇങ്ങിനെയാണു മലരുകളും മലരമ്പനുമായുള്ള ആന്തരബന്ധം. ഓരോ പൂവും ശൃംഗാരരസപ്രധാനമായ ഒരു കാവ്യമാണു്. ദളങ്ങളുടെ സൌന്ദര്യവും സൌരഭ്യവും മധുവിന്റെ മാധുര്യവും എല്ലാം ഈ രാജരസത്തിന്റെ വിവിധവികാരങ്ങൾ മാത്രം. ആൺകൂററുകാരെ പുറത്തേററിക്കൊണ്ടു കാഹളം വിളിച്ചു മദിച്ചു പൂപ്പന്തലിലേക്കു വിരുന്നു വരുന്ന വരിവണ്ടിന്റെ കല്യാണയാത്രയുടെ കൌതുഹലം അവർണ്ണനീയം തന്നെയാണു്. പരകുസുമപരാഗത്തിന്റെ സ്പർശനത്തിൽ പുഷ്പചൂഡയിൽ സ്ഫുരിച്ചു പൂവിലെങ്ങും പ്രസരിക്കുന്ന പുളകപ്രദമായ പരമാനന്ദത്തെ അളക്കുവാൻ ആൎക്കു കഴിയും? ഉറക്കവും ഉണൎച്ചയും, വേദനയും തളൎച്ചയും, ഹൃദയസ്പന്ദനവും കൂടിയുള്ള സസ്യലോകത്തിന്നു സംയോഗോന്മുഖമായുണ്ടാകുന്ന ആവേശവും, പുഷ്പപരിണയമുഹൂൎത്തത്തിൽ ആമൂലശിഖരമുണ്ടാകുന്ന ആഹ്ളാദവും വെറും സങ്കല്പം മാത്രമല്ല. ആ ആഹ്ളാദത്തിന്റെ അവശിഷ്ടത്തിൽനിന്നാണു പഴങ്ങളുടെ മാധുര്യവും ചെറുവിത്തുകളുടെ ചൈതന്യസമ്പത്തും ഉണ്ടാകുന്നതു്.

വൈലോപ്പിള്ളിൽ ശ്രീധരമേനോൻ ബി. എ.

# അമ്മയുടെ സമ്മാനം.

(തുടർച്ച)

## IX

മാസങ്ങൾ ആറു കഴിഞ്ഞു. ജാനകിയുടെ സുഖക്കേടു ഒരു വിധം മുഴുവനും മാറി. പുതിയ ഒരുതരം തളിപ്പ് അവളിൽ കണ്ടുതുടങ്ങി.

ആളുകളൊക്കെ ഒഴിഞ്ഞ ഒരവസരം നോക്കി വേലുനായർ അവളെ സമീപിച്ചു. അവൾ കട്ടിലിന്മേൽനിന്നും എണീറ്റു.

"അവിടെ ഇരിക്കൂ ജാനകിയമ്മെ".—അദ്ദേഹം ഒരു കസാലയിന്മേൽ ഇരുന്നുകൊണ്ടു പറഞ്ഞു. ആ സംബോധന കേട്ടപ്പോൾ അവൾക്കു നെഞ്ചത്തു പെട്ടെന്നു് ഒരു വേദനയുണ്ടായി. അവൾ ആ കട്ടിലിന്മേൽതന്നെ ഇരുന്നു.

"ഞാൻ പറയുന്നതു ശ്രദ്ധവെച്ചു കേൾക്കു. നിങ്ങൾക്കു സുഖക്കേട് ഒരുവിധം ഭേദമായി. ഇനി പോവണമെങ്കിൽ പോവാം. പക്ഷേ മൂന്നുനാലു കൊല്ലക്കാലം നിങ്ങൾ വളരെ സ്വസ്ഥമായിരുന്നില്ലെങ്കിൽ നിങ്ങൾക്കു ക്ഷയമോ, ഭ്രാന്തോ, രണ്ടുംതന്നെയോ വന്നു പിടിപെട്ടേക്കുമെന്നു ഡാക്ടർമാർ പറയുന്നു. നമ്മൾ തമ്മിലുള്ള ബന്ധം എന്തുതന്നെയായാലും, നിങ്ങൾക്ക് അങ്ങിനെ ഒരാപത്തു വരണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറയുന്നതു് അനുസരിക്കുവാൻ ഒരുക്കമാണെങ്കിൽ, ഈ ആപത്തിൽനിന്നും നിങ്ങളെ രക്ഷിക്കുവാൻ ഞാൻ ശ്രമിക്കാം.

"അവിടുന്നു പറയുന്നതൊക്കെ അനുസരിക്കുവാൻ ഞാൻ ഒരുക്കമാണു്" അവൾ തല ഉയർത്താതെ തന്നെ മറുപടി പറഞ്ഞു.

"എന്നാൽ കേട്ടുകൊള്ളൂ. എന്റെ ആവശ്യത്തിനു വേണ്ടതിലും വളരെയധികം വലുപ്പമുള്ള ഒരു വീടാണിതു്. ഇതിന്റെ പിൻഭാഗത്തുള്ള രണ്ടു മുറികൾ നിങ്ങൾക്കു് ഉപയോഗിക്കാം. എല്ലാ സൌകര്യങ്ങളും അവിടെയുണ്ടാവും. പക്ഷേ, യാതൊരു കാരണവശാലും നിങ്ങൾ പൂമുഖത്തേക്കു പ്രവേശിക്കുകയാവട്ടെ, എന്റെ മുമ്പിൽ വരികയാവട്ടേ നാം തമ്മിലുള്ള ബന്ധമെന്തെന്നോ മറ്റോ ഭൃത്യവർഗ്ഗങ്ങളോടു പറയുകയാവട്ടേ ചെയ്യരുതു്. തങ്കത്തിനെപ്പറ്റി പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരുവക അന്വേഷണവും പാടില്ല. ആ മനുഷ്യനായിട്ടുള്ള എല്ലാത്തരം ഇടപാടുകളും നിറുത്തുകയും വേണം. ഈ വ്യവസ്ഥയോ

ക്കെ സ്വീകരിക്കാമെങ്കിൽ നിങ്ങൾക്കു് ഇവിടെ താമസിക്കാം. അല്ലെങ്കിൽ പൊയ്ക്കൊൾക. നിങ്ങൾക്കു പോകേണ്ടിടത്തേക്കു വേണ്ട തീവണ്ടിക്കൂലിയും മററു ചിലവുകളും ഞാൻ തരാം. ഏതുവേണമെങ്കിൽ ആലോചിച്ചു മറുപടി പറയൂ. രണ്ടുമണിക്കൂർ കഴിഞ്ഞു ഞാൻ ഇതിലെ വരാം."

രണ്ടുമണിക്കൂർ കഴിഞ്ഞു വന്നപ്പോൾ അവൾ പറഞ്ഞു. "ഞാൻ ഇവിടെ താമസിച്ചുകൊള്ളാം."

"ശരി. എന്നാൽ അകത്തേക്കു പൊയ്ക്കൊള്ളൂ." പോകുന്ന പോക്കിൽ അവൾ തിരിഞ്ഞുനിന്നു ചോദിച്ചു. "തങ്കം എവിടെയാണെന്നു എനിക്കറിഞ്ഞിരിക്കാമോ?" കുറച്ചുനേരം മിണ്ടാതിരുന്നതിനു ശേഷം അദ്ദേഹം മറുപടി പറഞ്ഞു: "അതറിയുന്നതിനു വിരോധമില്ല. അവളെ ഞാൻ വിദ്യാഭ്യാസത്തിനായി ഒരു ഇംഗ്ലീഷു കോൺവൻററിൽ കൊണ്ടുപോയി ചേർത്തിരിക്കയാണു്."

"അവളെ വല്ലപ്പോഴുമൊന്നു കാണുക........

"എന്നെക്കൊണ്ടു് അതു തടുക്കുവാൻ ആവുന്നേടത്തോളം കാലം അതു നടക്കില്ല."

ജാനകി ഒരക്ഷരം മിണ്ടാതെ അകത്തേക്കു പോയി.

## X

ഒരു ദിവസം പാതിരനേരത്തു ജാനകിയുടെ മുറിയിൽ നിന്നു പെട്ടെന്നു ഒരു അപശബ്ദം ഉയൎന്നു. അസഹനീയമായ വേദനകൊണ്ടു് ഒരു സ്ത്രീ കരഞ്ഞപോലെ തോന്നി. നായർ അവിടേക്കു ഓടിച്ചെന്നു. വാതിൽ തള്ളിത്തുറന്നപ്പോൾ അദ്ദേഹം ആ കാഴ്ച കണ്ടു. അവളുടെ വായിൽനിന്നും ചോരയൊലിക്കുന്നു. അതിന്നു കാരണക്കാരനായ ആ മനുഷ്യൻ അവിടെ നിൽക്കുന്നു.

വേലുനായർ അയാളെ ഒരു നോട്ടം നോക്കി ജാനകിക്കു മനസ്സിലായി ആ നോട്ടം. അവൾ ഓടി വന്നു നായരുടെ കാലു പിടിച്ചു അപേക്ഷിച്ചു. "എനിക്കു മാപ്പു തരണം. ഞാൻ അപേക്ഷിച്ചിട്ടുവന്നതാണു ഭാസി. ഇത്തവണ കൂടി എനിക്കു മാപ്പുതരണം. ഞാൻ പൊയ്ക്കൊള്ളാം. ഭാസിയെക്കൂടാതെ കഴിക്കുവാൻ എനിക്കു വയ്യ. ഞാൻ പൊയ്ക്കൊള്ളാം."

വേലുനായർ ആ മനുഷ്യനോടു വളരെ ശാന്തസ്വരത്തിൽ പറഞ്ഞു: "എൻെറ വീട്ടിൽ വന്നു ഒരു സ്ത്രീയെ അടിച്ച നിങ്ങളുടെ ഈ പ്രവൃത്തി തീരെ മര്യാദകെട്ടതന്നായി."

മദ്യപാനംകൊണ്ടു് അൎദ്ധബോധമാത്രനായ ഭാസ്കരൻ പുല

ന്വി: "എന്നാലും വല്ലവരുടെ ഭാര്യയേയും തട്ടിക്കൊണ്ടുവന്നു് ഒളിപ്പിച്ചിരുത്തുന്നതിലും ഭേദമാണു്."

ഇതു കേൾക്കേണ്ട താമസം, അണ മുറിഞ്ഞ പുഴപോലെ നായരുടെ ദേഷ്യം കുത്തിയൊലിച്ചു.

'എടാ നാണം കെട്ട നായേ!' എന്നു പറയുകയും കുതിരച്ചമ്മട്ടിയെടുത്തു് അയാളെ കഠിനമായി ഒരു പത്തു മുപ്പതു പ്രഹരിക്കുകയും ചെയ്തു.

അടി നിർത്തിയതോടുകൂടി ഭാസ്കരൻ അരക്കെട്ടിൽനിന്നു ഒരു വലിയ കത്തിയെടുത്തു, "ഞാനും ഒരുങ്ങിയിട്ടുതന്നെയാണു വന്നിരിക്കുന്നതു്" എന്നു പറഞ്ഞു വേലുനായരുടെ നേക്കു ചാടി. പക്ഷേ, യുവാവെങ്കിലും മദ്യപാനത്താലും അമിതഭോഗത്താലും അസ്ഥിമാത്രനായ ഭാസ്കരനെവിടെ! അതീതയൌവനനെങ്കിലും നിഷ്ഠജീവിതത്താൽ സംപുഷ്ടശരീരനും, ക്രമമായ വ്യായാമത്താൽ ബലിഷ്ഠകായനുമായ വേലുനായരെവിടേ! കുറുനരി കോഴിക്കുഞ്ഞിന്റെ കഴുത്തുപിടിച്ചു ഞെരുക്കുന്നപോലെ അദ്ദേഹം ഭാസ്കരന്റെ കഴുത്തു പിടിക്കുകയും ആ കത്തിതന്നെ തട്ടിപ്പറിച്ചു ആ കഴുത്തിൽ ഒററക്കുത്തിന്നു അവിടെ തള്ളി മറിച്ചിടുകയും ചെയ്തു. അതുകൊണ്ടും തീൎന്നില്ല നായരുടെ അരിശം. ആ കത്തികൊണ്ടുതന്നെ അയാളുടെ അവിടേയും ഇവിടേയുമായി ഒരു പത്തിരുപതു കുത്തുകൂടി കുത്തിയിട്ടു അദ്ദേഹം അവിടെ നിന്നും പോയുള്ളു.

നേരം പുലൎന്നപ്പോഴേക്കും കേട്ടു കേൾപ്പിച്ചു പോലീസുകാരെത്തി. ശവത്തിന്നരികെ കത്തിയും കൊരടാവും പിടിച്ചിരുന്നിരുന്ന ആ സ്ത്രീയെ അവർ അറസ്റ്റു് ചെയ്തു.

## XI

സെഷൻ കോടതിയിലേക്കു് ആ നഗരത്തെ മുഴുവൻ ആകൎഷിച്ച ഒരു കേസ്സായിരുന്നു അതു്. സൎക്കാരിൽനിന്നും പ്രതിക്കുവേണ്ടി ഏൎപ്പെടുത്തപ്പെട്ടിരുന്ന വക്കീൽ അവൾ നിരപരാധിയാണെന്നു തെളിയിക്കുവാൻ വളരെ ഉജ്ജ്വലമായി പ്രസംഗിച്ചു. പക്ഷേ പ്രയോജനമൊന്നുമുണ്ടായില്ല. താൻ തന്നെയാണു ഭാസ്കരനെ കുത്തിയതും, ചമ്മട്ടികൊണ്ടു അടിച്ചതുമെന്നും താൻ അതിൽ ഒട്ടും തന്നെ പശ്ചാത്തപിക്കുന്നില്ലെന്നും അവൾ പറഞ്ഞു. ആ ദ്രോഹിയെ ഒരു നൂറു പ്രാവശ്യം കൊല്ലുവാൻ അയാൾക്കു ഒരു നൂറു ജീവനുണ്ടായിരുന്നില്ലല്ലോ എന്നു മാത്രമാണു് എന്റെ സങ്കടം" എന്നു അവൾ യാതൊരു പതറിച്ചയും കൂടാതെ പറഞ്ഞതു കേട്ടപ്പോൾ കോടതിയിൽ കൂടിയ വമ്പിച്ച പുരുഷാരം മുഴുവൻ മരവിച്ചുപോയി.

കറുത്ത തൊപ്പിയിട്ടുകൊണ്ടാണു ജഡ്ജി വിധി പ്രസ്താവിച്ചതു്. ഒരു സ്ത്രീയെ വധശിക്ഷക്കു വിധിക്കുവാൻ അദ്ദേഹത്തിന്നു വളരെ സങ്കോചം തോന്നാതിരുന്നില്ല. പക്ഷേ "ഒരു സഹജീവിയെ കൊല്ലുവാനുള്ള

കൂസലില്ലായ്മയും, അതിനെപ്പററി ഒരു നിറഞ്ഞ സദസ്സിൽ വെച്ചു സാഭിമാനം പ്രസംഗിക്കുവാൻ തക്ക ധാർഷ്ട്യവുമുണ്ടായ ഒരു സ്ത്രീയെ സമുദായത്തിലേക്കു തിരിച്ചയക്കുന്നതു ഒരു വലിയ സമുദായദ്രോഹമാവുമെന്നു ഭയപ്പെട്ടതിനാൽ" അവളെ ചാവുന്നതുവരെ തൂക്കിലിടുവാൻ വിധിച്ചു. ഈ വിധി കഴിഞ്ഞപ്പോൾ ആ തിങ്ങിക്കൂടിയ സദസ്സിൽ ഒരു മുഖം മാത്രമേ വിളറാതിരുന്നുള്ളു. അതു് ആ ഇരുമ്പഴിക്കൂടിനുള്ളിൽ കൈകളിന്മേൽ ആമം വെച്ചു നിന്നിരുന്ന ആ സ്ത്രീയുടെതാണ്.

## XII

പ്രത്യേകാനുമതിയോടുകൂടി വേലുനായർ "പുള്ളി"യുടെ മുറിയിൽ പ്രവേശിച്ചു. അവൾ കരിമ്പടംകൊണ്ടു മൂടിപ്പുതച്ചു കിടക്കുകയായിരുന്നു.

അദ്ദേഹം വിളിച്ചു: "ജാനു!"

അവൾ പുതപ്പു മാററി എണീററു. ആസന്നമരണയായ ഒരു കുററവാളിയുടെ അമ്പരപ്പല്ല, ഇഷ്ടകാമുകനെ വരിക്കാൻ പോകുന്ന ഒരു യുവവധുവിന്റെ ചൈതന്യമാണു അദ്ദേഹം അവളുടെ മുഖത്തു കണ്ടതു്. പണ്ടു് കല്യാണപ്പന്തലിൽ നില്ക്കുമ്പോൾകൂടി അവളെ ഇത്ര കാമ്യയായിട്ടു നായർക്കു തോന്നുകയുണ്ടായില്ല.

കുറച്ചു കഴിഞ്ഞു അദ്ദേഹം വീണ്ടും വിളിച്ചു: 'ജാനു!"

"ഓഹോ! നിങ്ങൾ ശൃംഗരിക്കാൻ ഭാവിക്കയാണോ?" അവൾ ചിരിച്ചുകൊണ്ടു ചോദിച്ചു.

"അതല്ല ജാനു, നിനക്കു ഇനിയും രക്ഷപ്പെടാം. വാസ്തവം ഞാൻ തുറന്നു പറഞ്ഞേക്കാം."

"ഇതാ, എന്നെ ഒരു ഭ്രാന്തൻ വന്നു ഉപദ്രവിക്കുന്നുവെന്നു പറഞ്ഞാൽ ആ ജയിൽ വാർഡർ നിങ്ങളെ കഴുത്തു പിടിച്ചു തള്ളും, ഞാൻ പറഞ്ഞേക്കാം. വിഡ്ഢിത്തമൊന്നും പറയാതെ കടന്നു പൊയ്ക്കൊള്ളു."

അദ്ദേഹം അവളെ ഒന്നു സൂക്ഷിച്ചു നോക്കിയതിനുശേഷം തോൽവി സമ്മതിച്ചു. "ഔ, ഈ സ്ത്രീഹൃദയം എനിക്കു മനസ്സിലാവുന്നില്ല!"

"അതു മനസ്സിലാക്കാൻ ശ്രമിക്കേണ്ട. നിങ്ങളേക്കാൾ ബുദ്ധിമാന്മാരായ പുരുഷന്മാർക്കുകൂടി അതു മനസ്സിലാവാറില്ല."

"തങ്കത്തിനെ ഞാൻ കൊണ്ടുവരട്ടെ. നിനക്കു അവളോടു വല്ലതും പറഞ്ഞേക്കാൻ കാണേണ്ടതുമല്ലോ."

അവളുടെ മുഖത്തു ഇപ്പോഴേ ഒരു മങ്ങലുണ്ടായുള്ളു. കുറച്ചുനേരം അവൾ മിണ്ടാതെ നിന്നു. പിന്നിട്ടു സംസാരിച്ചപ്പോൾ അവളുടെ സ്വരത്തിനു് ഒരു പതറിച്ച ഉണ്ടായി. "വേണ്ട. അവളുടെ അമ്മയുടെ പ്രാകൃതവും ഭയങ്കരവുമായ രൂപം കണ്ടിട്ടു് എന്റെ തങ്കം ഭയപ്പെട്ടേക്കും."

"അതു സാരമില്ല, ഞാൻ അവളെ കൊണ്ടുവരട്ടെ."

"വേണ്ട, സാരമുണ്ട്. മററുള്ളവർ എന്നെപ്പററി എന്തുതന്നെ ധരിക്കുന്നതിനേയും ഞാൻ വിലവെക്കുന്നില്ല. പക്ഷെ അവളുടെ അമ്മ ഒരു നികൃഷ്ടയായ കൊലപ്പുള്ളികൂടിയായിരുന്നുവെന്നു എന്റെ മകൾ മാത്രം തെററിദ്ധരിക്കരുതെന്നു എനിക്കു താല്പര്യമുണ്ട്."

"അതല്ല ജാന്ത, ഈയിടെയായി അവൾ അമ്മയെപ്പററി വളരെ തിരക്കി ചോദിച്ചുതുടങ്ങിയിരിക്കുന്നു. അവൾക്കു പ്രായമാവുന്തോറും ഈ ശാഠ്യം വർദ്ധിച്ചാണു വരിക. അവളുടെ അമ്മയെ, അമ്മയെന്നു മനസ്സിലാക്കി, ഒരിക്കലെങ്കിലും കാണുവാൻ ഞാൻ സമ്മതിച്ചില്ലല്ലോ എന്നവൾ പറഞ്ഞാൽ ഞാനന്നു് എന്തു സമാധാനമാണു പറയുക?

"അതിന്നു, അവളെ പ്രസവിച്ചതു അമ്മയല്ല, അച്ഛനാണെന്നു പറഞ്ഞേക്കിൻ" അവൾ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു. പറഞ്ഞതിനുശേഷവും അവൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ആ മുറി മുഴുവൻ കുലുങ്ങുമാറു് അവൾ വീണ്ടും വീണ്ടും ചിരിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അവൾ ആ കരിമ്പടമെടുത്തു മുഖത്തിട്ടു ചിരിച്ചുതുടങ്ങി. കുറേ നേരം അങ്ങിനെ കഴിഞ്ഞു. ചിരിയുടെ ശബ്ദമൊക്കെ നിന്നെങ്കിലും അവളുടെ ദേഹം കിടന്നു കുലുങ്ങുന്നതു കണ്ടതുകൊണ്ടു അവൾ ചിരിക്കതന്നെയായിരിക്കണമെന്നു വേലുനായർ അനുമാനിച്ചു. കുറേക്കഴിഞ്ഞു അവൾ ആ കരിമ്പടമെടുത്തു. അവൾ ഒരു നിമിഷനേരം അദ്ദേഹത്തിന്റെ മുഖത്തേക്കു ഉററുനോക്കി. അവളുടെ മുഖത്തിനു് ഒരിക്കലെങ്കിലും ഇത്ര ഗൌരവമുള്ളതാവാൻ സാധിക്കുമെന്നു അദ്ദേഹം വിചാരിച്ചിട്ടില്ല. അവൾ തന്റെ മടിക്കുത്തിൽനിന്നും ഒരു പൊതിയെടുത്തു, വളരെ ഉറച്ച ശബ്ദത്തിൽ പറഞ്ഞു:

"മിസ്റ്റർ, നായർ! എന്റെ മകൾ അവളുടെ അമ്മയെപ്പററി ഒരിക്കലെങ്കിലും കേൾക്കണമെന്നു ഞാൻ ആശിക്കുന്നില്ല. പക്ഷേ, അവളുടെ ബുദ്ധിമാനും, പ്രിയപ്പെട്ടവനുമായ അച്ഛൻ അവളുടെ അഭ്യുദയത്തെ കാംക്ഷിച്ചു, അവളുടെ അച്ഛനാവാൻ പ്രായമായ ഒരു പുരുഷനു—അയാൾ സമ്പന്നനും ഒരുപക്ഷേ സൽസ്വഭാവിതന്നെയും ആയിരിക്കാം—അങ്ങിനെയുള്ള പുരുഷനു് അവളെ വിവാഹം ചെയ്തുകൊടുക്കുമ്പോൾ അന്നേദിവസം അവളുടെ അമ്മയുടെ വക ഈ വിവാഹസമ്മാനം അവൾക്കു കൊടുക്കുക. ഇതാ, (അദ്ദേഹം അതു കൈനീട്ടി വാങ്ങിച്ചു.)

അവൾ പോയി, ആ കരിമ്പടംകൊണ്ടു അടിമുടി മൂടിക്കിടന്നു.

അന്നു പാതിര നേരത്തു്, തേങ്ങിത്തേങ്ങിക്കത്തുന്ന ആ വിളക്കിന്റെ മുമ്പിൽവെച്ചു് ആ പൊതി അഴിച്ചു നോക്കിയപ്പോൾ അദ്ദേഹം കണ്ടു—അമ്മയുടെ സമ്മാനം!

ഉള്ളാട്ടിൽ ശങ്കരക്കുട്ടിമേനോൻ ബി. എ.

# അണഞ്ഞുപോയ ദീപങ്ങൾ.

കൈരളീക്ഷേത്രത്തിലെ കനകദീപങ്ങൾ അനേകം ഒന്നിച്ച് അണഞ്ഞുപോയി. സാഹിത്യപഞ്ചാനനന്റെ അപ്രതീക്ഷിതനിര്യാണത്തെക്കുറിച്ചു കേരളീയർ കണ്ണീർപൊഴിച്ചു കഴിഞ്ഞില്ല; അതാ അപ്പോഴേക്കും കവിതിലകൻ കെ. പി. കറുപ്പന്റേയും പ്രൊഫസർ കൃഷ്ണൻ തമ്പിയുടേയും ജീവിതസമാപ്തി വന്നുകഴിഞ്ഞു. അക്കഥ അങ്ങോളമിങ്ങോളം ആളുകൾ അറിഞ്ഞുവരുന്നതേയുള്ളു. അതേപ്പററിയുള്ള വിലാപങ്ങൾ ഇന്നും അനേകത്ര മാറെറാലിക്കൊള്ളുന്നു. അതിന്നിടയിൽ അഹോ, ഭയങ്കരമായ മറെറാരശനിപാതം! ഏതു കരച്ചലിന്നും അറുതിവരുത്തുവാൻ സിദ്ധൌഷധമെന്നോണം വിളങ്ങിയിരുന്ന ആ ഫലിതമൂർത്തി – ശ്രീമാൻ ഇ. വി– അദ്ദേഹവും ദിവംഗതനായി. ഈശ്വര! ഈ ഇരുളിനു മീതെ വെളിച്ചമില്ലെന്നോ!!

മിസ്റ്റർ കറുപ്പൻ വാലസമുദായത്തിന്റെ നെടുന്തൂണായിരുന്നു. അധഃസ്ഥിതസമുദായങ്ങൾക്കു സാഹിതീസേവനത്തിന്നും മററും ഒരു പ്രകാരത്തിലും സൌകര്യമില്ലാതിരുന്ന കാലത്തു പ്രതിബന്ധങ്ങളെ നിശ്ശേഷം അതിലംഘിച്ചു സംസ്കൃതത്തിലും മലയാളത്തിലും ഒട്ടൊക്കെ ഉപസ്ഥിതി നേടി, കവിതാവാസനയോടുകൂടി അരങ്ങത്തിറങ്ങി മി. കറുപ്പൻ ഒരു ശതാബ്ദപാദത്തിലധികം കാലം ഉത്തരവാദപ്പെട്ട പല കാര്യങ്ങളിൽ ഏർപ്പെട്ടു തനിക്കും തന്റെ സമുദായത്തിനും വിശേഷിച്ചു തന്റെ ഭാഷയ്ക്കും അഭിമാനകരമായ വിജയം വരിക്കുകയുണ്ടായി. 'ബാലാകലേശ'ത്തിന്റെ നേരെ വർഷിക്കപ്പെട്ട ശരങ്ങൾ, ഏററവും നിശിതങ്ങളായിരുന്നിട്ടും അദ്ദേഹത്തിന്റെ ഉത്സാഹത്തെ ഹനിക്കുവാൻ സമർത്ഥങ്ങളായില്ല. പരാജയം വിജയത്തിലേക്കുള്ള ചവിട്ടുകല്ലാണെന്ന് അദ്ദേഹം വിശ്വസിക്കതന്നെ ചെയ്തു. സംസ്കാരവിനീതമായ പെരുമാററം, എന്തുവന്നാലും അണയാതെ നിറിപ്പിടിച്ചു കൊണ്ടിരുന്ന ഉത്സാഹം—ഇവ രണ്ടുമായിരുന്നു അദ്ദേഹത്തിന്റെ കൈമുതലുകൾ. അവയേന്തിക്കൊണ്ട് അദ്ദേഹം നടത്തിയ ദീർഘകാലത്തെ വ്യവസായം വേണ്ടുവോളം ഫലിച്ചിട്ടുണ്ടെന്ന് ആരും സമ്മതിക്കും. അദ്ദേഹം പണിപ്പെട്ടു ശേഖരിച്ച പഴയഗാനങ്ങളും സ്വയമേവ രചിച്ച മനോഹരങ്ങളായ ഈരടികളും അദ്ദേഹത്തിന്റെ അപദാനങ്ങൾ എന്നും കീർത്തിച്ചുപോരും.

പ്രൊഫസ്സർ കൃഷ്ണൻതമ്പി നലം തികഞ്ഞൊരു പണ്ഡിതനും രസം നിറഞ്ഞൊരു സഹൃദയനുമായിരുന്നു. തിരുവനന്തപുരത്തു സംസ്കൃതകോളേജിന്റെ പ്രിൻസിപ്പാൾ എന്ന നിലയിലും മഹാരാജാസ്

കോളേജിലെ പൌരസ്ത്യഭാഷാദ്ധ്യക്ഷനെന്ന നിലയിലും അദ്ദേഹത്തിനു നാനാപ്രകാരേണ ഭാഷാദേവിയെ ഉപാസിക്കുവാൻ സംഗതിയായിട്ടുണ്ട്. ആട്ടക്കഥകൾ, പ്രഹസനങ്ങൾ ഇത്യാദി മധുരോപഹാരങ്ങൾ ആ ദേവിയുടെ തൃച്ചേവടിയിൽ വികിരണം ചെയ്യാനും അദ്ദേഹത്തിനു ഭാഗധേയമുണ്ടായി. അടുത്തു തൃശ്ശൂർ വെച്ചു നടന്ന സാഹിത്യപരിഷൽ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു ആ മതിമാൻ കൈരളിയുടെ മഹിമാതിശയത്തെ പുരസ്കരിച്ചു ചെയ്തു ഉൽബോധനം ഇന്നും ഞങ്ങളുടെ കൎണ്ണങ്ങളിൽ മുഴങ്ങുന്നു. അദ്ദേഹത്തിൻെറ ശിഷ്യോപശിഷ്യപരമ്പരയിൽപ്പെട്ട അനേകശതം ബാലികാബാലന്മാരുടെ നിർമ്മലഹൃദയങ്ങളിൽനിന്നുയരുന്ന പ്രാൎത്ഥനകൾ അദ്ദേഹത്തിനു് ആത്മവിശ്രാന്തി സമാർജ്ജിക്കുമാറാകട്ടെ.

ഇനിയത്തെക്കഥ കാക്കുവാൻകൂടി വയ്യ. മി. ഇ. വി. ആധുനികമലയാളസാഹിത്യത്തിൽ, വിശേഷിച്ചു ഗദ്യവകുപ്പിൽ, ഒരു മഹാശക്തിയായിരുന്നു. സോമർസെററ് മോഘാം പറയുമ്പോലെ ഒരു സാഹിത്യകാരൻെറ ജീവിതത്തിൽ മുപ്പതിനും നാല്പത്തഞ്ചിനും മദ്ധ്യേയുള്ളകാലമാണു് ഏററവും ഫലവത്തെന്നു വിചാരിക്കുവാൻ മി. ഈ. വി. ഒന്നാന്തരം ദൃഷ്ടാന്തമായിരിക്കും. പത്തോ പതിനഞ്ചോ കൊല്ലത്തിനുള്ളിൽ അദ്ദേഹം എഴുതിക്കൂട്ടിയ ഗ്രന്ഥങ്ങൾക്കും ലേഖനങ്ങൾക്കും കണക്കില്ല. നോവൽ, കഥ, നാടകം, പ്രഹസനം, ഫലിതോപന്യാസം—ഇങ്ങനെ ഒട്ടേറെ രൂപങ്ങളിൽ ഗദ്യസാഹിത്യത്തെ ശക്തിയുക്തം പോഷിപ്പിക്കുവാൻ മി. ഈ. വി. ക്കു കഴിവുണ്ടായി. എന്തെല്ലാം മറിമായങ്ങൾ ഭാവിയിലെ സാഹിത്യചരിത്രകാരന്മാർ കാട്ടിക്കൂട്ടിയാലും മി. ഈ. വി. യുടെ ചൈതന്യം അവരുടെയെല്ലാം നിറുകയിൽച്ചവുട്ടിനിന്നുകൊണ്ടു കേരളീയരുടെ അഭിനന്ദനസംഭാവനങ്ങളെ കൈനീട്ടി വാങ്ങിക്കൊള്ളുമെന്നും വേണം പ്രതീക്ഷിക്കുവാൻ.

ചിരിയും ചിന്തയും ഒരാളിൽ ഒന്നിച്ചു പൊരുത്തിട്ടുണ്ടെങ്കിൽ അയാൾ ഭാഗ്യവാനാണെന്നു് ഒരു ചൊല്ലുണ്ട്. മി. ഈ. വി. അങ്ങനെയൊരാളായിരുന്നു. അദ്ദേഹത്തിൻെറ ജന്മം കേരളത്തിൽ എരിപൊരിക്കൊള്ളുന്ന എത്രയായിരം പേൎക്കു മനോവിശ്രമം നൽകി ആയുസ്സു ദീൎഘിപ്പിച്ചിട്ടുണ്ടെന്നു കണക്കെടുത്താൽ അദ്ദേഹം സമാർജ്ജിച്ച പുണ്യത്തിൻെറ വലിപ്പം മനസ്സിലാക്കാം. സാഹിത്യത്തിൽ അടുത്ത കാലത്തെങ്ങും പൂരിപ്പിക്കുവാൻ കഴിയാത്ത ഒരൊഴിവാണു അദ്ദേഹത്തിൻെറ നിൎയ്യാണം വരുത്തിയിട്ടുള്ളതെന്നു് അണുപോലും അതിശയോക്തികൂടാതെ പറയാം. അദ്ദേഹത്തിൻെറ ഫലിതസമ്പത്തു ദൈവദൂതന്മാരെക്കൂടി ആനന്ദപുളകം കൊള്ളിക്കുമാറാകട്ടെ.

പത്രാധിപർ.

# ഭാഷാവിഷയം.

## ആരോഗ്യകരമായ വിമർശം.

വിജാതീയശൈലികൾ പദാനുപദമായി വിവർത്തനം ചെയ്യുമ്പോൾ വരുന്ന ദോഷങ്ങൾക്കു ഇതൊരുദാഹരണമാണ്. ഇംഗ്ലീഷു വാക്കുകളിൽ ഓരോന്നിനും നിഘണ്ടു നോക്കി തർജ്ജിമ കണ്ടുപിടിച്ചും എല്ലാം ഒന്നിച്ചു കോർത്തിട്ടാൽ ഭാഷയിൽ ശൈലികളും വാക്യങ്ങളും വിലക്ഷണമാകുവാനും അർത്ഥം പിശകിപ്പോകുവാനും ഇടയുണ്ട്. Healthy Criticism എന്നതിലെ ഒന്നാമത്തെ വാക്കിന്നു ആരോഗ്യകരമെന്നും രണ്ടാമത്തേതിന്നു വിമർശമെന്നും പറഞ്ഞാൽ ശരിയല്ലേ? പക്ഷേ അവ രണ്ടും ഒന്നിച്ചു ചേർക്കുമ്പോഴാണു കുഴപ്പം. വിമർശത്തിന്നുണ്ടോ രോഗമില്ലായ്മയും മാറവം? Criticism എന്ന ശബ്ദത്തെ വിശേഷിപ്പിക്കുമ്പോൾ Healthy എന്നതിന്നു ഏതർത്ഥമാണു വിവക്ഷിതമായിരിക്കുന്നതെങ്കിൽ അതിനെ ഉദ്ദേശിച്ചുവേണം മലയാളത്തിൽ വിശേഷണം പ്രയോഗിക്കുവാൻ. അല്ലാതെ ഇങ്ങനെയൊക്കെ തർജ്ജിമ ചെയ്തുവിടുന്നവർ ഒരു പക്ഷെ Lordship നെ പ്രഭുകപ്പലാക്കുകയില്ലെന്നാരറിഞ്ഞു? ഇംഗ്ലീഷാദിയായ ഭാഷകളിൽ നിന്നുള്ള വിവർത്തനം പദാനുപദമാകാതിരിക്കുകയാണു് ഉചിതം.

## സംരംഭം.

ഈ ശബ്ദം ഒരുക്കം, പരിശ്രമം, ഉത്സാഹം, ആരംഭം ഇത്യാദി അർത്ഥങ്ങളിൽ മലയാളത്തിൽ പ്രയോഗിച്ചു വരുന്നുണ്ട്. പ്രയോഗദീപികാകർത്താവു നാനാർത്ഥാർണ്ണവസംക്ഷേപം ഉദ്ധരിച്ചുകൊണ്ടു 'സംരംഭ'ത്തിന്നു ക്രോധാദ്യർത്ഥങ്ങളേ ഉള്ളുവെന്നും മുകളിൽപ്പറഞ്ഞ അർത്ഥങ്ങളെ സൂചിപ്പിക്കുവാൻ അതുപയോഗിക്കരുതെന്നും പറഞ്ഞിരിക്കുന്നു. സംസ്കൃതത്തിലെ പ്രസിദ്ധാർത്ഥങ്ങൾമാത്രമേ മലയാളത്തിൽ സംസ്കൃതശബ്ദങ്ങൾക്കു കല്പിക്കാവു എന്നില്ല. പല ശബ്ദങ്ങൾക്കും നൂതനാർത്ഥങ്ങൾ ആരോപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പ്രചാരപ്രാചുര്യം അവയെ സാധൂകരിക്കുകയാണു് പതിവ്. സംരംഭത്തിന്റെ കാര്യം അങ്ങനെയൊന്നാണെന്നേയുള്ളൂ.

പുതിയ അൎത്ഥങ്ങൾ മിക്കപ്പോഴും ധാതപാൎത്ഥങ്ങളോടോ പ്രസിദ്ധാൎത്ഥങ്ങളോടൊ വിദൂരമായിട്ടെങ്കിലും ബന്ധപ്പെട്ടിരിക്കാറുണ്ട്. അതുകൊണ്ടു അവകളും ഒരു വിധത്തിൽ പൊറുക്കാമെന്നു വരുന്നു. ആരംഭാദ്യൎത്ഥങ്ങൾ സംരംഭശബ്ദത്തിൻെറ ധാതപാൎത്ഥത്തിൽനിന്നു് അകന്നിരിക്കുന്നില്ല. പിന്നെ എന്തിന് അവയെ ശപിച്ചു തള്ളുന്നു?

സംസ്കൃതത്തിൽപോലും ആരംഭം, ഉത്സാഹാതിശയം എന്നൊക്കെയുള്ള അൎത്ഥങ്ങളിൽ സംരംഭശബ്ദം പ്രയുക്തമായിട്ടില്ലെന്നില്ല. രഘുവംശം 12-ാം സൎഗ്ഗം 92-ാം പദ്യത്തിൽ "അന്യോന്യ ജയസംരംഭോ വവൃധേ വാദിനോരിവ" എന്നുണ്ടല്ലോ. അവിടത്തെ 'സംരംഭം' ക്രോധമോ യുദ്ധമോ അല്ല.

### അദ്ധ്യാത്മപരം.

ഇക്കൊല്ലത്തെ വിദ്വാൻപരീക്ഷയുടെ പ്രശ്നപത്രങ്ങളിലൊന്നിൽ ഇങ്ങനെ പ്രയോഗിച്ചുകാണുന്നു. ആത്മനി അധികൃതം എന്നൎത്ഥത്തിൽ അദ്ധ്യാത്മം പണ്ടേതന്നെ വിശേഷണമാണല്ലോ. 'പരം' നാമത്തെ വിശേഷണമാക്കുമ്പോഴേ ആവശ്യമായി വരാറുള്ളു. അദ്ധ്യാത്മത്തിൻെറ മീതെ ഈ പദംകൂടി വെച്ചു, വിശേഷിച്ചു വല്ല അൎത്ഥവും സൂചിപ്പിക്കണമെന്നു് ഉദ്ദേശിച്ചിട്ടുണ്ടോ ആവോ? എങ്ങനെയായാലും അദ്ധ്യാത്മം ഒരിടത്തും നാമമായി ഉപയോഗിച്ചു കണ്ടിട്ടില്ല. വല്ല വേദാന്തത്തിലും ഉണ്ടോ എന്നറിഞ്ഞുകൂടാ. ഉണ്ടെങ്കിൽത്തന്നെ സാധാരണാൎത്ഥത്തെ വിഗണിച്ചുകൊണ്ടു് ഇങ്ങനെയൊരു പുതിയ സൃഷ്ടി വിദ്വാൻപരീക്ഷകന്മാർ ചെയ്യേണ്ടിയിരുന്നില്ലെന്നു തോന്നുന്നു.

### അക്കൌണ്ട്സും ഫിനാൻസും കൺട്രോളർ.

കഴിഞ്ഞ ലക്കം കൈരളിയിൽ "ബട്ട്ളർ മലയാള"ത്തിൽ പ്രതീക്ഷിച്ചപോലെ ഇതാ പുതിയൊരു ചരക്കിറങ്ങിയിരിക്കുന്നു. ഇറക്കുമതിക്കാർ പത്രക്കാരാണെന്നു പറയേണ്ടല്ലോ. 'വിശ്വാമിത്ര ഭോ സൃഷ്ടിനിൎത്തു' എന്നു നെഞ്ഞത്തടിച്ചു നിലവിളിക്കയല്ലാതെ എന്തു ചെയ്യട്ടെ. Accounts and Finance Comptroller എന്നതിലെ സമുച്ചയം മാത്രം തൎജ്ജമ ചെയ്യു ലേഖകൻെറ ഔചിത്യബോധത്തിന്നു് ആയിരം വിദൂരനമസ്കാരം.

മല്ലിനാഥൻ.

**കുറിപ്പു്.**

എറണാകുളത്തുകാരനായ പി. മാധവമേനോനവർകൾ കാവ്യജീവിതവൃത്തിയിലെ ഏതാനും പ്രയോഗദോഷങ്ങളെപ്പററി ഭാഷാവിഷയപങ്ക്തിയിൽ എഴുതിയിരുന്നതു വായനക്കാർ ഓർക്കുമല്ലോ. അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾക്കു സമാധാനം പറഞ്ഞുകൊണ്ടു കല്ലായിയിൽ നിന്നു് ഒരു മി. എ. എസ്. മാധവൻ ദീർഘമായൊരു ലേഖനം ഇവിടെ അയച്ചുതരികയുണ്ടായി. ബിരുദമില്ലെങ്കിലും താനൊരു വ്യാകരണശിരോമണിയോ സാഹിത്യശിരോമണിയോ ആണെന്നു് അദ്ദേഹം ലേഖനംകൊണ്ടു തെളിയിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ യുക്തികളും പ്രമാണങ്ങളും ആദരിക്കുവാൻ ഞങ്ങൾ സന്നദ്ധരാണു്. എന്നാൽ ലേഖനം കണക്കിലധികം ഉദാഹരണങ്ങൾകൊണ്ടു വൃഥാസ്ഥൂലവും വിദ്വേഷവമനംകൊണ്ടു കലുഷിതവുമാകയാൽ പ്രസിദ്ധീകരിക്കുവാൻ തരപ്പെടാതെ പോയതിൽ ഞങ്ങൾ വ്യസനിക്കുന്നു.

കെ. പ.

# നിരൂപണപംക്തി.

## നവപുഷ്പമാല

(പി. എസ്. അനന്തനാരായണശാസ്ത്രി അവർകൾ)

പത്രമാസികാദികളുടെ കടിഞ്ഞിൽസ്സന്താനമായ ഉപന്യാസം ഇക്കഴിഞ്ഞ ഒരമ്പതുകൊല്ലത്തിനുള്ളിൽ നല്ലവണ്ണം പുഷ്ടിപ്പെട്ടിട്ടുണ്ട്. നമ്മുടെ സാഹിത്യകാരന്മാരിൽ ഉപന്യാസകർത്താക്കളല്ലാത്തവർ ചുരുങ്ങും. അതായിരിക്കണം അത്ര പെട്ടെന്നുള്ള വളർച്ചക്കു് കാരണം. എന്നാൽ ഇപ്പോഴും മലയാളത്തിൽ ഉപന്യാസങ്ങൾ കവിതകളേയോ കഥകളേയോപോലെ ആഹ്ലാദസന്ദായകമായൊരു സാഹിത്യവിഭാഗത്തെ സൃഷ്ടിച്ചിട്ടുണ്ടോ എന്ന കാര്യം സംശയാപന്നമായിരിക്കുന്നു. അതിനു കാരണം നമ്മുടെ പ്രബന്ധപ്രണേതാക്കളിൽ, R. L. S., Max; Gentle Elia, G. K. C., E. V. L., Robert dynd, ഇത്യാദി രസികശിരോമണികളുടെ വിപ്രകൃഷ്ടശിഷ്യന്മാർപോലും പേരിനു മാത്രമേ ഉള്ളു എന്നതാണ്. മിക്കവരുടേയും ഉപന്യാസങ്ങൾ കാര്യമാത്രബോധകങ്ങളും കേവലം അകർതൃവാച്യങ്ങളുമായിരിക്കുന്നു. വസ്തുരീത്യാദികളെ സംബന്ധിച്ചേടത്തോളം പറയത്തക്ക വൈചിത്ര്യമൊന്നും അവക്കില്ല. പഴയ വാർത്തക്കുറിപ്പുകൾ മൊട്ടുകളാണെങ്കിൽ അവ വിരിഞ്ഞുണ്ടായപൂക്കളാണ് നമ്മുടെ പ്രബന്ധങ്ങളിൽ അധികവും. അങ്ങനെയെങ്കിൽ അങ്ങനെ. ഭാഷയോ? തെററില്ലെന്നു വിശ്വസിച്ച് കുട്ടികൾക്കു വായിക്കുവാൻ ശുപാർശ ചെയ്യാവുന്ന പ്രബന്ധങ്ങളെഴുതുന്നവർ വളരെയില്ല. ഗീർവ്വാണവും അനുപ്രാസവും വാരിക്കോരി വിളമ്പുവാൻ വെമ്പുന്നവർ ധാരാളം. വസ്തുസ്ഥിതി ഇങ്ങനെയിരിക്കെ, നിർദ്ദോഷവും ലളിതകോമളവുമായ ഭാഷയിൽ ഒട്ടൊക്കെ കർത്തൃഭിപ്രായവിലസിതമായ രീതിയിൽ എഴുതപ്പെട്ട നാതിദീർഘങ്ങളായ ഏതാനും ഉപന്യാസങ്ങൾ കോർത്തിണക്കിയിട്ടുള്ള 'നവപുഷ്പമാല'യെ ആർ ധന്യവാദം ചെയ്യുന്നിയാതിരിക്കും? നമ്മുടെ ഉപന്യാസസാഹിത്യത്തിന്റെ ഭാവിശ്രേയസ്സിനു നിദാനഭൂതരായിട്ടുള്ള ചുരുക്കം ചില മതിശാലികളിൽ ഒരാളാണ് മി: ശാസ്ത്രിയെന്നു് 'നവപുഷ്പമാല'യിലെ ഓരോ ദളവും വിളംബരം ചെയ്യുന്നുണ്ട്.

## വിഷയങ്ങൾ.

ആകെ പന്ത്രണ്ടാണ് ഉപന്യാസങ്ങൾ. എല്ലാം സാഹിത്യവിഷയകങ്ങളാകുന്നു. അതുകൊണ്ടു് വിഷയങ്ങൾക്കു നാനാത്വമില്ലെന്നില്ല. ആചാര്യനിൽനിന്നു പഠിച്ച അലങ്കാരശാസ്ത്രം തിരിച്ചും മറിച്ചും പ്രതിപാദിച്ച് ശതക്കണക്കിനു ലേഖനങ്ങൾ രചിച്ചിറക്കുന്ന അരസികന്മാരുടെ സതീർത്ഥ്യനല്ലല്ലോ മി: ശാസ്ത്രി. തന്നിമിത്തം അദ്ദേഹം സാഹിത്യത്തിൽ നിതരാം ആസ്വാദ്യങ്ങളും സാഹിത്യമീമാംസയിൽ വിശേഷിച്ചവധാര്യങ്ങളുമായ ഏതാനും ഭാഗങ്ങൾ നല്ല തന്റേടത്തോടുകൂടി പൃഥക്കരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. 'ധ്വനികാരൻ' എന്നുള്ള ഒടുവിലെ ഉപന്യാസം 'ധ്വന്യാലോക'ത്തിലെ കാരികകളുടെ കർത്താവ് ആരാണെന്നാലോചിക്കുന്നതും തന്മൂലം സംസ്കൃതസാഹിത്യ ചരിത്രജ്ഞന്മാർക്കു മാത്രം കൌതുകം ജനിപ്പിക്കാവുന്നതുമാകുന്നു. 'പ്രകരണാന്തരങ്ങൾ' കാളിദാസാദിമഹാകവികളുടെ പ്രയോഗവിശേഷങ്ങളിൽ ആശുഗവേഗേന കണ്ണോടിക്കുന്നവക്കു് അവശ്യം വേണ്ടൊരു താക്കീതായിട്ടുണ്ട്. അഞ്ചാമത്തെ പ്രബ

ന്ധം, ആയിരക്കണക്കിന്നു പദ്യങ്ങളെഴുതിയിട്ടും കാളിദാസക്കു പററിയിട്ടുള്ള പിഴകൾ എത്ര കുറച്ചാണെന്നും, അവ തന്നെ തീരെ നിരാധാരങ്ങളെന്നു പറയാൻ സംശയിക്കണമെന്നും ഉൽബോധിപ്പിക്കുന്നതാണു്. പതിനൊന്നാമത്തെ പ്രബന്ധം സൂക്ഷിച്ചുവായിച്ചാൽ ഭാഷ്യകാരൻ വ്യാകരണ വിഷയകമായി വ്യവഹരിക്കുമ്പോൾ എത്ര മാത്രം സഹൃദയത്വം കാണിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. 'കാവ്യഭേദങ്ങൾ' ധ്വനിയെ ആസ്പദമാക്കി ആലങ്കാരികന്മാർ ചെയ്തിട്ടുള്ള കാവ്യവിഭാഗത്തിന്റെ സ്വരൂപത്തെ പ്രദർശിപ്പിക്കുന്നു. കാന്താരഭയാനകങ്ങളായ സമാസങ്ങളും വാക്യങ്ങളും കൂടാതെ സാഹിത്യമീമാംസാംശങ്ങൾ വിവരിച്ചു കൂടന്നു കരുതി മണ്ഡൂകബുദ്ധ്യാ സമാശ്വസിക്കുന്നവർക്കു് ഈ ഉപന്യാസത്തിന്റെ പാരായണം ഒരു സിദ്ധൌഷധമായിരിക്കും. ഭാരതീയ സാഹിത്യാദർശം, മേഘപ്രാദുർഭാവം, ശാകുന്തളേ ചതുർത്ഥാങ്കഃ, ഭവഭൂതി, ഉത്തരരാമചരിതത്തിലെ പ്രധാനരസം, സീത, കരുണ, എന്നീ ശിഷ്ടം പ്രബന്ധങ്ങൾ നല്ലതികഞ്ഞ സാഹിത്യനിരൂപണങ്ങളാകുന്നു.

## പാണ്ഡിത്യവും പരിപാകവും.

എന്തെഴുതുമ്പോഴും അറിവിന്റെ വൈപുല്യം കാണിക്കണമെന്നുള്ള ഭാവത്തോടുകൂടി, കണ്ടതും കേട്ടതുമെല്ലാം യാതൊരു വിവേചനവുമെന്നിയേ കടലാസ്സിൽ ഉന്തിക്കയററി വായനക്കാരെ മനഃപൂർവ്വം ഉപദ്രവിക്കുന്ന ഒരു വക ലേഖകന്മാരുണ്ടു്. അവരുടെ പാണ്ഡിത്യവും ദഹിക്കാത്ത ഭക്ഷണവും തമ്മിൽ ഭേദമില്ല. മി. ശാസ്ത്രിക്കു് പഠിപ്പുണ്ടു്, പരിചയമുണ്ടു്, പരിപാകവുമുണ്ടു്. ഏതു പ്രബന്ധത്തിലും വിസ്പഷ്ടമാകുന്നു അതുകൊണ്ടുള്ള മെച്ചം. അതിവിസ്തരമോ അപ്രകൃതാനുസന്ധാനമോ അനാവശ്യോദ്ധാരണമോ യാതൊരു വിഷയത്തിലും ഇല്ല. ഓരോ സംഗതിയിലും തനിക്കുള്ള അവഗാഹം, മാർമ്മികങ്ങളായ കഥനങ്ങൾകൊണ്ടു് ശാസ്ത്രി അവർകൾ വിശദമാക്കിയിട്ടുണ്ടു്. വിപക്വമായ ജ്ഞാനം, വിഷയങ്ങളുടെ നിപുണമായ ഉപപാദനത്തിന്നു അദ്ദേഹത്തെ എത്രകണ്ടു് സഹായിച്ചിട്ടുണ്ടെന്നതിന്നു്, 1, 2, 4, 8, 10 എന്നീ പ്രബന്ധങ്ങൾ പ്രത്യേകിച്ചു് ലക്ഷ്യങ്ങളാകുന്നു.

## സ്വതന്ത്രനായ നിരൂപകൻ.

സംസ്കൃതം പഠിച്ചവക്കു് യാഥാസ്ഥിതികത്വം കൂടപ്പിറപ്പാണെന്നൊരു ചൊല്ലുണ്ടു്. അതിനെ അന്വൎത്ഥമാക്കാൻ നോക്കിയിട്ടുള്ള വ്യക്തികൾ ഇക്കാലത്തും ഇല്ലെന്നില്ല. ആ പഴയ ഉത്സൎഗ്ഗത്തിനു് പുതിയൊരു അപവാദമാണു് മി. ശാസ്ത്രിയെന്നു കാണുന്നതിൽ ഞങ്ങൾക്കു് വലിയ സന്തോഷമുണ്ടു്. അഗാധമായ ജ്ഞാനവും ദീൎഘമായ പരിചയവും വിവേകത്തോടു സംഘൎഷണം ചെയ്യുമ്പോൾ ലബ്ധമാകുന്ന സംസ്കാരവിശേഷം നിമിത്തം ഓരോ വിഷയവും സ്വതന്ത്രമായി നിരൂപിക്കുവാൻ അദ്ദേഹം സമൎത്ഥനായിരിക്കുന്നു. ഭാരതീയരുടെ സാഹിത്യാദർശം, മലയാളത്തിലെ പ്രാസഭ്രമം, മേഘത്തെ സന്ദേശഹരനാക്കിയ മഹാകവിയുടെ ഔചിത്യബോധം, ഉത്തരരാമചരിതത്തിലെ രസം, 'കരുണ'യെപ്പററിയുണ്ടായ അനാസ്പദങ്ങളായ ആക്ഷേപങ്ങൾ, ഇത്യാദികളെ അധികരിച്ചുള്ള വ്യവഹാരങ്ങൾ അദ്ദേഹം പടിഷ്ഠനും സ്വതന്ത്രനുമായ ഒരു സാഹിത്യ നിരൂപകനാണെന്നു വ്യക്തമാക്കുന്നുണ്ടു്.

രണ്ടാമത്തെ പ്രബന്ധത്തിൽ 'രീതിരാത്മാ കാവ്യസ്യ' എന്നുള്ള വാമനോക്തിയെ വിമർശിക്കുന്ന കൂട്ടത്തിൽ വൎണ്ണസംഘടനാരൂപമാണു് രീതിയെന്നും അതിനെ ആത്മസ്ഥാനീയമാക്കുന്നതു് അയുക്തമാണെന്നും ഗ്രന്ഥകാരൻ സൂചിപ്പിച്ചിട്ടുണ്ടു്. വാമനമതത്തെ വാസ്തവത്തിൽ കുറെക്കൂടി വ്യാപകമാക്കി വ്യാഖ്യാനിച്ചുകൂടേ എന്നു ഞങ്ങൾ സംശയിക്കുന്നു. രീതി, വൎണ്ണസംഘടനാരൂപത്തിൽ കവിഞ്ഞ ഒന്നാകുമ്പോ

ഴല്ലേ ആധുനികന്മാരുടെ 'സൈ്ററ'ലിന്നു സമമാണെന്നു പറയാവൂ? 'Style is thin=king out into language' എന്നാണല്ലോ വിദ്വന്മതം

6-ം, 7-ം, പ്രബന്ധങ്ങൾ അല്പംകൂടി നീണ്ടാലും തരക്കേടു വരില്ലായിരുന്നു. ആദ്യത്തേതിൽ ശാകുന്തളത്തിലെ നാലാമങ്കത്തിൽ നിന്നുള്ള ശ്ലോകചതുഷ്ടയം കഴിച്ചാൽ ബാക്കിയുള്ള ഖണ്ഡികകൾ നാലോ അഞ്ചോ മാത്രമേ ഉള്ളു. അവ മതിയായോ എന്നൊരു സംശയം. 'ഭവഭൂതി'യെപ്പററിയുള്ള ഉപന്യാസം വായിക്കുമ്പോഴും ഇങ്ങനെ തോന്നുന്നില്ലെന്നില്ല. ഒരു പക്ഷെ വിദ്യാൎത്ഥികൾക്കു ദിങ്മാത്രസൂചനങ്ങളായിട്ടായിരിക്കാം ഗ്രന്ഥകാരൻ അവയെ ഉദ്ദേശിച്ചിട്ടുള്ളതു്. ആ നിലയിൽ വലിയ പോരായ്മയില്ലെന്നു പറയാം.

## ഭാഷയും പ്രതിപാദനസമ്പ്രദായവും.

ഉചിതപദനിബന്ധനത്തിൽ മി. ശാസ്ത്രി വേണ്ടുവോളം നിഷ്കൎഷിച്ചിട്ടുണ്ടു്. അനുപ്രാസത്തിനുവേണ്ടിയുള്ള വളച്ചുകെട്ടുകൾ, അനാവശ്യസംസ്കൃതപ്രയോഗങ്ങൾ കാടും പടലും കെട്ടിവലിച്ചുകൊണ്ടുവരുന്ന ദീൎഘസമാസങ്ങൾ, ശ്വാസം മുട്ടിക്കുന്ന നെടുങ്കൻ വാക്യങ്ങൾ, കണക്കിൽ കവിഞ്ഞ ഉദ്ധരണങ്ങൾ, അസ്ഥാനസ്ഥങ്ങളായ അലങ്കാരങ്ങൾ,ഇവയൊക്കെ നീക്കിയാൽ ഇന്നത്തെ മലയാളഗദ്യം എത്രമാത്രം സുന്ദരമാകുമെന്നു് സ്പഷ്ടമാക്കുവാൻ 'നവപുഷ്പമാല'യിലെ ഗദ്യം വിശേഷിച്ചുപകരിക്കും.

മി. ശാസ്ത്രിക്കു് പ്രസന്നപ്രൌഢമായൊരു പ്രതിപാദനരീതി പണ്ടേ വശീഭവിച്ചിട്ടുണ്ടു്. അതു ഈ ഗ്രന്ഥത്തിലും കാണുന്നു. ഏതു കാൎയ്യവും താൻ എത്രവിശദമായി മനസ്സിലാക്കിയിട്ടുണ്ടോ അത്രതന്നെ വിശദമായി അനുവാചകന്മാരേയും ധരിപ്പിക്കുകയാണു് ഉത്തമ ഗദ്യകാരൻെറ ധൎമ്മം. അതു നിൎവ്വഹിക്കേണമെങ്കിൽ ഗദ്യരീതി ഏററവും പ്രസന്നമായിരിക്കണം. മി. ശാസ്ത്രി അക്കഥ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ടു്.

There is the clearness which yet does not insult the reader by ascribing to him undue ignorance; the suggestion of something behind that gets his mind to work for itself on the subject in hand; the apt, frequently disguised, quotation that comes to a man from limited and careful rather than from wide and superficial reading; the loving choice of words and images; the gusto of colloquial idiom that never tumbles over into unacknowledged slang the humour that deals its shrewd thrusts at a score of popular fallacies, and lights up the argument of nearly every page എന്നിങ്ങിനെ C. E. Montague ഇംഗ്ലീഷ്ഗദ്യത്തെക്കുറിച്ചു് ചെയ്തിട്ടുള്ള നിൎദ്ദേശങ്ങൾ മലയാളത്തിനും അക്ഷരം പ്രതി കൈക്കൊള്ളാവുന്നതാണു്. മി. ശാസ്ത്രിയുടെ ഗദ്യരീതി ഏതദ്ധൎമ്മങ്ങളെ മിക്കവാറും ഉദാഹരിക്കുന്നുണ്ടു്. മേഘപ്രാദുൎഭാവത്തിലെ രീതി വിശേഷിച്ചഭിനന്ദനീയമാണു്. കൎത്രഭിപ്രായഭാസുരമായ ഗദ്യരീതി ഇംഗ്ലീഷിൽനിന്നു മലയാളത്തിലേക്കു് പകൎന്നു കഴിഞ്ഞിട്ടില്ല. ഈ പ്രബന്ധം ആ വിശിഷ്ടരീതിക്കു് ദൃഷ്ടാന്തമാകുന്നു.

മി. ശാസ്ത്രി ശോഭയും സൌരഭ്യവും ഒന്നിച്ചിണങ്ങിയ ഇത്തരം പുഷ്പമാല്യങ്ങൾ ഭാഷാദേവിയുടെ കണ്ഠത്തിൽ ഇനിയുംചാൎത്തുവാൻ ഇടയാകുമാറാകട്ടെ.

കൈരളി.

ശ്രീമതി ബാലാമണിയമ്മയുടെ 'ധൎമ്മമാൎഗ്ഗത്തിൽ', ബ്രഹ്മശ്രീ പാഴൂർനമ്പൂതിരിപ്പാടിൻെറ ഹരിഗാനം--ഇവ കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. അഭിപ്രായം വഴിയെ.

കൈ. പ.

A61